കേരള സർക്കാർ
(സംഗ്രഹം)

പത്താം പഞ്ചവത്സര പദ്ധതി – തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികേന്ദ്രീകൃതാസൂത്രണം – പരിഷ്ക്കരിച്ച മാർഗ്ഗരേഖ – അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തിക കാര്യ(എ) വകുപ്പ്

ജി.ഒ. (എം.എസ്) നമ്പർ 40/2004/പ്ലാനിംഗ് തിരുവനന്തപുരം, 2004, മാർച്ച് 31

---

പരാമർശം:–

1. 06.06.2002–ലെ ജി.ഒ. (എം.എസ്) 20/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
2. 29.08.2002–ലെ ജി.ഒ. (എം.എസ്) 34/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
3. 24.09.2002–ലെ ജി.ഒ. (എം.എസ്) 39/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
4. 30.09.2002–ലെ ജി.ഒ. (എം.എസ്) 41/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
5. 29.10.2002–ലെ ജി.ഒ. (എം.എസ്) 50/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
6. 18.11.2002–ലെ ജി.ഒ. (എം.എസ്) 56/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
7. 13.12.2002–ലെ ജി.ഒ. (എം.എസ്) 61/2002/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
8. 14.02.2003–ലെ ജി.ഒ. (എം.എസ്) 32/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
9. 25.02.2003–ലെ ജി.ഒ. (എം.എസ്) 36/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
10. 29.03.2003–ലെ ജി.ഒ. (എം.എസ്) 47/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
11. 20.05.2003–ലെ ജി.ഒ. (എം.എസ്) 52/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
12. 31.05.2003–ലെ ജി.ഒ. (എം.എസ്) 54/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
13. 11.07.2003–ലെ ജി.ഒ. (എം.എസ്) 59/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
14. 29.07.2003–ലെ ജി.ഒ. (എം.എസ്) 61/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
15. 01.09.2003–ലെ ജി.ഒ. (എം.എസ്) 65/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
16. 12.11..2003–ലെ ജി.ഒ. (എം.എസ്) 71/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവ്
17. 12.07.2002–ലെ 4248(1)/എ1/2002/പ്ലാനിംഗ് നമ്പർ സർക്കുലർ
18. 12.07.2002–ലെ 4248(2)/എ1/2002/പ്ലാനിംഗ് നമ്പർ സർക്കുലർ
19. 22.10.2003–ലെ 12498/എ1/2002/പ്ലാനിംഗ് നമ്പർ സർക്കുലർ
20. 03.01.2003–ലെ 140/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
21. 10.02.2003–ലെ 2038/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
22. 26.03.2003–ലെ 4224/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
23. 28.03.2003–ലെ 4285/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
24. 26.07.2003–ലെ 9462/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
25. 20.08.2003–ലെ 10391/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
26. 29.09.2003–ലെ 11783/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
27. 04.11.2003–ലെ 13153/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
28. 02.12.2003–ലെ 14271/എ1/2003/പ്ലാനിംഗ് നമ്പർ സർക്കുലർ
29. 28.01.2004–ലെ 1344/എ1/2004/പ്ലാനിംഗ് നമ്പർ സർക്കുലർ
30. 28.01.2004–ലെ 2683/എ1/2004/പ്ലാനിംഗ് നമ്പർ സർക്കുലർ

## ഉത്തരവ്

തദ്ദേശ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതി തയ്യാറാക്കുന്നതിനുള്ള വിശദമായ മാർഗ്ഗരേഖ മുകളിൽ ഒന്നാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾ പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കി നിർവഹണം നടത്തുന്നതിനുള്ള പ്രത്യേക മാർഗ്ഗനിർദ്ദേശങ്ങൾ മുകളിൽ പന്ത്രണ്ടാമതായി പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവ് പ്രകാരവും പുറപ്പെടുവിച്ചിട്ടുണ്ട്. അടിസ്ഥാന മാർഗ്ഗരേഖയ്ക്ക് പരിഷ്ക്കാരങ്ങളും അധിക

നിർദ്ദേശങ്ങളും മുകളിൽ 2 മുതൽ 11 വരെയും 13 മുതൽ 16 വരെയും പരാമർശിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളിലും 17 മുതൽ 30 വരെയുള്ള സർക്കുലറുകളിലും നിർദ്ദേശിച്ചിട്ടുണ്ട്.

മുകളിൽ പരാമർശിച്ചിട്ടുള്ളതിൽ 31.05.2003–ലെ ജി.ഒ.(എം.എസ്) 54/2003/ പ്ലാനിംഗ് നമ്പർ ഉത്തരവ് ഒഴികെ മറ്റ് സർക്കാർ ഉത്തരവുകളും സർക്കുലറുകളും അസാധുവാക്കി കൊണ്ട് പത്താം പഞ്ചവത്സര പദ്ധതിയുടെ തുടർന്നുള്ള കാലയളവിൽ ഉപയോഗിക്കുന്നതിന് ഈ ഉത്തരവിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ അംഗീകരിച്ച് സർക്കാർ ഉത്തരവാകുന്നു. 31.05.2003–ലെ ജി.ഒ. (എം.എസ്) 54/2003/ പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിലെയും ഈ ഉത്തരവിൽ പട്ടികവർഗ്ഗ ഉപപദ്ധതി സംബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിലാണ് പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കേണ്ടത്.

ഗവർണറുടെ ഉത്തരവിൻ പ്രകാരം

എസ്. എം. വിജയാനന്ദ്
ഗവൺമെന്റ് സെക്രട്ടറി (ആസൂത്രണം)

1. പഞ്ചായത്ത് ഡയറക്ടർ
2. ഗ്രാമവികസന കമ്മീഷണർ
3. നഗരകാര്യ വകുപ്പ് ഡയറക്ടർ
4. പ്രിൻസിപ്പൽ സെക്രട്ടറി, ഗ്രാമവികസനം
5. ഗവൺമെന്റ് സെക്രട്ടറി, തദ്ദേശസ്വയം ഭരണം
6. എല്ലാ പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും ഗവൺമെന്റ് സെക്രട്ടറിമാർക്കും
7. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
8. പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടർ (അടിയന്തിര പത്രക്കുറിപ്പിന്)
9. എല്ലാ ജില്ലാ ആസൂത്രണ സമിതി ചെയർപേഴ്സൺമാർക്കും
10. എല്ലാ ജില്ലാ കളക്ടർമാർക്കും ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിമാർക്കും
11. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
12. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
13. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
14. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
15. എല്ലാ മുനിസിപ്പൽ ചെയർപേഴ്സൺമാർക്കും സെക്രട്ടറിമാർക്കും
16. ചെയർമാൻ, കേരള സംസ്ഥാന വൈദ്യുതി ബോർഡ് (ഉപരിപത്രം സഹിതം)
17. മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (ഉപരിപത്രം സഹിതം)
18. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി (ഉപരിപത്രം സഹിതം)
19. മാനേജിംഗ് ഡയറക്ടർമാർ/ ചീഫ് എക്സിക്യൂട്ടീവുമാർ/പെതുമേഖലാ സ്ഥാപനങ്ങൾ/ കോർപ്പറേഷനുകൾ / ബോർഡുകൾ / സ്വയം ഭരണ സ്ഥാപനങ്ങൾ (ഉപരിപത്രം സഹിതം)
20. ഡയറക്ടർ, പെതു വിദ്യാഭ്യാസ വകുപ്പ്
21. ഡയറക്ടർ, പട്ടികജാതി വികസനം
22. ഡയറക്ടർ, പട്ടികവർഗ്ഗ വികസനം
23. ഡയറക്ടർ, കോളേജിയറ്റ് വിദ്യാഭ്യാസം
24. ഡയറക്ടർ, സാങ്കേതിക വിദ്യാഭ്യാസം
25. എല്ലാ വകുപ്പ് തലവൻമാർക്കും
26. ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ
27. എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
28. എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
29. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
30. കൺവീനർ, സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി, കാനറാ ബാങ്ക്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
31. ജില്ലാതല ബാങ്കിംഗ് കമ്മിറ്റികളുടെ എല്ലാ കൺവീനർമാർക്കും (ഉപരിപത്രം സഹിതം)
32. സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും
33. ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്
34. സ്റ്റേറ്റ് പെർഫോർമൻസ് ആഡിറ്റ് ഓഫീസർ
35. ജനറൽ സെക്രട്ടറി, കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ

36. സെക്രട്ടറി, കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ
37. സെക്രട്ടറി, മുനിസിപ്പൽ ചെയർപേഴ്സൺമാരുടെ ചേംബർ
38. സെക്രട്ടറി, ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാരുടെ ചേംബർ
39. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)
40. അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

***പകർപ്പ്:***

1. മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിക്ക്
2. തദ്ദേശസ്വയം ഭരണവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
3. ഗ്രാമവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
4. മറ്റു മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
5. സംസ്ഥാന ആസൂത്രണ ബോർഡ് വൈസ് ചെയർമാന്റെ പ്രൈവറ്റ് സെക്രട്ടറിക്ക്
6. ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്
7. വികേന്ദ്രീകൃത ആസൂത്രണ സംസ്ഥാനതല കോർഡിനേഷൻ സമിതി അംഗങ്ങൾക്ക്
8. ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ്
9. തദ്ദേശസ്വയം ഭരണ വകുപ്പ്
10. ഗ്രാമവികസന വകുപ്പ്

## തദ്ദേശഭരണ സ്ഥാപനങ്ങൾ പത്താം പഞ്ചവത്സര പദ്ധതിയ്ക്ക് രൂപീകരിച്ചിട്ടുള്ള സംയോജിത പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള പരിഷ്ക്കരിച്ച മാർഗ്ഗരേഖ

1. പശ്ചാത്തലം

1.1. പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പഞ്ചവത്സര പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പഞ്ചവത്സര പദ്ധതിയിൽ നിന്ന് 2002–03, 2003–04 വർഷങ്ങളിൽ രണ്ട് വാർഷിക പദ്ധതികൾ നടപ്പിലാക്കി കഴിഞ്ഞു. ആദ്യത്തെ രണ്ട് വർഷത്തെ അനുഭവപാഠങ്ങൾ ഉൾക്കൊള്ളുവാനും, തദ്ദേശഭരണ സ്ഥാപനങ്ങൾ ഉന്നയിച്ചിട്ടുള്ള പ്രശ്നങ്ങൾ പരിഹരിക്കുവാനും, ശ്രദ്ധയിൽപ്പെട്ടിട്ടുള്ള പോരായ്മകൾ പരിഹരിക്കുവാനും, വിടവുകൾ നികത്തുവാനും പത്താം പഞ്ചവത്സര പദ്ധതിയിലെ അവശേഷിക്കുന്ന മൂന്ന് വർഷങ്ങളിലേയ്ക്ക് പദ്ധതി ആസൂത്രണ മാർഗ്ഗരേഖ പരിഷ്ക്കരിക്കേണ്ടത് ആവശ്യമായി തീർന്നിട്ടുണ്ട്.

1.2. പത്താം പഞ്ചവത്സര പദ്ധതിയുടെ ആദ്യത്തെ രണ്ട് വർഷത്തെ ആസൂത്രണ നിർവഹണ പ്രവർത്തന രീതികളുടെ സവിശേഷതകളിലൊന്ന് പ്രചരണ സമീപനത്തിൽ (campaign approach) നിന്നും വ്യവസ്ഥാപിതവല്ക്കരണ (institutionalization) ത്തിലേയ്ക്കുള്ള മാറ്റമായിരുന്നു. അതിന്റെ ഉദ്ദേശ്യം തദ്ദേശഭരണ സ്ഥാപനങ്ങൾ യഥാർത്ഥ പ്രാദേശിക സ്വയംഭരണ ഗവൺമെന്റുകളായി പക്വത നേടുന്നു എന്ന് ഉറപ്പാക്കുകയായിരുന്നു. നിർഭാഗ്യവശാൽ സംസ്ഥാനത്തിന്റെ സാമ്പത്തിക ഞെരുക്കം (fiscal stress) കാരണം വിഭവങ്ങൾ വെട്ടിച്ചുരുക്കേണ്ടിവന്നിട്ടുണ്ട്. അത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ അംഗീകരിച്ച പദ്ധതികൾ ഭേദഗതി ചെയ്യുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഈ നടപടികൾ ആസൂത്രണ പ്രക്രിയയിൽ വരുത്തിയ വ്യതിയാനങ്ങൾക്ക് പരിഹാരം കാണുകയെന്നതും ഈ മാർഗ്ഗരേഖയുടെ ഉദ്ദേശ്യമാണ്.

2. ലക്ഷ്യങ്ങൾ

2.1. പത്താം പഞ്ചവത്സര പദ്ധതിയിൽ ശേഷിക്കുന്ന കാലയളവിലേയ്ക്കുള്ള കാതലായ ലക്ഷ്യങ്ങൾ (core objectives) ചുവടെ വിവരിക്കുന്നതു പ്രകാരം മാറ്റമില്ലാതെ തുടരുന്നതാണ്:–

(1) കൃഷിയും അനുബന്ധ മേഖലകളും, പരമ്പരാഗത വ്യവസായങ്ങൾ, ചെറുകിട വ്യവസായങ്ങൾ എന്നീ മേഖലകളിൽ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് തൊഴിലവസരങ്ങൾ ഉണ്ടാക്കുന്നതിനും ദാരിദ്ര്യം ലഘൂകരിക്കുന്നതിനും ഊന്നൽ നല്കുന്ന തരത്തിലുള്ള പ്രാദേശിക സാമ്പത്തിക വികസനം (Local Economic Development) ത്വരിതപ്പെടുത്തുക;

(2) കൂടുതൽ മെച്ചപ്പെട്ട സാമൂഹ്യ നീതി കൈവരിക്കുക; സ്ത്രീ പുരുഷ അസമത്വം കുറയ്ക്കുക;

(3) പ്രകൃതിദത്ത വിഭവങ്ങളുടെ പരിപാലനത്തിനും സംയോജിത വികസനത്തിനും ഊന്നൽ നല്കുക;

(4) ആരോഗ്യം, വിദ്യാഭ്യാസം, കുടിവെള്ള വിതരണം, ഖരമാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ശുചിത്വ സൗകര്യങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ (disabled) ക്ഷേമം എന്നീ മേഖലകൾക്ക് പ്രത്യേകം ശ്രദ്ധ നൽകി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രദാനം ചെയ്യുന്ന അടിസ്ഥാന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കുക;

(5) പ്രതികരണശേഷി, സുതാര്യത, പൊതുജനപങ്കാളിത്തം, പങ്കാളിത്ത പരിപാലനം എന്നീ പ്രക്രിയകളെ ആധാരമാക്കി ഭരണ നിർവഹണം മെച്ചപ്പെടുത്തുക;

(6) വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിൽ മെച്ചപ്പെട്ട കാര്യക്ഷമത കൈവരിക്കുക.

2.2. മുകളിൽ വ്യക്തമാക്കിയിട്ടുള്ള ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിന് സ്റ്റേക്ക്ഹോൾഡർമാരുടെ (stakeholders) കൂട്ടായ്മയിലൂടെയും സ്വയം സഹായത്തിലൂടെയും സമൂഹത്തിന്റെ സംയുക്ത പരിശ്രമങ്ങളിലൂടെയും വികസന പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തുന്നതിനുള്ള പ്രേരകഘടകമായി തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രവർത്തിക്കും എന്ന് പ്രതീക്ഷിക്കുന്നു പെതുപണം ഏറ്റവും നിർണ്ണായക ആവശ്യങ്ങൾക്ക് മാത്രം വിനിയോഗിക്കുന്നതിനുള്ള ഒരു സമീപനമാണ് സ്വീകരിക്കേണ്ടത്. അതിലൂടെ പൊതു വിഭവങ്ങളുടെ നിക്ഷേപത്തേക്കാൾ ബൃഹത്തും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനിയെ ഏറ്റെടുക്കാൻ കഴിയുന്നതിനേക്കാൾ വിശാലവും ആയ പദ്ധതികൾ ആവിഷ്ക്കരിക്കാവുന്നതാണ്.

3. വിഭവ വിനിയോഗം

3.1. നാമമാത്ര വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിന് ചെലവുകളിൽ മിതവ്യയവും കാര്യശേഷിയും ഉറപ്പു വരുത്തണമെന്ന് വ്യക്തമായ നിർദ്ദേശങ്ങൾ നല്കിയിരുന്നു. എങ്കിലും മിക്ക തദ്ദേശഭരണ സ്ഥാപനങ്ങളും ആ നിർദ്ദേശങ്ങൾ പ്രയോഗത്തിൽ കൊണ്ടുവരാത്തതുകാരണം, പാഴ്ചെലവുകൾ ഉണ്ടാകുന്ന വ്യർത്ഥമായ പല പരിപാടികളും അവയുടെ പദ്ധതികളിൽ ഇപ്പോഴും കടന്നു കൂടുന്നുണ്ട്.

3.2. പദ്ധതി തയ്യാറാക്കുമ്പോൾ, പദ്ധതി പണത്തിന്റെ മൂല്യം തദ്ദേശഭരണ സ്ഥാപനങ്ങൾ പരമാവധി സൂഷ്മ ബോധത്തോടെ ഉൾക്കൊള്ളേണ്ടതുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതം ഗ്രാന്റായിട്ടാണ് നല്കുന്നതെങ്കിലും ആ തുകയുടെ 80 ശതമാനത്തോളം സംസ്ഥാന ഗവൺമെന്റ് വായ്പ വാങ്ങുന്നതാണ്. അതിന് ഏകദേശം 11 ശതമാനമാണ് വാർഷിക പലിശ. ഇത് അർത്ഥമാക്കുന്നത് പദ്ധതി നിക്ഷേപത്തെക്കുറിച്ച് തീരുമാനിക്കുമ്പോൾ, ഒരു നിശ്ചിത കാലയളവിനകം സംസ്ഥാന സമ്പദ്വ്യവസ്ഥയിലേയ്ക്ക് തിരിച്ചുവരവ് ഉണ്ടാകുമെന്നും അതിലൂടെ വായ്പ തിരിച്ചടയ്ക്കുന്നതിനും ആസ്തികൾ പരിപാലിക്കുന്നതിനും ഭാവിയിൽ വർദ്ധിച്ച രീതിയിൽ പുനർനിക്ഷേപം നടത്തുന്നതിനും കഴിയുമെന്ന് ഉറപ്പുവരുത്തുന്നതിൽ, വേണ്ടത്ര ശ്രദ്ധ ചെലുത്തണമെന്നാണ്. വിഭവങ്ങളുടെ മൂല്യത്തെയും ദൗർലഭ്യത്തെയും കുറിച്ചുള്ള ധാരണയോടെയാകണം പണം ചെലവ് ചെയ്യുന്നതിന് തീരുമാനം എടുക്കേണ്ടത്.

3.3. രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ ശുപാർശകൾ ഗവൺമെന്റ് അംഗീകരിച്ചതു പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആസ്തികളുടെ അറ്റകുറ്റപ്പണിക്കും പൊതു ആവശ്യങ്ങൾക്കും വർദ്ധിച്ച തോതിൽ ഗ്രാന്റ് ലഭിക്കുന്നതാണ്. എങ്കിലും കൈമാറ്റം ചെയ്ത ചുമതലകൾ നിറവേറ്റുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ അധിക വിഭവ സമാഹരണം നടത്തേണ്ടിയിരിക്കുന്നു. അതിനുള്ള ഉപാധികൾ ചുവടെ നല്കുന്നു:-

(1) അടിത്തറ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ വസ്തു നികുതി (property tax) സമ്പ്രദായം നടപ്പിലാക്കുക;
(2) തൊഴിൽ നികുതി നല്കുവാൻ ബാദ്ധ്യസ്ഥരായവരെയെല്ലാം നികുതി വലയത്തിൽ ഉൾപ്പെടുത്തുന്നതിന് പ്രത്യേക ക്യാമ്പയിൻ സംഘടിപ്പിക്കുക:
(3) വിനോദ നികുതി ചോർച്ച (ശോഷണം) ഒഴിവാക്കുക;
(4) പുതിയതായി പ്രദാനം ചെയ്യുന്ന സേവനങ്ങളുടെ ചെലവ് പൂർണ്ണമായോ ഭാഗികമായോ, ഒരു നിശ്ചിത കാലയളവ് വരെ, ഗുണഭോക്താക്കളിൽ നിന്ന് ഈടാക്കുന്നതിന് സേവന നികുതി സമ്പ്രദായം ഏർപ്പെടുത്തുക;
(5) രണ്ടാം സംസ്ഥാന ധനകാര്യ കമ്മീഷൻ നിർദ്ദേശിക്കുന്ന വർദ്ധനവുകളിലൂടെയും കാര്യക്ഷമമായ അസസ്സുമെന്റുകളിലൂടെയും നികുതിയേതര വരുമാനം വർദ്ധിപ്പിക്കുക.

3.4. മുകളിൽ പ്രതിപാദിച്ചിട്ടുള്ള സ്രോതസ്സുകൾ ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ മുതലായ സ്ഥാപനങ്ങൾക്ക് മാത്രമെ ലഭ്യമാകുകയുള്ളൂ. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും വിഭവ സമാഹരണത്തിന് ചുവടെയുള്ള രീതികൾ അവലംബിക്കാവുന്നതാണ്:-

(1) കൊടുക്കുവാനുള്ള സാമ്പത്തിക ശേഷിയുടെ അടിസ്ഥാനത്തിൽ ഉപഭോഗചുങ്കം (user charges) വസൂലാക്കുക;
(2) പ്രോജക്ടുകളുടെ തുടർനടത്തിപ്പും അറ്റകുറ്റപ്പണിയും (operation and maintenance) ഗുണഭോക്തൃ ഗ്രൂപ്പുകളെ ഏല്പിക്കുക;
(3) പ്രോജക്ടുകളുടെ പ്രയോജനം ലഭിക്കുന്നവരിൽ നിന്ന് പണമായോ സാധനങ്ങളായോ അദ്ധ്വാനമായോ അധിക വിഭവ സമാഹരണം നടത്തുക;
(4) പ്രാദേശിക വികസന ആവശ്യങ്ങൾക്ക് പ്രവാസികളുൾപ്പെടെയുള്ള വിഭാഗങ്ങളിൽ നിന്ന് സാമൂഹ്യ നിക്ഷേപം പ്രോത്സാഹിപ്പിക്കുക:
(5) പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പൊതുമേഖല-സ്വകാര്യ മേഖല പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

3.5. പല ഉദ്യമങ്ങൾ നടത്തിയിട്ടും തദ്ദേശഭരണ സ്ഥാപനങ്ങൾ ആവിഷ്ക്കരിച്ചിട്ടുള്ള പരിപാടികൾക്ക് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് ലഭിച്ചിട്ടുള്ള സാമ്പത്തിക സഹായം വളരെ പരിമിതമാണ്. ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പ ലഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ കഠിനപ്രയത്നം ചെയ്യേണ്ടതാണ്. അതിനുവേണ്ടി ചുവടെയുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതാണ്:-

(1) ജലസേചനം, വൈദ്യുതി ലഭ്യമാക്കൽ, ഉല്പന്നങ്ങൾ ഒരു സ്ഥലത്തു നിന്നും മറ്റിടങ്ങളിലേയ്ക്ക് വാഹനത്തിൽ കൊണ്ടു പോകുന്നതിനും വിപണനത്തിനും അനുയോജ്യമായ പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്തൽ മുതലായ പരിപാടികൾക്ക് ഉല്പാദന മേഖലയിൽ നേരിട്ട് നിക്ഷേപം നടത്തേണ്ടതാണ്.

ഇപ്രകാരം ചെയ്യുമ്പോൾ ദേശീയ കാർഷിക ഗ്രാമ വികസന ബാങ്കിന്റെ (NABARD) പൊട്ടൻഷ്യൽ ലിങ്ക്ഡ് ക്രെഡിറ്റ് പ്ലാനിൽ (Potential Linked Credit Plan) കണ്ടെത്തിയിട്ടുള്ള വിടവുകൾ (gaps) നികത്തുന്നതിന് മുൻഗണന നല്കണം.

(2) എല്ലായിടത്തും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി (Community Development Society) സംവിധാനം സജീവമായി തീർന്നിട്ടുള്ളതിനാൽ സ്വയം തൊഴിൽ യൂണിറ്റുകൾ വീട് നിർമ്മാണം മുതലായ കുടുംബാധിഷ്ഠിത പശ്ചാത്തല സൗകര്യങ്ങൾ പോലെയുള്ള ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികൾക്ക് വായ്പ ലഭ്യമാക്കുന്നതിന് ആ സംവിധാനം പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്.

(3) ബ്ലോക്ക്തല, ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റികൾ പൂർണ്ണമായും പ്രവർത്തന ക്ഷമമാക്കുക.

(4) പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്തിനു വേണ്ടി കോഴിക്കോട് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് തയ്യാറാക്കിയ “സുഭിക്ഷ” പ്രോജക്ട് പോലെ മേഖലാ തലത്തിൽ സാമ്പത്തിക വികസനത്തിന് അനുയോജ്യമായ നൂതന പ്രോജക്ടുകൾ വിദഗ്ദ്ധ സ്ഥാപനങ്ങളുടെ സഹായത്തോടെ രൂപീകരിക്കുക.

(5) പ്രോജക്ടിന്റെ റവന്യൂ വരുമാനത്തിൽ നിന്നുതന്നെ അതിന്റെ മൂലധന നിക്ഷേപത്തിന് വാങ്ങിയ വായ്പയുടെ തിരിച്ചടവും ഉറപ്പാക്കുന്ന വാണിജ്യപരമായി വിജയ സാദ്ധ്യതയുള്ള പ്രോജക്ടുകൾ ഏറ്റെടുക്കുക. ഉദാ:– മാർക്കറ്റുകൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ബസ്സ്റ്റാന്റുകൾ മുതലായവ.

4. ആസൂത്രണ പരിപ്രേക്ഷ്യം

4.1. പത്താം പഞ്ചവത്സര പദ്ധതിയുടെ ആരംഭത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ തയ്യാറാക്കിയ ദീർഘദൂര വികസന കാഴ്ചപ്പാട് രേഖ പരിശോധിച്ച് അതുപ്രകാരം കണ്ടെത്തിയ പ്രോജക്ടുകളും പരിപാടികളും വികസന കാഴ്ചപ്പാട് യാഥാർത്ഥ്യമാക്കുന്നതിന് വിജയിച്ചിട്ടുണ്ടോ എന്ന് ഒരു പുനരവലോകനം നടത്തേണ്ടതാണ്. അതുണ്ടായിട്ടില്ലെങ്കിൽ വികസന കാഴ്ചപ്പാട് രേഖയിൽ ഉചിതമായ പരിഷ്ക്കാരങ്ങൾ വരുത്തേണ്ടതാണ്.

4.2. പൊതു മുൻഗണനകൾ ചുവടെ നല്കുന്നു:–

(a) സംസ്ഥാനം ഇപ്പോൾ നേരിടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ ജലസംരക്ഷണ പ്രവൃത്തികൾക്ക് പ്രാദേശിക വികസനത്തിൽ മുന്തിയ പരിഗണന കൈവന്നിട്ടുണ്ട്. അതിനാൽ എല്ലാ ജലസ്രോതസുകളും സംരക്ഷിക്കുകയും പുനരുദ്ധരിക്കുകയും ചെയ്യുന്ന പ്രവൃത്തികളും കുളങ്ങൾ, ജലം കിനിഞ്ഞിറങ്ങുന്ന തടാകങ്ങൾ, തടയണകൾ, ഭൂജല തടയണകൾ (Sub surface dams) തുടങ്ങിയ പുതിയ ജലസംഭരണ– സംരക്ഷണ പ്രവൃത്തികളും ഏറ്റെടുക്കേണ്ടത് അടിയന്തിര ആവശ്യമായി തീർന്നിട്ടുണ്ട്. അവ നീർത്തട അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യേണ്ടതാണ്.

(b) കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക സാമ്പത്തിക വികസനം കൈവരിക്കുന്നതിന് ബോധപൂർവ്വമായ പ്രവർത്തനം നടത്തേണ്ടതാണ്. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിളവെടുപ്പിന് ശേഷമുള്ള പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കി ഉല്പന്നങ്ങളുടെ മൂല്യം വർദ്ധപ്പിക്കുന്നതിനും ശ്രമിക്കേണ്ടതുണ്ട്. നെല്ല് ഉല്പാദനത്തിന് പ്രത്യേക മുൻഗണന

നല്കണം. തരിശുഭൂമിയുടെയും കൃഷി ചെയ്യാതെ ഉപേക്ഷിച്ചിട്ടുള്ള കൃഷി നിലങ്ങളുടെയും തീറ്റപ്പുൽ കൃഷിയുടെയും വികസനത്തിന് പ്രത്യേക ശ്രദ്ധ ചെലുത്തണം. ഈ പ്രവൃത്തികൾ കുടുംബശ്രീ അയൽക്കൂട്ടങ്ങളിലൂടെ നടപ്പാക്കാവുന്നതാണ്. വിജയകരമായി കൃഷി ചെയ്യുന്ന കർഷകരെ കണ്ടെത്തി അവരുടെ കൃഷി രീതികളും അനുഭവങ്ങളും മറ്റുള്ള കർഷകർക്ക് മാതൃകയാക്കുന്നതിന് അവരെ റിസോഴ്സ് പേഴ്സൺമാരായി പ്രയോജനപ്പെടുത്താവുന്നതാണ്.

(c) നിലവിലുള്ള ആസ്തികളുടെ പൂർണ്ണ പ്രയോജനം ലഭിക്കുന്നതിന് ആവശ്യമായ പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തണം. മാർക്കറ്റുകൾ, സ്ക്കൂളുകൾ, ആശുപത്രികൾ, കുടിവെള്ള വിതരണ സംവിധാനങ്ങൾ, കൃഷിക്ക് വെള്ളം ലഭിക്കുന്ന ചെറുകിട ജലസേചന സംവിധാനങ്ങൾ, പൊതുസ്ഥാപനങ്ങളിലെ ഉപകരണങ്ങൾ എന്നിവ പുനരുദ്ധാരണ പ്രവർത്തനം നടത്താവുന്ന ആസ്തികളിൽ ഉൾപ്പെടുന്നു. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അവയ്ക്ക് വിട്ടുകിട്ടിയിട്ടുള്ള ആസ്തികൾ പുനരുദ്ധരിക്കുന്നതിനോ നിലവാരം മെച്ചപ്പെടുത്തുന്നതിനോ ശ്രദ്ധ ചെലുത്തേണ്ടതാണ്. ആസ്തികൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയിട്ടുള്ളതിനാൽ സംസ്ഥാന ബഡ്ജറ്റിൽ പ്രത്യേകം തുക നീക്കിവച്ചിട്ടില്ല. കഴിഞ്ഞ കുറേയേറെ വർഷങ്ങൾ കൊണ്ട് സംസ്ഥാനം നിർമ്മിച്ചിട്ടുള്ള പശ്ചാത്തല സൗകര്യങ്ങൾ ശോഷിക്കുവാൻ യാതൊരുകാരണവശാലും ഇടയാകരുത് എന്നത് പരമപ്രധാനമാണ്.

(d) പരമ്പരാഗത വ്യവസായങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും ദരിദ്ര വിഭാഗങ്ങളുടെ സൂക്ഷ്മ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും പ്രത്യേക പരിഗണന നല്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളും വലിയ മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും സ്വകാര്യ നിക്ഷേപം നടത്തുവാൻ സാഹചര്യം നല്കുന്ന വികസന പ്രവർത്തനങ്ങൾ, പ്രത്യേകിച്ച് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനങ്ങൾ, ഏറ്റെടുക്കേണ്ടതാണ്. പ്രാദേശിക നിക്ഷേപകരുടെ സമ്മേളനങ്ങൾ നടത്തിയും പശ്ചാത്തല സൗകര്യങ്ങളുടെ കുറവ് പരിഹരിച്ചും നടപടിക്രമങ്ങൾ ലഘൂകരിച്ചും അസംസ്കൃത വസ്തുക്കളുടെ ലഭ്യത ഉറപ്പു വരുത്തിയും (തദ്ദേശഭരണ സ്ഥാപനങ്ങളുടെ അധികാര പരിധിയിൽപ്പെടുന്നിടത്തോളം), തൊഴിൽ പ്രശ്നങ്ങൾ പരിഹരിച്ചും ദരിദ്ര കുടുംബങ്ങളിൽപ്പെട്ടവർക്ക് തൊഴിൽ ലഭിക്കുന്നതിന് അനുയോജ്യമായ വൈദഗ്ദ്ധ്യ പരിശീലന പരിപാടികൾ സംഘടിപ്പിച്ചും സ്വകാര്യ നിക്ഷേപത്തിനുള്ള സാഹചര്യം സൃഷ്ടിക്കേണ്ടതാണ്. അതുപോലെ ഈ തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ, നബാർഡ്, ലീഡ് ബാങ്ക്, ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് (കോഴിക്കോട്) എന്നീ സ്ഥാപനങ്ങളുമായി തുടർബന്ധം സ്ഥാപിച്ച് സംരംഭകരെ തിരിച്ചറിയുക, അവർക്ക് പരിശീലനം നല്കുക, സംരംഭങ്ങൾ ആരംഭിക്കുന്നതിന് സൗകര്യങ്ങൾ ചെയ്തുകൊടുക്കുക മുതലായ സംരംഭകത്വ വികസന പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

(e) എല്ലാ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും നിർബന്ധമായും കുടുംബശ്രീ മാതൃകയിലായിരിക്കണം. ഭൂമി തീരെ ഇല്ലാത്തവർക്ക് വീട് വയ്ക്കാൻ സ്ഥലവും വീടും നല്കുന്നതിന് ഉയർന്ന മുൻഗണന നല്കേണ്ടതാണ്.

(f) പരിശീലന പരിപാടികൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്കുമാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായോ വേതന തൊഴിൽ ലഭിക്കുമെന്ന് ഉറപ്പുള്ളതോ ആയ മേഖലകളിൽ മാത്രമായി പരിശീലന പരിപാടികൾ പരിമിതപ്പെടുത്തണം. ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള അക്രഡിറ്റഡ് കോഴ്സുകൾ മാത്രമെ കമ്പ്യൂട്ടർ പരിശീലനത്തിന് തെരഞ്ഞെടുക്കാവൂ.

(g) കാർഷിക മേഖലയിലേയും അനുബന്ധ മേഖലകളിലേയും എല്ലാ പ്രവർത്തനങ്ങളും ജലവിനിയോഗ പരിപാടികളും നീർത്തട അടിസ്ഥാനത്തിൽ സംയോജിത രീതിയിലാകണം ആസൂത്രണം ചെയ്യേണ്ടത്. നീർത്തട പരിപാലന പ്രവർത്തനങ്ങൾക്ക് പുല്ലു വർഗ്ഗങ്ങൾ ഉപയോഗിച്ചുള്ള മണ്ണ് സംരക്ഷണ പ്രവർത്തനങ്ങളും (natural agrostological measures) ജിയോടെക്സ്റ്റയിൽസ് പോലെയുള്ള ഉചിതമായ സാങ്കേതിക വിദ്യകളും അവലംബിക്കേണ്ടതാണ്. ഗ്രാമപഞ്ചായത്തുകൾ പഞ്ചായത്ത് വിഭവ ഭൂപട നിർമ്മാണം പൂർത്തിയാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതും അതിന് ആവശ്യമായ പദ്ധതി വിഹിതം വകയിരുത്തേണ്ടതുമാണ്.

(h) യഥാർത്ഥത്തിൽ ജലവിതരണം ഉദ്ദേശിച്ച് ആവശ്യാധിഷ്ഠിതമായി ആവിഷ്കരിച്ചിട്ടുള്ള ജലസേചന പദ്ധതികൾ മാത്രമെ ഉത്പാദന മേഖലയിൽ ഉൾപ്പെടുത്താവൂ. അപ്പർ കുട്ടനാട് എന്ന് വിജ്ഞാപനം ചെയ്തിട്ടുള്ള പ്രദേശങ്ങൾ ഉൾപ്പെടെയുള്ള കുട്ടനാടൻ പാടശേഖരങ്ങളിലും തൃശൂർ, മലപ്പുറം ജില്ലകളിലെ കോൾ നിലങ്ങളിലും എറണാകുളം, തൃശൂർ ജില്ലകളിലെ പൊക്കാളി പ്രദേശങ്ങളിലും നിർമ്മിക്കുന്ന ബണ്ടുകൾ ഒഴികെ, മറ്റെല്ലാ പാർശ്വഭിത്തി നിർമ്മാണ പ്രവൃത്തികളും പശ്ചാത്തല മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

(i) മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും അംഗീകാരം ലഭിച്ച നഗരാസൂത്രണ പദ്ധതികൾക്ക് മുൻഗണന നല്കേണ്ടതാണ്, അതുപോലെ ഖരമാലിന്യ പരിപാലനം, കുടിവെള്ള വിതരണം, പരമ്പരാഗത മാർക്കറ്റുകൾ നവീകരിക്കൽ, പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള ചേരി പരിഷ്ക്കരണം മുതലായ പ്രവർത്തനങ്ങൾക്ക് പ്രത്യേക ഊന്നൽ നല്കേണ്ടതുമാണ്.

4.3. വിഭവങ്ങൾ നേരിയ തോതിൽ വിന്യസിക്കുന്ന പ്രവണത ഒഴിവാക്കുവാൻ ചുവടെയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു :-

(a) പൊതുമരാമത്ത് വകുപ്പ് വില്ലേജ് റോഡുകൾ, മറ്റ് ജില്ലാറോഡുകൾ (Other District Roads) എന്നീ വിഭാഗങ്ങളിൽ ഉൾപ്പെടുത്തിയിട്ടുള്ള റോഡുകൾ മാത്രമെ ജില്ലാ പഞ്ചായത്ത് ആദ്യഘട്ടത്തിൽ ഏറ്റെടുക്കാവൂ. അതിനു ശേഷം മാത്രമെ ഒന്നിൽ കൂടുതൽ ബ്ലോക്കു പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതും 8 മീറ്ററിൽ കുറയാതെ വീതിയുള്ളതുമായ റോഡുകൾ ഏറ്റെടുക്കാവൂ. ഇടുക്കി ജില്ലയിൽ ഒന്നിലധികം ഗ്രാമപഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്നതും ഗ്രാമപഞ്ചായത്തുകളെ മേജർ ജില്ലാ റോഡുകളുമായി ബന്ധിപ്പിക്കുന്നതുമായ പുതിയ റോഡുകൾ ജില്ലാ പഞ്ചായത്തിന് ഏറ്റെടുക്കാവുന്നതാണ്. എന്നാൽ അപ്രകാരം ഏറ്റെടുക്കുന്ന പുതിയ റോഡുകൾക്ക്

കുറഞ്ഞത് 5 കിലോമീറ്റർ ദൈർഘ്യം ഉണ്ടായിരിക്കേണ്ടതും ജില്ലാ പഞ്ചായത്തുകൾ റോഡ് നിർമ്മാണത്തിന് അനുവർത്തിക്കേണ്ട മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

(b) ജില്ലാ പഞ്ചായത്തുകൾ പ്രത്യേക ഘടക പദ്ധതി പ്രകാരം പട്ടികജാതി കോളനികളിലൊ അതുപോലെ പട്ടികവർഗ്ഗ സങ്കേതങ്ങളിലൊ ഏറ്റെടുക്കുന്ന റോഡുകൾക്ക് ആവശ്യത്തിന് ഭൂമി ലഭ്യമല്ലായെന്ന് ജില്ലാ ആസൂത്രണ സമിതിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ റോഡിന്റെ വീതി 6 മീറ്റർ ആയി ഇളവു ചെയ്യാവുന്നതാണ്. ബ്ലോക്ക് പഞ്ചായത്തുകൾ, കുറഞ്ഞത് എട്ട് മീറ്റർ എങ്കിലും വീതിയുള്ളതും, രണ്ട് ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്നതോ പുതിയ പ്രദേശങ്ങളിലേയ്ക്കുള്ളതോ ആയ ലിങ്ക് റോഡുകൾ മാത്രമെ ഏറ്റെടുക്കാവൂ. എന്നാൽ പട്ടികജാതി/പട്ടികവർഗ്ഗ സങ്കേതങ്ങൾ, തീരദേശങ്ങൾ എന്നിവടങ്ങളിലേയ്ക്ക് ബ്ലോക്ക് പഞ്ചായത്തുകൾ നിർമ്മിക്കുന്ന പുതിയ റോഡുകളുടെ വീതി 6 മീറ്റർ ആയി ജില്ലാ ആസൂത്രണ സമിതിക്ക് ഇളവ് ചെയ്യാവുന്നതാണ്. ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമെ 6 മീറ്ററിൽ കുറവ് വീതിയുള്ള റോഡുകളുടെ നിർമ്മാണം ഏറ്റെടുക്കുവാൻ പാടുള്ളൂ.

(c) ജലസേചനത്തിന്റെ കാര്യത്തിൽ കേരളാ പഞ്ചായത്ത് രാജ് ആക്ടിലെ III, IV, V എന്നീ ഷെഡ്യൂളുകളും കേരളാ മുനിസിപ്പാലിറ്റി ആക്ടിലെ ഒന്നാമത്തെ ഷെഡ്യൂളും പ്രകാരമായിരിക്കണം നിക്ഷേപം നടത്തേണ്ടത്.

(d) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമെ വ്യക്തിഗത ആനുകൂല്യങ്ങൾ നല്കുന്ന പ്രോജക്ടുകൾ (individual beneficiary oriented asset distribution programmes) ഏറ്റെടുക്കാവൂ. എന്നാൽ ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും ഗ്രാമ പഞ്ചായത്തുകൾ മുഖേന വീട് വയ്ക്കുന്നതിന് സ്ഥലം നല്കുന്ന പ്രോജക്ടുകളും പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭവന നിർമ്മാണ പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്. പ്രത്യേക കുടിവെള്ള വിതരണ പരിപാടികളും സമ്പൂർണ്ണ ശുചിത്വ പരിപാടിയും നടപ്പിലാക്കുന്ന ജില്ലകളിൽ ഗുണഭോക്തൃ കുടുംബങ്ങൾക്കുള്ള സബ്സിഡിയുടെ വിഹിതം നൽകാനും മറ്റ് പരിപാടികൾക്കും ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം ജില്ലാ പഞ്ചായത്തുകൾക്കും പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. ഈ കാര്യത്തിൽ ജില്ലാ ആസൂത്രണ സമിതിയാണ് തീരുമാനം എടുക്കേണ്ടത്.

(e) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും പ്രത്യേക ഘടക പദ്ധതി പ്രകാരം സങ്കേതങ്ങളുടെ സമഗ്ര വികസന പരിപാടികളും പട്ടികജാതി വിഭാഗങ്ങൾക്ക് വേണ്ടിയുള്ള ഹോസ്റ്റലുകൾ പോലെയുള്ള സ്ഥാപനങ്ങളുടെ വികസന പ്രവർത്തനങ്ങളും മാത്രമെ ഏറ്റെടുക്കാവൂ.

5. മേഖലാ വിഭജനം

5.1. പൊതുവിഭാഗം, പ്രത്യേകഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നീ വിഭാഗങ്ങളിലെ ഫണ്ടുകൾ ഉൾപ്പെടുന്നതാണ് ആകെ പദ്ധതി വിഹിതം. പൊതുവിഭാഗം ഫണ്ടിൽ സാധാരണ വിഹിതം (Normal Share), പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Eleventh Finance Commission Grant) ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് (Rural

Infrastructure Development Fund) എന്നിവ ഉൾപ്പെടുന്നു. പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും മാത്രവും ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും മാത്രവുമാണ് നല്കിയിട്ടുള്ളത്. അതിനാൽ പൊതുവിഭാഗത്തിലെ മേഖലാ വിഭജനത്തിന്റെ പരിധി കണക്കാക്കുമ്പോൾ സാധാരണ വിഹിതവും പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റും ഗ്രാമീണ പശ്ചാത്തല വികസന ഫണ്ടും കൂടിയുള്ള തുകയാണ് പരിഗണിക്കേണ്ടത്.

5.2. ചുവടെ വിവരിക്കുന്ന ആവശ്യങ്ങൾക്ക് പദ്ധതി വിഹിതത്തിൽ നിന്ന് മിതമായ തുക വകയിരുത്തേണ്ടതാണ്.

(1) 3 മുതൽ 6 വയസ്സ് വരെ പ്രായമുള്ള ശിശുക്കൾക്ക് ഇപ്പോൾ അങ്കണവാടികളിലൂടെ പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന പരിപാടി അതിന്റെ മാനദണ്ഡങ്ങൾ പ്രകാരം തുടരേണ്ടതാണ് ഇതിനു പുറമേ, സുപ്രീം കോടതിയുടെ നിർദ്ദേശാനുസരണം 3 വയസ് വരെ പ്രായമുള്ള ശിശുക്കൾക്കും കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കും (adolescent girls) പൂരക പോഷകാഹാരം വിതരണം ചെയ്യുന്ന പരിപാടി സാമൂഹ്യക്ഷേമ വകുപ്പ് നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരം 2004 ഏപ്രിൽ 1 മുതൽ ആരംഭിക്കേണ്ടതാണ്.

(2) നഗരപ്രദേശങ്ങളിലെ അങ്കണവാടികളിൽ നിശ്ചിത മാനദണ്ഡമനുസരിച്ച് പോഷകാഹാര വിതരണം തടസ്സം കൂടാതെ നടത്തുന്നതിന് ആവശ്യമായ മൊത്തം തുകയും അതത് നഗരസഭാ സ്ഥാപനങ്ങളും ഗ്രാമപ്രദേശങ്ങളിലെ അങ്കണവാടികളിലേയ്ക്ക് ആവശ്യമായ തുക 2 : 1 എന്ന അനുപാതത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വകയിരുത്തേണ്ടതാണ്.

(3) ലോകബാങ്ക് സഹായത്തോടെയുള്ള അങ്കണവാടി കെട്ടിട നിർമ്മാണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും തുക വകയിരുത്തേണ്ടതാണ്. ജില്ലാ ആസൂത്രണ സമിതി തീരുമാനിക്കുന്ന നിരക്കിൽ ഈ ആവശ്യത്തിന് ജില്ലാ പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും വിഹിതം വകയിരുത്താവുന്നതാണ്. അങ്കണവാടികളിൽ ശിശുക്കൾ ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്ന തരത്തിലുള്ള ടോയ്‌ലറ്റുകൾ (baby friendly toilets) നിർമ്മിക്കുന്നതിന് മുൻഗണന നല്കേണ്ടതാണ്.

(4) ആശുപത്രികൾ, സ്‌ക്കൂളുകൾ, ജലവിതരണ പരിപാടികൾ, ജലം യഥാർത്ഥത്തിൽ ലഭ്യമാക്കുന്ന ചെറുകിട ജലസേചന പരിപാടികൾ മുതലായവയുടെ അറ്റകുറ്റപ്പണികൾ/ പുനരുദ്ധാരണ ജോലികൾ എന്നിവയ്ക്ക് പൊതുവിഭാഗം പദ്ധതി തുകയുടെ 10 ശതമാനം വരെ ചെലവക്കാവുന്നതാണ്.

(5) ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതിക്ക് ആകെ പദ്ധതി വിഹിതത്തിന്റെ 5 ശതമാനം തുക വകയിരുത്തേണ്ടതാണ്.

(6) ആകെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം എങ്കിലും വനിതാഘടക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്.

(7.) പൊതുവിഭാഗം പദ്ധതി വിഹിതത്തിന്റെ മേഖലാവിഭജന പരിധികൾ ചുവടെ വിവരിക്കുന്ന രീതിയിൽ കണക്കാക്കേണ്ടതാണ്. എന്നാൽ അങ്കണവാടികളിൽ പോഷകാഹാരവും പൂരക പോഷകാഹാരവും വിതരണം, അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പരിപാടി, ജലനിധി/സെക്ടർ റിഫോംസ് പ്രോജക്ടുകൾ എന്നിവ പ്രകാരം ഏറ്റെടുക്കുന്ന ജലവിതരണം, സമ്പൂർണ്ണ ശുചിത്വ പ്രോജക്ടുകൾ,

ക്ലീൻ കേരള പ്രോജക്ടിന്റെ ഭാഗമായിട്ടുള്ള ഖരമാലിന്യ പരിപാലനം (solid waste management) മുതലായവയ്ക്ക് ആവശ്യമായ തുക കുറവ് ചെയ്തതിനു ശേഷമാണ് മേഖലാ പരിധികൾ നിശ്ചയിക്കേണ്ടത്. സാധാരണ വിഹിതം, പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ്, ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് എന്നീ വിഹിതങ്ങൾ ഉൾപ്പെടുന്ന പൊതുവിഭാഗം പദ്ധതി തുകയിൽ നിന്ന് വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ നിർബന്ധമായും വകയിരുത്തേണ്ടുന്ന കുറഞ്ഞ തുകയും പശ്ചാത്തല മേഖലയിൽ വകയിരുത്താവുന്ന കൂടിയ പരിധിയും ചുവടെ നല്കുന്നു.

| തദ്ദേശഭരണസ്ഥാപനങ്ങൾ/മേഖലകൾ | | പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ വകയിരുത്താവുന്ന പരിധി (ശതമാനം) |
|---|---|---|
| (a) ഗ്രാമപഞ്ചായത്ത് | | |
| ഉല്പാദന മേഖല | : | കുറഞ്ഞത് 30 |
| പശ്ചാത്തല മേഖല | : | കൂടിയത് 30 |
| (b) ബ്ലോക്ക് പഞ്ചായത്ത് | | |
| ഉല്പാദന മേഖല | : | കുറഞ്ഞത് 30 |
| പശ്ചാത്തല മേഖല | : | കൂടിയത് 30 |
| (c) ജില്ലാ പഞ്ചായത്ത് | | |
| ഉല്പാദന മേഖല | : | കുറഞ്ഞത് 25 |
| പശ്ചാത്തല മേഖല | : | കൂടിയത് 30 |
| (d) മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | | |
| ഉല്പാദന മേഖല | : | കുറഞ്ഞത് 10 |
| പശ്ചാത്തല മേഖല | : | കൂടിയത് 50 |
| ചേരിപരിഷ്ക്കരണം (പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം) | : | കുറഞ്ഞത് 10 |

(7) പൊതു വിഭാഗത്തിൽ നിന്ന് ഉല്പാദന മേഖലയിൽ വകയിരുത്തുന്ന പദ്ധതി വിഹിതത്തിന്റെ മൂന്നിൽ ഒരു ഭാഗമെങ്കിലും പൊതു കെട്ടിടങ്ങളിൽ മേൽക്കൂര വഴിയുള്ള മഴവെള്ള സംഭരണ സംവിധാനം (roof water harvesting) ഏർപ്പെടുത്തുന്നത് ഉൾപ്പെടെയുള്ള മഴവെള്ള സംഭരണം (rain water harvesting),

കുളങ്ങൾ തടാകങ്ങൾ എന്നിവയുടെ പുനരുദ്ധാരണം, ജലസംരക്ഷണ പ്രവൃത്തികൾ, ജലസേചന പരിപാടികൾ എന്നിവയ്ക്ക് വകയിരുത്തണം.

(8) 2003–04 വാർഷിക പദ്ധതിയിൽ ഉല്പാദന മേഖലയിൽ ചെലവാക്കേണ്ടിയിരുന്ന തുകയിൽ കുറവ് ഉണ്ടാകുകയോ പശ്ചാത്തലമേഖലയിൽ ചെലവാക്കുവാൻ അനുവദനീയമായിരുന്ന തുകയേക്കാൾ കൂടുതൽ ചെലവാക്കുകയോ ചെയ്തിട്ടുണ്ടെങ്കിലോ മുൻ വർഷങ്ങളിൽ ഇപ്രകാരം സംഭവിച്ച ന്യൂനതകൾ പൂർണ്ണമായും പരിഹിരക്കപ്പെട്ടിട്ടില്ലെങ്കിലൊ തത്തുല്യമായ തുക 2004–05 വാർഷിക പദ്ധതിയിൽ പരിഹാര വകയിരുത്തലായി ഉൾപ്പെടുത്തേണ്ടതാണ്. അതുപോലെ, പ്രത്യേക ഘടക പദ്ധതിയിലും, പട്ടികവർഗ്ഗ ഉപപദ്ധതിയിലും, ശിശുക്കൾ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതിയിലും, വനിതാഘടക പദ്ധതിയിലും ഉണ്ടായിട്ടുള്ള കുറവുകൾ ചുവടെ വിവരിക്കുന്ന രീതിയിൽ പരിഹരിക്കേണ്ടതാണ്.

(i) പ്രത്യേക ഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിഹാരതുക പൊതുവിഭാഗം വിഹിതത്തിലാണ് വകയിരുത്തേണ്ടത്.

(ii) വനിതാഘടക പദ്ധതിയിലെയും, ശിശുക്കൾ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതിയിലെയും പരിഹാരതുക/പ്രത്യേകഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിലാണ് വകയിരുത്തേണ്ടത്.

(iii) ഉല്പാദന മേഖലയിൽ ഉണ്ടായിട്ടുള്ള കുറവ് മറ്റ് രണ്ട് മേഖലകളിൽ നിന്നുമാണ് പരിഹരിക്കേണ്ടത്.

5.3. പ്രോജക്ടുകളുടെ മേഖലാ വർഗ്ഗീകരണം

5.3.1. ആശുപത്രികൾ, മൃഗാശുപത്രികൾ, സ്കൂളുകൾ, കൃഷി ഭവനുകൾ, മത്സ്യ ഭവനുകൾ, അങ്കണവാടികൾ, വ്യവസായ യൂണിറ്റുകൾ മുതലായവയുടെ കെട്ടിട നിർമ്മാണത്തിനു വകയിരുത്തുന്ന തുക ബന്ധപ്പെട്ട വികസന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. ഉദാഹരണത്തിന് കൃഷിഭവൻ, മൃഗാശുപത്രി, വ്യവസായ യൂണിറ്റുകൾ എന്നിവയുടെ കെട്ടിടനിർമ്മാണം ഉല്പാദനമേഖലയിലും ആശുപത്രികളുടെയും സ്കൂളുകളുടെയും കെട്ടിട നിർമ്മാണം സേവന മേഖലയിലും ഉൾപ്പെടുത്താവുന്നതാണ്.

5.3.2. ***ഉല്പാദന മേഖല:*** കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, മണ്ണ്–ജലസംരക്ഷണം ഉൾപ്പെടെയുള്ള സംയോജിത നീർത്തട പരിപാലനം, പരമ്പരാഗത കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും, പാരമ്പര്യേതര ഊർജ്ജ പ്രോജക്ടുകൾ മുഖേന മാത്രമുള്ള വൈദ്യുതി ഉല്പാദനം, മത്സ്യ മാർക്കറ്റുകളുടെയും മറ്റു പരമ്പരാഗത മാർക്കറ്റുകളുടെയും നിർമ്മാണ പ്രവൃത്തികൾ മുതലായവ ഉല്പാദന മേഖലയിൽ ഉൾപ്പെടുന്നതാണ്. ഖരമാലിന്യങ്ങളിൽ നിന്നുള്ള വളം നിർമ്മാണവും ഈ മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്.

5.3.3. ***സേവന മേഖല:*** ഉല്പാദന മേഖലയിൽ വകയിരുത്തേണ്ട വിഹിതവും നിർബന്ധമായും വകയിരുത്തേണ്ടുന്ന പരിപാടികളുടെ വിഹിതവും (mandatory allocation) കഴിച്ച് ബാക്കിയുള്ള തുകയിൽ എത്ര വേണമെങ്കിലും സേവന മേഖലയിൽ ഉൾപ്പെടുത്താവുന്നതാണ്. കളിസ്ഥലങ്ങൾ മെച്ചപ്പെടുത്തൽ, സ്റ്റേഡിയം നിർമ്മാണം,

സ്പോർട്സുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ, ആശുപത്രികൾ സ്ക്കൂളുകൾ, അംഗൻവാടികൾ, വായനശാലകൾ മപതലായവയുടെ കെട്ടിട നിർമ്മാണം, വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ എന്നിവ ഈ മേഖലയിൽ ഉൾപ്പെടുത്തേണ്ടതാണ്.

5.3.4. ***പശ്ചാത്തല മേഖല:*** തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട ഉദ്യോഗസ്ഥർക്ക് ഓഫീസ് സൗകര്യങ്ങൾ, ഫർണിച്ചർ മുതലായവ ഏർപ്പെടുത്തുന്ന പ്രോജക്ടുകൾ ഈ മേഖലയിൽ വകയിരുത്തേണ്ടതാണ്.

5.4. പ്രത്യേക വിഭാഗം ഫണ്ട് (**special category funds)** പ്രകാരമുള്ള പ്രോജക്ടുകളുടെ വർഗ്ഗീകരണം

5.4.1. *പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രകാരമുള്ള പരിപാടികൾ:*

പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പ്രത്യേകം മോണിട്ടർ ചെയ്യണം. പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിക്കാവുന്ന പ്രോജക്ടുകൾ ചുവടെ ചേർക്കുന്നു.:-

(1) പ്രാഥമിക വിദ്യാഭ്യാസം (primary education)

(2) പ്രാഥമിക ആരോഗ്യ സംരക്ഷണം(primary health care)

(3) കുടിവെള്ള വിതരണം

(4) തെരുവ് വിളക്കുകൾ വ്യാപിപ്പിക്കൽ

(5) ഖര-ദ്രവമാലിന്യ പരിപാലനം ഉൾപ്പെടെയുള്ള ശുചിത്വ പരിപാടി

(6) ശ്മശാനങ്ങളും ശവപ്പറമ്പുകളും സ്ഥാപിക്കൽ

(7) പൊതു സൗകര്യങ്ങൾ (public facilities) ഏർപ്പെടുത്തൽ

(8) പൊതു സ്വത്തുക്കളും വിഭവങ്ങളും (common property resources) സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യൽ.

പതിനൊന്നാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് പ്രകാരം ഏറ്റെടുക്കുന്ന പ്രോജക്ടുകൾ ആ വിഭാഗത്തിലെ കണക്കുകളിൽ ഉൾപ്പെടുത്തേണ്ടതും ഭൗതിക സാമ്പത്തിക നേട്ടങ്ങൾ സംബന്ധിച്ച പുരോഗതി റിപ്പോർട്ട് മൂന്നു മാസത്തിലൊരിക്കൽ നല്കേണ്ടതുമാണ്.

*5.4.2. ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട്*

ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും ഗ്രാമീണ പശ്ചാത്തല വികസന ഫണ്ട് പ്രകാരമുള്ള പ്രോജക്ടുകൾ നബാർഡിന്റെ (NABARD) മാർഗ്ഗരേഖയും മാനദണ്ഡങ്ങളും അനുസരിച്ച് മുൻകൂട്ടി തയ്യാറാക്കേണ്ടതാണ്.

*5.4.3. പ്രത്യേക ഘടക പദ്ധതി*

തദ്ദേശ സ്ഥാപനങ്ങൾ അവയുടെ പ്രത്യേക ഘടക പദ്ധതി വിഹിതത്തിന്റെ 30 ശതമാനത്തിൽ അധികം തുക പശ്ചാത്തല മേഖലയിൽ ചെലവഴിക്കാൻ പാടില്ല. പ്രത്യേക ഘടക പദ്ധതി പ്രകാരം ഉല്പാദന, സേവന മേഖലകളിലെ പരിപാടികൾക്ക് വകയിരുത്താവുന്ന തുകയ്ക്ക് പരിധി ബാധകമല്ല.

5.5. പ്രത്യേക ഗ്രൂപ്പുകളുടെ പദ്ധതി/ പ്രത്യേക പരിപാടികൾ

*5.5.1. വനിതാ ഘടക പദ്ധതി*

പൊതു വിഭാഗം, പ്രത്യേകഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ ഉൾപ്പെടെയുള്ള ആകെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനമെങ്കിലും തുക

വനിതാഘടക പദ്ധതിയ്ക്ക് ലഭിക്കേണ്ടതാണ്. കുടുംബശ്രീ പരിപാടികൾക്കുള്ള സഹായം വനിതാ ഘടക പദ്ധതിയിൽ ഏറ്റെടുക്കാവുന്നതാണ്.

*5.5.2. ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നിവർക്കായുള്ള പദ്ധതി*

പൊതു വിഭാഗം, പ്രത്യേകഘടക പദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി എന്നിവ ഉൾപ്പെടെയുള്ള ആകെ പദ്ധതി വിഹിതത്തിന്റെ 5 ശതമാനമെങ്കിലും തുക ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നീ വിഭാഗങ്ങളുടെ പ്രത്യേക പദ്ധതിയ്ക്ക് വകയിരുത്തേണ്ടതാണ്. അംഗൻവാടികളിലെ പോഷകാഹാര വിതരണം ഈ വിഭാഗത്തിൽ കണക്കാക്കാൻ പാടില്ല.

*5.5.3. അക്ഷയ പരിപാടി*

(j) സമ്പൂർണ്ണ കമ്പ്യൂട്ടർ സാക്ഷരത നടപ്പാക്കുവാൻ മലപ്പുറം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ ആരംഭിച്ച അക്ഷയ പരിപാടി മറ്റ് 13 ജില്ലകളിലും നടപ്പാക്കുന്നതാണ്. ഒരു കുടുംബത്തിൽ നിന്ന് ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നല്കുന്നതിനുള്ള ഈ പരിപാടി ഗ്രാമപഞ്ചായത്തുകൾ ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും സാമ്പത്തിക സഹകരണത്തോടെയും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പൂർണ്ണമായും അവയുടെ വിഹിതം വിനിയോഗിച്ചും നടപ്പാക്കേണ്ടതാണ്. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് വിനിയോഗിക്കേണ്ട തുക പ്രത്യേകഘടക പദ്ധതി/ പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നിന്ന്, ആവശ്യമാണെങ്കിൽ, വകയിരുത്താവുന്നതാണ്. ഗുണഭോക്താക്കളുടെ പരിശീലന ചെലവ് ചുവടെ വിവരിക്കുന്നതു പ്രകാരം ആയിരിക്കും:–

(a) ഗ്രാമപ്രദേശങ്ങളിൽ : ഒരു കുടുംബത്തിലെ ഒരാൾക്ക് ഗ്രാമപഞ്ചായത്ത് 80 രൂപ, ബ്ലോക്ക് പഞ്ചായത്ത് 20 രൂപ, ജില്ലാ പഞ്ചായത്ത് 20 രൂപ എന്നീ നിരക്കിൽ.

(b) നഗരപ്രദേശങ്ങളിൽ : ഒരു കുടുംബത്തിലെ ഒരാൾക്ക് മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ 120 രൂപ നിരക്കിൽ

(ii) വിവര സാങ്കേതിക വകുപ്പ് (IT Department) ജില്ലാ തല പരിശീലനം നല്കുന്നതും പ്രോജക്ടിന്റെ വിശദാംശങ്ങൾ തയ്യാറാക്കുന്നതിനും നിർവ്വഹണം നടത്തുന്നതിനും സഹായിക്കുന്നതുമാണ്.

*5.5.4. സർവ്വശിക്ഷാ അഭിയാൻ*

സർവ്വ ശിക്ഷാ അഭിയാൻ പരിപാടിയുടെ സംസ്ഥാന വിഹിതം ബന്ധപ്പെട്ട തദ്ദേക ഭരണ സ്ഥാപനത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്.

*5.5.5. ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി*

ഇന്ദിരാ ഭവന നിർമ്മാണ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിനുള്ള സബ്സിഡി തുക പട്ടികജാതിക്കാർക്ക് 50,000 രൂപയായും പട്ടികവർഗ്ഗക്കാർക്ക് 75,000 രൂപയായും മറ്റുള്ളവർക്ക് 35,000 രൂപ വരെയായും വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്ക് പഞ്ചായത്തുകളുടെ പദ്ധതി വിഹിതത്തിൽ നിന്ന് നല്കേണ്ടതാണ്.

*5.5.6. ചേരി പരിഷ്ക്കരണം*

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ആകെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം തുകയെങ്കിലും പുറമ്പോക്ക് നിവാസികളുടെ പുനരധിവാസം ഉൾപ്പെടെയുള്ള ചേരി പരിഷ്ക്കരണത്തിന് ചെലവാക്കേണ്ടതാണ്.

*5.5.7. ഖര മാലിന്യ പരിപാലനം*

എല്ലാ നഗരസഭാ സ്ഥാപനങ്ങളും ക്ലീൻ കേരള പ്രോജക്ട് പ്രകാരം കണ്ടെത്തിയിട്ടുള്ള ഗ്രാമപഞ്ചായത്തുകളും നിർബന്ധമായും പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി ഖരമാലിന്യ പരിപാലന പ്രോജക്ടുകൾ ശാസ്ത്രീയമായി തയ്യാറാക്കേണ്ടതാണ്. പദ്ധതി വിഹിതം വിനിയോഗിക്കാവുന്ന ഘടകങ്ങൾ ചുവടെ നല്കുന്നു:-

(1) ഭൂമി വിലയ്ക്കു വാങ്ങുന്നതിനും പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും വേണ്ടിവരുന്ന മൂലധന ചെലവ്;
(2) ഖരമാലിന്യങ്ങൾ ശേഖരിക്കുന്നതിന്/തരം തിരിയ്ക്കുന്നതിന് സാമഗ്രികൾ വാങ്ങുക;
(3) ഖരമാലിന്യങ്ങൾ ശേഖരിക്കുന്നിടത്തു നിന്നും സംസ്ക്കരണ സ്ഥലങ്ങളിലേയ്ക്ക് കയറ്റിക്കൊണ്ടു പോകുന്നതിന് പ്രത്യേകം രൂപകല്പന ചെയ്തിട്ടുള്ള വാഹനങ്ങൾ വാങ്ങുക.

*5.5.8. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി*

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും നിർബന്ധമായും ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി ഒരു പ്രത്യേക രേഖയായി തയ്യാറാക്കേണ്ടതാണ്. ഈ ദരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അഗതികളുടെ (destitutes) വികസനത്തിന് ഒരു പദ്ധതിയും തയ്യാറാക്കേണ്ടതാണ്. ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും അഗതികളുടെ പദ്ധതിയും തയ്യാറാക്കുന്ന രീതി Annexure 1-ൽ വിവരിക്കുന്നു.

5.5.9. മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ദേശീയ ചേരി വികസന പരിപാടി (National Slum Development Programme), സ്വർണ ജയന്തി ഷഹരി റോസ്ഗാർ യോജന (Swarna Jayanthi Shahari Rozgar Yojana), വാല്മീകി അംബേദ്കർ ആവാസ് യോജന (Valmiki Ambedkar Awaz Yojana- VAMBAY) മുതലായവയും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും അയൽക്കൂട്ട ഗ്രൂപ്പ് തലത്തിലാണ് ആവിഷ്ക്കരിക്കേണ്ടത്. ഈ പരിപാടികൾ ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ വാർഡ് തലത്തിൽ ക്രോഡീകരിക്കേണ്ടതും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ മുനിസിപ്പൽ/ കോർപ്പറേഷൻ തലത്തിൽ സംയോജിപ്പിക്കേണ്ടതും അത് ദാരിദ്ര്യ ലഘൂകരണം, പട്ടികജാതി വികസനം, പട്ടിക വർഗ്ഗ വികസനം, വനിതകളുടെയും ശിശുക്കളുടെയും വികസനം മുതലായ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നല്കുകയും വർക്കിംഗ് ഗ്രൂപ്പുകൾ പദ്ധതി രേഖയിൽ ഉൾപ്പെടുത്തുകയും ചെയ്യണം. ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികളും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളും എൻ.എസ്.ഡി.പി., എസ്.ജെ.എസ്.ആർ.വൈ, വാംബേ മുതലായവയ്ക്ക് നിശ്ചയിച്ചിട്ടുള്ള മുൻഗണനകൾ ബന്ധപ്പെട്ട സൊസൈറ്റികളുടെ മുൻകൂർ അംഗീകാരത്തോടെ മാത്രമെ മാറ്റുവാൻ പാടുള്ളൂ.

5.6. തനതു ഫണ്ട്

തനതു വരുമാനത്തിൽ മിച്ചമുള്ള തുക പദ്ധതിയ്ക്ക് വിനിയോഗിക്കേണ്ടതാണ്. തനതു വരുമാനത്തിൽ മുൻവർഷം പദ്ധതി നിർവഹണത്തിന് യഥാർത്ഥത്തിൽ ലഭ്യമായ തുകയുടെ 10 ശതമാനത്തിൽ അധികം തുക ഈ ഇനത്തിൽ വകയിരുത്തുവാൻ പാടില്ല. മുൻവർഷം ഈ ഇനത്തിൽ ലഭ്യമായ തുക എത്രയെന്ന് തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കണം. എന്നാൽ നിശ്ചിത ശതമാനത്തിൽ കൂടുതൽ തുക തനതു വരുമാന ഇനത്തിൽ പദ്ധതി ചെലവുകൾക്ക് വകയിരുത്താമെന്ന് ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിന് ബോദ്ധ്യമുണ്ടെങ്കിൽ അതിനുള്ള കാരണം കൂടി സെക്രട്ടറി സാക്ഷ്യപ്പെടുത്തി നല്കണം. തനതു നികുതികൾ, തനതു നികുതിയേതര വരുമാനങ്ങൾ, പൊതു ആവശ്യ ഗ്രാന്റ് (ഗവൺമെന്റിൽ നിന്ന് യഥാർത്ഥത്തിൽ ലഭിച്ചില്ലെങ്കിൽ തന്നെയും) എന്നിവയുടെ ആകെ തുകയിൽ നിന്നും വിവിധ ആവശ്യങ്ങൾക്ക് കുടിശ്ശിക ആയിട്ടുള്ള തുക കുറവ് ചെയ്താണ് തനതു വരുമാനത്തിലെ മിച്ചം സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടത്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്ന് കൂടുതൽ വിഭവം ലഭ്യമാകും എന്ന അയഥാർത്ഥമായ കണക്ക് കൂട്ടലിന്റെ അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ കഴിയാത്ത പദ്ധതികൾ തയ്യാറാക്കുന്ന പ്രവണത ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഈ രീതിയിൽ കണക്കുകൾ തയ്യാറാക്കി നല്കണമെന്ന് നിർദ്ദേശിക്കുന്നത്.

6. പദ്ധതി രൂപീകരണത്തിന്റെ തയ്യാറെടുപ്പ് ഘട്ടങ്ങൾ

6.1. ഘട്ടം 1 : വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘാടനം

6.1.1. തദ്ദേശഭരണസ്ഥാപനങ്ങൾ വിവധ മേഖലകൾക്ക്/വികസന വിഷയങ്ങൾക്ക് വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട് പത്താം പഞ്ചവത്സര പദ്ധതിയുടെ തുടർന്നുള്ള കാലയളവിലേയ്ക്ക് ചുവടെ പ്രതിപാദിക്കുന്ന വർക്കിംഗ് ഗ്രൂപ്പുകൾ നിർബന്ധമായും ഉണ്ടായിരിക്കണം.

(1) നീർത്തട പരിപാലനം (കൃഷിയും അനുബന്ധ മേഖലകളും ഉൾപ്പെടെ)
(2) മൃഗസംരക്ഷണവും ബന്ധപ്പെട്ട മേഖലകളും
(3) പ്രാദേശിക സാമ്പത്തിക വികസനം (കൃഷി ഒഴികെ, എന്നാൽ പ്രാദേശിക വ്യവസായങ്ങൾ, സ്വകാര്യ-സാമൂഹ്യ നിക്ഷേപങ്ങൾ എന്നിവ ഉൾപ്പെടെ)
(4) ദാരിദ്ര്യ ലഘൂകരണം
(5) പട്ടികജാതി വികസനം
(6) വനിതകളുടെയും ശിശുക്കളുടെയും വികസനം
(7) ആരോഗ്യം, ജലവിതരണം, ശുചിത്വം
(8) വിദ്യാഭ്യാസം
(9) അടിസ്ഥാന സൗകര്യങ്ങൾ
(10) സാമൂഹ്യ സുരക്ഷിതത്വം (വൃദ്ധജനങ്ങളുടെയും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെയും ക്ഷേമം ഉൾപ്പെടെ)

കൂടാതെ, പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസനത്തിന് ഒരു പ്രത്യേക വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം.

6.1.2. മുകളിൽ പ്രതിപാദിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ നിർബന്ധമായും രൂപീകരിക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ കൂടുതൽ വർക്കിംഗ് ഗ്രൂപ്പുകൾ ആവശ്യമായേക്കാം. അതിനാൽ,

ഗ്രാമപഞ്ചായത്തുകൾ ഉൾപ്പെടെയുള്ള എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ആവശ്യമാണെങ്കിൽ, വിദഗ്ദ്ധരുടെ ലഭ്യതയനുസരിച്ച്, കൂടുതൽ വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്.

6.1.3. ഓരോ വർക്കിംഗ് ഗ്രൂപ്പിന്റെയും അദ്ധ്യക്ഷൻ ഒരു ജനപ്രതിനിധി ആയിരിക്കണം. പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ പട്ടികജാതി വിഭാഗത്തിലെ ജനപ്രതിനിധിയും, വനിതകളുടെയും ശിശുക്കളുടെയും വികസന വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർപേഴ്സൺ ഒരു വനിതാ ജനപ്രതിനിധിയും ആയിരിക്കണം. ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന്റെ അദ്ധ്യക്ഷൻ തദ്ദേശഭരണ സ്ഥാപനത്തിന്റെ ചെയർപേഴ്സൺ തന്നെ ആകണം. ബന്ധപ്പെട്ട മേഖലയിൽ അറിയപ്പെടുന്ന ഒരു വിദഗ്ദ്ധനെ വർക്കിംഗ് ഗ്രൂപ്പ് വൈസ് ചെയർമാനായി നിർദ്ദേശിക്കേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ തദ്ദേശഭരണ സ്ഥാപനത്തിന് കൈമാറ്റം ചെയ്യപ്പെട്ട ബന്ധപ്പെട്ട മേഖലയിലെ സീനിയർ ഉദ്യോഗസ്ഥൻ ആയിരിക്കണം. വിവിധ തലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങളിലെ വിവിധ വർക്കിംഗ് ഗ്രൂപ്പുകൾക്ക് നിർദ്ദേശിക്കാവുന്ന കൺവീനർമാരുടെ ലിസ്റ്റ് Annexure 2-ൽ നല്കുന്നു.

6.1.4. ആവർത്തിച്ച് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടും പല തദ്ദേശഭരണ സ്ഥാപനങ്ങളും വർക്കിംഗ് ഗ്രൂപ്പുകൾ ശരിയായ രീതിയിൽ രൂപീകരിച്ചിട്ടില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിനാൽ പ്രാദേശികമായി ലഭ്യമാകാവുന്ന വിദഗ്ദ്ധരുടെ ഒരു പാനൽ കൺവീനർ തയ്യാറാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ അതിർത്തിക്കു പുറത്തുള്ള സന്നദ്ധ സേവന തല്പരരായ വിദഗ്ദ്ധർ വർക്കിംഗ് ഗ്രൂപ്പുമായി സഹകരിക്കുവാൻ തയ്യാറാണെങ്കിൽ അവരെയും പാനലിൽ ഉൾപ്പെടുത്താവുന്നതാണ്. മാതൃകാ പ്രാക്ടീഷണർമാർ (model practitioners), പ്രൊഫഷണലുകൾ, ബന്ധപ്പെട്ട മേഖലയിൽ താല്പര്യവും പ്രവർത്തനോന്മുഖതയും പ്രകടിപ്പിക്കുന്നവർ, അക്കാദമിക് യോഗ്യതയുള്ളവർ മുതലായ വിഭാഗങ്ങളിൽ നിന്നാണ് വിദഗ്ദ്ധരെ കണ്ടെത്തേണ്ടത്. ഗവൺമെന്റ് വകുപ്പുകളിൽ/പൊതുമേഖലാ സ്ഥാപനങ്ങളിൽ സേവനം അനുഷ്ഠിക്കുന്നവർ/വിരമിച്ചവർ, ഗവൺമെന്റിതര ഏജൻസികൾ, സ്വകാര്യ സ്ഥാപനങ്ങൾ, പ്രഗത്ഭ വ്യക്തികൾ എന്നീ വിഭാഗങ്ങളിൽ നിന്ന് വിദഗ്ദ്ധരെ കണ്ടെത്താവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ തയ്യാറാക്കുന്ന പാനൽ തദ്ദേശഭരണസ്ഥാപനങ്ങൾ പരിഗണിക്കേണ്ടതും ആവശ്യമെങ്കിൽ മെച്ചപ്പെടുത്തേണ്ടതുമാണ്.

6.1.5. എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും കുടുംബശ്രീ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയിലെ ഒരംഗത്തെയെങ്കിലും ഉൾപ്പെടുത്തേണ്ടതാണ്. എന്നാൽ ദാരിദ്ര്യ ലഘൂകരണം, വനിതകളുടെയും ശിശുക്കളുടെയും വികസനം, പട്ടികജാതി വികസനം മുതലായ വർക്കിംഗ് ഗ്രൂപ്പുകളിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയിലെ രണ്ടു അംഗങ്ങളെ വീതമെങ്കിലും ഉൾപ്പെടുത്തണം. എസ്.സി പ്രൊമോട്ടർമാരെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലും അംഗങ്ങളാക്കുന്നതോടൊപ്പം അവരിൽ മൂന്നു പേരെയെങ്കിലും പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തേണ്ടതാണ്.

6.1.6. കൂടുതൽ അംഗങ്ങളെ നാമനിർദ്ദേശം ചെയ്യുന്നതിനും പ്രത്യേക ചുമതല ഏല്പിക്കുന്നതിന് കർമ്മ സമിതികൾ രൂപീകരിക്കുന്നതിനും വർക്കിംഗ് ഗ്രൂപ്പുകൾക്ക് അധികാരം ഉണ്ടായിരിക്കുന്നതാണ്.

6.1.7. വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ ആവശ്യാനുസരണം ചേരേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പ് ചർച്ചകൾ സംക്ഷിപ്തമായി രേഖപ്പെടുത്തണം. കൺവീനറുടെ നിർബന്ധമായ ഹാജർ ഉൾപ്പെടെ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിന്റെ ക്വാറം നാല് ആയിരിക്കുന്നതാണ്. വർക്കിംഗ് ഗ്രൂപ്പിന്റെ ചുമതലകൾ ചുവടെ വിവരിക്കുന്നു:-

(1) ലഭ്യമായ സ്ഥിതി വിവരക്കണക്കുകളുടെയും പ്രത്യേകം ശേഖരിക്കുന്ന സ്ഥിതിവിവര കണക്കുകളുടെയും അടിസ്ഥാനത്തിൽ വർക്കിംഗ് ഗ്രൂപ്പിനെ ഏല്പിച്ചിട്ടുള്ള വികസന മേഖലയുടെ അപഗ്രഥനം

(2) ഒൻപതാം പഞ്ചവത്സര പദ്ധതിയിലെയും പത്താം പഞ്ചവത്സര പദ്ധതിയിലെ ആദ്യത്തെ രണ്ട് വർഷങ്ങളിലെയും വികസന പ്രവർത്തനങ്ങളുടെ അപഗ്രഥനം

(3) 2002-ൽ അന്തിമമായി അംഗീകരിച്ച പഞ്ചവത്സര പദ്ധതി രേഖയിൽ 2004-05 വാർഷിക പദ്ധതിക്ക് ഉൾപ്പെടുത്തിയ പരിപാടികളുടെ പുനഃപരിശോധന.

(4) 2004-05 വാർഷിക പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുകയും ആവശ്യമാണെങ്കിൽ പരിഷ്ക്കരിക്കുകയും ചെയ്യുക.

(5) സ്പിൽ ഓവർ പരിപാടികൾ കണ്ടെത്തുക.

(6) കരട് പ്രോജക്ട് നിർദ്ദേശങ്ങൾ നിശ്ചയിച്ചിട്ടുള്ള പ്രൊഫോർമകളിൽ/ ഫോറങ്ങളിൽ തയ്യാറാക്കുക.

(7) ജില്ലാ ആസൂത്രണ സമിതിയോ തദ്ദേക സ്ഥാപനമോ ഏല്പിക്കുന്ന മറ്റു ദൗത്യങ്ങൾ.

6.1.8. ദാരിദ്ര്യ ലഘൂകരണം, പട്ടികജാതിക്കാർ, വനിതകൾ, ശിശുക്കൾ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ മുതലായ പ്രത്യേക വിഭാഗങ്ങളുടെ പദ്ധതികൾ എന്നീ വികസന മേഖലകളിടെ പരസ്പര ബന്ധമുള്ള പ്രശ്നങ്ങൾ ഓരോ വർക്കിംഗ് ഗ്രൂപ്പും പരിശോധിക്കേണ്ടതാണ്. ഓരോ വർക്കിംഗ് ഗ്രൂപ്പും അവയുടെ മേഖലയിലെ ദാരിദ്ര്യ നിർമ്മാർജ്ജന ഘടകങ്ങൾ കണ്ടെത്തേണ്ടതും അവ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിന് ശുപാർശ ചെയ്യേണ്ടതുമാണ്. അപ്രകാരം ലഭിക്കുന്ന ശുപാർശകൾ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പ് ക്രോഡീകരിച്ച് അവരുടെ നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടതാണ്.

6.1.9. നീർത്തട പരിപാലനം, പ്രാദേശിക സാമ്പത്തിക വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളിൽ ബാങ്ക് പ്രതിനിധികൾ പങ്കെടുക്കുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

6.2. ഘട്ടം 2 : വിടവുകൾ നികത്തൽ

പത്താം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ചുവടെയുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിരുന്നു:-

(1) വികസന കാഴ്ചപ്പാട് രേഖ (Vision Document) തയ്യാറാക്കുക;

(2) വികസന റിപ്പോർട്ട് പരിഷ്ക്കരിച്ച് (update) അച്ചടിക്കുക;

(3) പരിഷ്ക്കരണ പദ്ധതി (Reform Plan) തയ്യാറാക്കുക;

(4) ആനുകൂല്യങ്ങൾ നല്കിയത് സംബന്ധിച്ച രജിസ്റ്റർ (Benefits Register) തയ്യാറാക്കുക.

എന്നാൽ ചില തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പാക്കിയിട്ടില്ലെന്ന് കാണുന്നു. അതിനാൽ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും വികസന കാഴ്ചപ്പാട് രേഖ, പരിഷ്ക്കരിച്ച വികസന റിപ്പോർട്ട്, പരിഷ്ക്കരണ പദ്ധതി എന്നിവ മൂന്ന് പ്രത്യേക രേഖകളായി നിർബന്ധമായും തയ്യാറാക്കേണ്ടതും അവയുടെ മൂന്ന് കോപ്പികൾ വീതം പദ്ധതി രേഖയോടൊപ്പം ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കേണ്ടതുമാണ് (വികസന കാഴ്ചപ്പാട് രേഖ, പരിഷ്ക്കരിച്ച വികസന റിപ്പോർട്ട് എന്നിവ അച്ചടിച്ച് 2002-ൽ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ഇപ്പോൾ നല്കേണ്ടതില്ല). ബനിഫിറ്റ് രജിസ്റ്റർ തയ്യാറാക്കി പെർഫോർമെൻസ് ഓഡിറ്റ് വിഭാഗത്തിന്റെ പരിശോധനയ്ക്ക് നല്കേണ്ടതാണ്.

6.3. ഘട്ടം 3 : ബാങ്കുകളുമായി ബന്ധം സ്ഥാപിക്കൽ

ദേശസാൽകൃത ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ, സഹകരണ ബാങ്കുകൾ എന്നിവയുമായി ദൃഢമായ ബന്ധം സ്ഥാപിക്കുന്നതിന് ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റിയുടെ (District Level Banker's Committee) ഒരു പ്രത്യേക യോഗം ജില്ലാ കളക്ടർ വിളിച്ചു ചേർക്കേണ്ടതാണ്. പ്രസ്തുത യോഗത്തിലേയ്ക്ക് ജില്ലാ ആസൂത്രണ സമിതി പ്രസിഡന്റിനെയും നഗരസഭാ സ്ഥാപനങ്ങളുടെ ചെയർപേഴ്സൺമാരെയും പ്രത്യേകം ക്ഷണിക്കേണ്ടതാണ്. ദേശീയ കാർഷിക ഗ്രാമ വികസന ബാങ്ക് (National Bank for Agriculture and Rural Development – NABARD) തയ്യാറാക്കിയിട്ടുള്ള പൊട്ടൻഷ്യൽ ലിങ്ക്ഡ് ക്രെഡിറ്റ് പ്ലാൻ (Potential Linked Credit Plan) ആ യോഗത്തിൽ വിശദമായി ചർച്ച ചെയ്യേണ്ടതും പഞ്ചായത്തല വികസനത്തിനും സാമ്പത്തിക വികസനത്തിനും അനുയോജ്യമായ മേഖലകൾ കണ്ടെത്തേണ്ടതുമാണ്. ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റികൾ (Block Level Bankers' Committee) യോഗം ചേരുന്നതിനുള്ള ഒരു സമയ പട്ടിക ജില്ലാതല ബാങ്കേഴ്സ് കമ്മിറ്റി നിശ്ചയിക്കേണ്ടതാണ്. ബ്ലോക്ക് തല ബാങ്കേഴ്സ് കമ്മിറ്റിയിൽ ബന്ധപ്പെട്ട എല്ലാ ഗ്രാമപഞ്ചായത്തുകളുടെയും ബ്ലോക്ക് പഞ്ചായത്തിന്റെയും പ്രസിഡന്റുമാർ, ബ്ലോക്ക് പഞ്ചായത്തിലെയും ഗ്രാമപഞ്ചായത്തുകളിലെയും കൃഷി, മൃഗ സംരക്ഷണം, മത്സ്യബന്ധനം സാമൂഹ്യ ക്ഷേമം എന്നീ വകുപ്പ് ഉദ്യോഗസ്ഥർ, കുടുംബശ്രീയുടെയും മറ്റ് ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളുടെയും ചുമതലയുള്ള ഉദ്യോഗസ്ഥർ മുതലായവരെ ക്ഷണിക്കേണ്ടതാണ്. ബാങ്ക് പ്രതിനിധികളുമായുള്ള യോഗങ്ങൾക്ക് ഒരു ദിവസം മുഴുവനായും വിനിയോഗിക്കേണ്ടതാണ്. പ്രസ്തുത യോഗങ്ങളിൽ ഓരോ ഗ്രാമപഞ്ചായത്തിനും ബ്ലോക്ക് പഞ്ചായത്തിനും ബാങ്ക് വായ്പ ഉറപ്പുവരുത്തുന്ന നിർദ്ദേശങ്ങൾക്ക് വ്യക്തമായ രൂപം നല്കേണ്ടതാണ്.

7. ആസൂത്രണ ഘട്ടം

7.1. ഘട്ടം 1 : വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ തയ്യാറാക്കൽ

7.1.1. വർക്കിംഗ് ഗ്രൂപ്പിന്റെ ഒന്നാമത്തെ യോഗത്തിൽ ചർച്ച ചെയ്യുന്നതിനുള്ള വിശദമായ കുറിപ്പ് കൺവീനർ തയ്യാറാക്കി അംഗങ്ങൾക്ക് വിതരണം ചെയ്യണം. അതിന്റെ ഒരു പകർപ്പ് ബന്ധപ്പെട്ട ജില്ലാ തല ഉദ്യോഗസ്ഥന് അയക്കുകയും മറ്റൊന്ന് കൺവീനർ ഫയലിൽ

സൂക്ഷിക്കുകയും വേണം. കൺവീനർ തയ്യാറാക്കുന്ന കുറിപ്പിൽ ചുവടെ വിവരിക്കുന്ന കാര്യങ്ങൾ പ്രതിപാദിക്കേണ്ടതാണ്:–

(a) പ്രസക്തമായ സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട മേഖലയുടെ വികസാവസ്ഥ;
(b) വികസന മേഖല നേരിടുന്ന പ്രശ്നങ്ങൾ;
(c) പ്രശ്നങ്ങളുടെ പരിഹാരത്തിന് ഒൻപതാം പദ്ധതിയിലും പത്താം പദ്ധതിയുടെ ആദ്യത്തെ രണ്ട് വർഷങ്ങളിലും സ്വീകരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ;
(d) പ്രശ്നപരിഹാര പ്രവർത്തനങ്ങളുടെ വിലയിരുത്തൽ: ജയപരാജയങ്ങളുടെ കാരണങ്ങൾ വ്യക്തമാക്കണം;
(e) സ്പിൽ ഓവർ പ്രോജക്ടുകൾ ഉൾപ്പെടെ തുടർന്ന് നടപ്പാക്കേണ്ട പരിപാടികളെ കുറിച്ചുള്ള നിർദ്ദേശങ്ങൾ;
(f) പഞ്ചവത്സര പദ്ധതിയിൽ 2004–05 ലേയ്ക്ക് തയ്യാറാക്കിയ പരിപാടികളിൽ നിറുത്തേണ്ടവയെയും പുതുതായി ഉൾപ്പെടുത്തേണ്ടവയെയും സംബന്ധിച്ച നിർദ്ദേശങ്ങൾ;
(g) അംഗീകാരം ലഭിച്ച പഞ്ചവത്സര പദ്ധതിയിൽ ഉൾപ്പെട്ടിട്ടില്ലാത്ത പുതിയ പരിപാടികൾക്ക് ആവശ്യമായ വിഭവങ്ങൾ.

7.1.2. ബന്ധപ്പെട്ട വികസന മേഖലയിലെ സ്റ്റേക്ക്ഹോൾഡർമാരുമായി (Stakeholders) കൂടിയാലോചിച്ചുവേണം പ്രോജക്ട് നിർദ്ദേശങ്ങളുടെ കരട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കേണ്ടത്. കരട് നിർദ്ദേശങ്ങളിൽ മുൻഗണനകളും മുൻഗണന നിശ്ചയിക്കുന്നതിന് സ്വീകരിച്ച മാനദണ്ഡങ്ങളും വ്യക്തമാക്കേണ്ടതാണ്. ഈ മാർഗ്ഗരേഖയിൽ വിവരിച്ചിട്ടുള്ള പൊതു മാർഗ്ഗ നിർദ്ദേശങ്ങളും മേഖലാ മാർഗ്ഗ നിർദ്ദേശങ്ങളും പാലിച്ചായിരിക്കണം വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ തയ്യാറാക്കേണ്ടത്. വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകളിൽ ചുവടെ വിവരിക്കുന്ന അദ്ധ്യായങ്ങൾ ഉണ്ടായിരിക്കണം:–

1) വികസന മേഖലയെപ്പറ്റി സ്ഥിതി വിവരക്കണക്കുകൾ സഹിതമുള്ള വിശദീകരണം;
2) ഒൻപതാം പദ്ധതിയിലും പത്താം പദ്ധതിയുടെ ആദ്യത്തെ രണ്ടു വർഷങ്ങളിലും ഏറ്റെടുത്ത വികസന പ്രവർത്തനങ്ങൾ;
3) ജയപരാജയങ്ങൾ: ഭൗതിക സാമ്പത്തിക നേട്ടങ്ങൾ ഉൾപ്പെടെ;
4) നിലവിലുള്ള പ്രശ്നങ്ങൾ, വിടവുകൾ, ആവശ്യങ്ങൾ, സാദ്ധ്യതകൾ;
5) അവയ്ക്ക് നിർദ്ദേശിക്കുന്ന വികസന തന്ത്രങ്ങൾ;
6) സ്പിൽ ഓവർ പ്രോജക്ടുകളെപ്പറ്റിയും അവ തുടരുന്നതിനെക്കുറിച്ചും വിശദമായ കുറിപ്പ്;
7) പഞ്ചവത്സര പദ്ധതിയിൽ 2004–05–ലേയ്ക്ക് ഉൾപ്പെടുത്തിയ പ്രോജക്ടുകളുടെ വിശകലനം, അവയിൽ മാറ്റം വരുത്തുകയോ ഒഴിവാക്കുകയോ ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങൾ;
8) പദ്ധതി പ്രദേശങ്ങൾ തെരഞ്ഞെടുക്കുവാനും ഗുണഭോക്താക്കളെ കണ്ടെത്തുവാനും അർഹതയുള്ള ഗുണഭോക്താക്കളുടെ മുൻഗണനാ പട്ടിക തയ്യാറാക്കുവാനും സ്വീകരിക്കാവുന്ന മാനദണ്ഡങ്ങൾ ഉൾപ്പെടെയുള്ള കരട് പ്രോജക്ട് നിർദ്ദേശങ്ങൾ;
9) വിഭവാവശ്യകത, പൊതുജനങ്ങളിൽ നിന്നുള്ള സംഭാവന ഉൾപ്പെടെയുള്ള വിഭവ സ്രോതസ്സുകൾ തുടങ്ങിയ വിവരങ്ങൾ.

വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പരിഗണിക്കണം. അവ ഗ്രാമസഭകളിലും/വാർഡ്സഭകളിലും മറ്റ് വേദികളിലും ചർച്ച ചെയ്യേണ്ടതാണ്.

7.1.3. മേഖലാ മാർഗ്ഗ നിർദ്ദേശങ്ങൾ

മേഖല തിരിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ ചുവടെ നല്കുന്നു:–

a) കൃഷി, അനുബന്ധമേഖലകൾ, ജലസംരക്ഷണം

(i) കൃഷിയിലെയും അനുബന്ധ മേഖലകളിലെയും പദ്ധതി, നീർത്തട വികസന സമീപനത്തിൽ ആകണം. ഒരു നീർത്തട പ്രദേശത്തിനുള്ളിൽ വിവിധ വികസന മേഖലകൾക്ക് യാന്ത്രികമായി പരിപാടികൾ നിർദ്ദേശിക്കുന്നതിനു പകരം ആ പ്രദേശത്തിന്റെ നീർത്തട രീതികൾ കണ്ടെത്തി വികസന ഇടപെടലുകൾ നിർദ്ദേശിക്കേണ്ടതാണ്. നീർത്തട പരിപാലനത്തിന്റെ ഒരു പ്രത്യേക ഘട്ടത്തിന് അനുയോജ്യമായ പരിപാടികൾ മാത്രമെ ആ ഘട്ടത്തിൽ ഏറ്റെടുക്കേണ്ടതുള്ളൂ. ഈ സമീപനം മണ്ണു സംരക്ഷണം, ജല സംരക്ഷണം/പരിപോഷണം, കൃഷി രീതി (cropping pattern)യിലും കൃഷിയുടെ തീവ്രത (cropping intensity)യിലും ഉചിതമായ മാറ്റങ്ങൾ നിർദ്ദേശിക്കുന്ന ജൈവപിണ്ഡ (bio mass) ഉല്പാദനം, അധിക ജൈവപിണ്ഡ ഉല്പാദനത്തിന്റെ ഭാഗമായി കന്നുകാലി വളർത്തലിലുള്ള വർദ്ധനവ്, അധിക ജലത്തിന്റെ (surplus water) വിനിയോഗം തുടങ്ങിയവയ്ക്കെല്ലാം ബാധകമാണ്.

(ii) ബ്ലോക്ക്തല നീർത്തട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ഒൻപതാം പദ്ധതിയിൽ നടത്തിയിട്ടുണ്ട്. ഏകദേശം 500 ഹെക്ടർ വിസ്തൃതിയുള്ള ഓരോ സൂഷ്മ നീർത്തടത്തിന്റെയും അതിർത്തി വേർതിരിച്ച് ബ്ലോക്ക് തല അവലോകന റിപ്പോർട്ടുകൾ തയ്യാറാക്കിയിട്ടുണ്ട്. ഇനി ചെയ്യേണ്ട പ്രവർത്തനങ്ങൾ ചുവടെ വിവരിക്കുന്നു:-

(1) നീർത്തടാതിർത്തി 1 : 4000 സ്കെയിൽ മാപ്പിൽ വേർതിരിക്കുക;

(2) ഓരോ സൂക്ഷ്മ നീർത്തടത്തിനും (micro watershed) വികസന റിപ്പോർട്ടുകൾ തയ്യാറാക്കുക;

(3) ഓരോ സൂക്ഷ്മ നീർത്തടത്തിനും കർമ്മ പദ്ധതി തയ്യാറാക്കുക.

തദ്ദേശഭരണ സ്ഥാപനങ്ങൾ 2004-05-ലെ വാർഷിക പദ്ധതിക്ക് അന്തിമരൂപം നല്കുന്നതിന് മുമ്പ് ഈ പ്രവർത്തനങ്ങൾ പൂർത്തിയാകണം. അതിനുശേഷം ഇവയെല്ലാം സംയോജിപ്പിച്ച് ബ്ലോക്കുതല നീർത്തട പരിപാലന മാസ്റ്റർ പ്ലാൻ തയ്യാറാക്കേണ്ടതാണ്.

(iii) പഞ്ചായത്ത് വിഭവ ഭൂപടങ്ങൾ തയ്യാറാക്കിയിട്ടുള്ള എല്ലാ ഗ്രാമപഞ്ചായത്തുകളും അവ ആസൂത്രണ ആവശ്യങ്ങൾക്ക് ഉപയോഗിക്കേണ്ടതാണ്.

(iv) പ്രാദേശികമായി ഏറ്റെടുക്കാവുന്ന ചെറുകിട ജലസേചന പ്രോജക്ടുകൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ പ്രത്യേക പരിഗണന നല്കേണ്ടതാണ്. നീർത്തട വികസനവുമായി ബന്ധപ്പെട്ട പുതിയ പ്രോജക്ടുകൾ ആവിഷ്ക്കരിക്കാമെങ്കിലും കൃഷിക്ക് കൂടുതൽ ജലം ലഭ്യമാക്കുവാൻ കഴിയുന്ന തരത്തിൽ നിലവിലുള്ള പ്രോജക്ടുകൾ പുനരുദ്ധരിക്കുന്നതിന് മുൻഗണന നല്കണം.

(v) കൈമാറികിട്ടിയിട്ടുള്ള കൃഷി ഫാമുകളുടെയും മൃഗസംരക്ഷണ ഫാമുകളുടെയും വ്യക്തമായ വികസനത്തിന് ജില്ലാ പഞ്ചായത്തുകൾ പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. അതിനുവേണ്ടി നിക്ഷേപിക്കുന്ന പദ്ധതി വിഹിതം ഒരു റിവോൾവിംഗ് ഫണ്ടിന്റെ രീതിയിലായാൽ തിരികെ ലഭിക്കുന്ന തുക ഭാവിയിൽ പുനർനിക്ഷേപത്തിന് വിനിയോഗിക്കാവുന്നതാണ്.

(vi) ഗ്രാമപഞ്ചായത്തുകളും, മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും പ്രാദേശിക ജലസ്രോതസ്സുകളായ കുളങ്ങൾ, തടാകങ്ങൾ എന്നിവയുടെ പുനരുദ്ധാരണത്തിനും/ അറ്റകുറ്റപ്പണികൾക്കും നീർത്തട സമീപനത്തോടെയുള്ള പുതിയ ജലസംരക്ഷണ- മഴവെള്ള ശേഖരണ സംവിധാനങ്ങളുടെ (water storage and water harvesting structures) നിർമ്മാണത്തിനും വിശദമായ കർമ്മ പരിപാടികൾ തയ്യാറാക്കേണ്ടതാണ്. ഗ്രാമപ്രദേശങ്ങളിലെ ഇത്തരത്തിലുള്ള വലിയ പ്രവൃത്തികൾ ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും പദ്ധതികളിൽ ഉൾപ്പെടുത്തുവാൻ നിർദ്ദേശിക്കേണ്ടതാണ്. 2004-05-ലെ വാർഷിക പദ്ധതി രൂപീകരണ പ്രവർത്തനങ്ങൾ പൂർത്തിയാകുമ്പോൾ ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും ജലസംരക്ഷണത്തിന് സമഗ്രവും സമയബന്ധിതവുമായ കർമ്മ പരിപാടി ഉണ്ടാകണം. ഇവ സംയോജിപ്പിച്ച് ജലസംരക്ഷണത്തിനായുള്ള ജില്ലാ പദ്ധതിക്ക് രൂപം കൊടുക്കാൻ കഴിയും.

**b)** ദാരിദ്ര്യ ലഘൂകരണം

(i) പ്രാദേശിക സാമ്പത്തിക വികസനത്തിലൂടെ ദാരിദ്ര്യ ലഘൂകരണത്തിന് സ്ഥായിയായ ശ്രമം നടത്തേണ്ടതാണ്. ഈ കാര്യത്തിൽ കുടുംബശ്രീയുടെ നേട്ടങ്ങൾ അരക്കിട്ടുറപ്പിക്കണം. വികേന്ദ്രീകരണത്തിന്റെ ഫലമായി ദരിദ്രവിഭാഗങ്ങൾക്ക് കൂടുതൽ തുക വകയിരുത്തിയിരുന്നുവെങ്കിലും അതിന്റെ പ്രയോജനം പലപ്പോഴും പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ അഗതികൾക്ക് ലഭിച്ചിട്ടില്ലായെന്നാണ് അനുഭവങ്ങൾ കാണിക്കുന്നത്. അഗതികളുടെ പ്രശ്നങ്ങളും ആവശ്യങ്ങളും പരിഹരിക്കുന്നതിന് പ്രത്യേകമായതും വ്യത്യസ്തമായതും നേരിട്ടുള്ളതുമായ സമീപനമാണ് സ്വീകരിക്കേണ്ടത്.

(ii) ദാരിദ്ര്യ ലഘൂകരണ തന്ത്രങ്ങളിൽ , അടിസ്ഥാനപരമായി, ചുവടെ വിവരിക്കുന്ന കാര്യങ്ങൾക്ക് ഊന്നൽ നല്കണം.

(1) കുടുംബത്തിന് അത്യാവശ്യമായ വീട്, ശുചിത്വ സൗകര്യങ്ങൾ മുതലായവ അന്ത്യോദയ സമീപനമനുസരിച്ച് ലഭ്യമാക്കുക.
(2) കുടിവെള്ളം, വൈദ്യുതി തുടങ്ങിയ സൗകര്യങ്ങൾ പാവപ്പെട്ടവർക്ക് ഗ്രൂപ്പ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുക.
(3) ആരോഗ്യത്തിനും വിദ്യാഭ്യാസത്തിനും സൗകര്യങ്ങൾ ഏർപ്പെടുത്തുക; അവയുടെ സേവന നിലവാരം മെച്ചപ്പെടുത്തി പാവപ്പെട്ടവർക്ക് ലഭ്യമാക്കുക.
(4) പാവപ്പെട്ടവർക്ക് വേതന തൊഴിലവസരങ്ങൾ പ്രദാനം ചെയ്യുന്ന പ്രാദേശിക സാമ്പത്തിക വികസനം പ്രോത്സാഹിപ്പിക്കുക.
(5) പാവപ്പെട്ടവർക്ക് വേണ്ടിയുള്ള സൂക്ഷ്മ സംരഭങ്ങൾ - പ്രത്യേകിച്ച് ഗ്രൂപ്പടിസ്ഥാനത്തിൽ - പ്രോത്സാഹിപ്പിക്കുക.
(6) തൊഴിൽ വിപണിയെ (job market) പ്രയോജനപ്പെടുത്തുവാനും സ്വയം തൊഴിൽ സംരംഭങ്ങൾ ഏറ്റെടുക്കുവാനും ഉതകുന്ന തരത്തിൽ പാവപ്പെട്ടവരുടെ വൈദഗ്ദ്ധ്യ പരിപോഷണവും ശേഷി വികസനവും പ്രോത്സാഹിപ്പിക്കുക.
(7) അഗതികൾക്ക് സേവനങ്ങളുടെയും സുരക്ഷാ പ്രവർത്തനങ്ങളുടെയും (care measures and services) ഒരു പാക്കേജ് പ്രദാനം ചെയ്യുക.

**c)** പട്ടികജാതി വികസനം

(1) പ്രത്യേകഘടക പദ്ധതി വിഹിതത്തിന്റെ മൂന്നിൽ രണ്ട് ഭാഗം ചെലവാക്കുന്നത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. സംയോജിത ആസൂത്രണം ഇല്ലാതെ ധനസഹായം നല്കുവാൻ മാത്രം ഉദ്ദേശിച്ചിട്ടുള്ള വാർപ്പ് മാതൃകാ (stereotyped)

പ്രോജക്ടുകളാണ് സാധാരണ നടപ്പാക്കി വരുന്നത്. അതിനാൽ പട്ടികജാതി ജനവിഭാഗത്തിന്റെ സാമൂഹ്യ സാമ്പത്തിക അവസ്ഥ, അതിന്റെ സമഗ്രതയിൽ മനസ്സിലാക്കി അവരുടെ മൊത്തത്തിലുള്ള വികസനത്തിന് ആസൂത്രണം ചെയ്യേണ്ടതാണ്.

(2) പട്ടികജാതിക്കാർക്കു വേണ്ടി പ്രത്യേക പരിപാടികൾ കണ്ടെത്തി, അവ കൂട്ടി ചേർത്ത് പ്രത്യേക ഘടക പദ്ധതിക്ക് രൂപം നല്കുന്ന സമീപനമാണ് നിലവിൽ കണ്ടുവരുന്നത്. ഇതിന് വിപരീതമായ ഒരു രീതിയാണ് അവലംബിക്കേണ്ടത്. ദാരിദ്ര്യരേഖാ സർവ്വെ, എസ്.സി പ്രൊമോട്ടർമാരും ആക്ടിവിസ്റ്റുകളും നടത്തിയ സർവ്വെ എന്നിവ ഉൾപ്പെടെയുള്ള സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ സ്റ്റേക്ക്ഹോൾഡർമാരുമായി സംവദിച്ച് പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പ് പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത്തരം ആലോചനകളിൽ എസ്.സി പ്രൊമോട്ടർമാർക്ക് സജീവമായ പങ്കാളിത്തം ഉണ്ടായിരിക്കേണ്ടതാണ്.

(3) പശ്ചാത്തല സൗകര്യങ്ങളുടെ വികസനത്തിന് ഏറ്റവും കുറഞ്ഞത് പത്തു കുടുംബങ്ങളെങ്കിലും അടുത്തടുത്തായി താമസിക്കുന്ന പട്ടികജാതി സങ്കേതങ്ങൾ കണ്ടെത്തേണ്ടതാണ്. നിലവിലുള്ള പട്ടികജാതി സങ്കേതങ്ങളുടെ ലിസ്റ്റിനു പുറമെ ഇത്തരത്തിൽ പത്തിൽ കുറയാതെ കുടുംബങ്ങൾ താമസമുള്ള ക്ലസ്റ്ററുകളും കണ്ടെത്തി ഉൾപ്പെടുത്താവുന്നതാണ്.

(4) പദ്ധതി വിഹിതം എങ്ങനെയും ചെലവഴിക്കാനുള്ള ഒരു ഉപാധിയായി പ്രത്യേകഘടക പദ്ധതി മാററുത്. കുടുംബങ്ങളെ അടിസ്ഥാന ഘടകങ്ങളായി കാണുന്ന അന്ത്യോദയ സമീപനമായിരിക്കണം സ്വീകരിക്കേണ്ടത്. ആനുകൂല്യങ്ങൾ നല്കുന്നതിനു പുറമേ വിദ്യാഭ്യാസ സൗജന്യങ്ങൾ, സംവരണം എന്നിങ്ങനെ നിലവിലുള്ള അവകാശങ്ങൾ (entitilements) അനുഭവിക്കാനുള്ള സാഹചര്യങ്ങൾ ഉറപ്പു വരുത്തുവാനും കഴിയണം.

(5) എസ്.സി പ്രൊമോട്ടർമാരുടെ എണ്ണം കുറവാണെങ്കിൽ അവരെ പട്ടികജാതി വികസന വർക്കിംഗ് ഗ്രൂപ്പിലേയ്ക്ക് നാമനിർദ്ദേശം ചെയ്യുകയും അവരോട് മറ്റ് വർക്കിംഗ് ഗ്രൂപ്പുകളുടെ, പ്രത്യേകിച്ച് ദാരിദ്ര്യ ലഘൂകരണം, വനിതകളുടെയും ശിശുക്കളുടെയും വികസനം എന്നീ വർക്കിംഗ് ഗ്രൂപ്പുകളുടെ, കഴിയുന്നത്ര യോഗങ്ങളിൽ പങ്കെടുക്കുവാൻ നിർദ്ദേശിക്കുകയും ചെയ്യാവുന്നതാണ്.

(6) സോഷ്യൽ മാപ്പ് (social map) തയ്യാറാക്കുന്ന പ്രക്രിയയിൽ എസ്.സി പ്രൊമോട്ടർമാരെ നിർബന്ധമായും പങ്കെടുപ്പിക്കേണ്ടതാണ്. സോഷ്യൽ മാപ്പിന്റെ ഒരു പകർപ്പ് വാർഡുതല ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിക്ക് നല്കേണ്ടതാണ്.

(7) പട്ടികജാതി സമൂഹത്തിലെ അംഗങ്ങൾക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്ന പ്രോജക്ടുകളാണ് പ്രത്യേക ഘടക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ടത്. പ്രത്യേക ഘടക പദ്ധതിയിൽ സാങ്കല്പിക പ്രയോജനം (notional flow of benefits) അനുവദനീയമല്ല. പ്രത്യേകഘടക പദ്ധതി വിഹിതം പട്ടികവർഗ്ഗക്കാർക്ക് പ്രയോജനപ്പെടുന്ന പരിപാടികൾക്കുപോലും വക മാറ്റി ചെലവഴിക്കുവാൻ പാടില്ല. പട്ടികജാതി വികസന ജില്ലാതല സമിതിക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്രത്യേക പദ്ധതി പരിപാടികളുടെ നിർവഹണം മോണിറ്റർ ചെയ്യാവുന്നതാണ്.

(8) പ്രത്യേക ഘടക പദ്ധതി പ്രോജക്ടുകൾ രണ്ട് വിഭാഗങ്ങളായി വേർതിരിക്കാവുന്നതാണ്. വ്യക്തികൾ (ഉദാഹരണം : സ്വയം തൊഴിൽ), കുടുംബങ്ങൾ (ഉദാഹരണം : വീട്, ഭൂമി), ഗ്രൂപ്പുകൾ (ഉദാഹരണം : നഗര പ്രദേശങ്ങളിൽ വനിതാ ശിശുവികസനം (DWCUA)) എന്നിങ്ങനെ ഗുണഭോക്താക്കളെ ലക്ഷ്യമാക്കിയുള്ള പ്രോജക്ടുകളാണ് ഒന്നാമത്തെ വിഭാഗത്തിൽ ഉൾപ്പെടുക. ഈ വിഭാഗത്തിലുള്ള പ്രോജക്ടുകളുടെ എല്ലാ ഗുണഭോക്താക്കളും പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരും, പ്രത്യേകം ഒഴിവാക്കപ്പെട്ടിട്ടില്ലെങ്കിൽ, ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും ആയിരിക്കണം.

(9) പശ്ചാത്തല വികസന പ്രോജക്ടുകളാണ് രണ്ടാമത്തെ വിഭാഗത്തിൽപ്പെടുക. അവയുടെ ഗുണഭോക്താക്കളിൽ ഭൂരിപക്ഷം പട്ടികജാതിക്കാരായിരിക്കണം. സാമൂഹ്യ പ്രവർത്തനങ്ങളും പശ്ചാത്തല വികസന പ്രവൃത്തികളും ഏറ്റെടുക്കുമ്പോൾ അവയുടെ ആകെ ഗുണഭോക്താക്കളിൽ 50 ശതമാനത്തിൽ അധികം പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവരാണെന്ന് ഉറപ്പുവരുത്തേണ്ടതാണ്. നീർത്തട പരിപാലനം, ജലസേചനം മുതലായ പ്രദേശങ്ങളുടെ വികസന പരിപാടികൾക്ക് കുടുംബങ്ങളുടെ എണ്ണം അർഹതാ മാനദണ്ഡമായി കണക്കാക്കരുത്. പ്രസ്തുത പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന പ്രദേശത്തിന്റെ (ഭൂമിയുടെ) 50 ശതമാനത്തിൽ കൂടുതൽ പട്ടികജാതിക്കാരുടേതായിരിക്കണം. പശ്ചാത്തല വികസനത്തിനുള്ള എല്ലാ നിർദ്ദേശങ്ങളിലും അവയുടെ പ്രയോജനം ലഭിക്കുന്ന വീടുകളും അതിൽ പട്ടികജാതിക്കാരുടെ വീടുകൾ പ്രത്യേകം വേർതിരിച്ചു കാണിക്കുന്നതുമായ സോഷ്യൽ മാപ്പും പ്രോജക്ടിന്റെ ഭൂരിപക്ഷം ഗുണഭോക്താക്കളും പട്ടികജാതിക്കാരാണെന്നും മാർഗ്ഗ നിർദ്ദേശങ്ങൾ കൃത്യമായി പാലിച്ചിട്ടുണ്ട് എന്നും സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റും ഉണ്ടായിരിക്കണം. സർട്ടിഫിക്കറ്റ്, പട്ടികജാതി വികസന വകുപ്പിലെ ഒരു ഉദ്യോഗസ്ഥനോ തദ്ദേശഭരണ സ്ഥാപനം രൂപീകരിക്കുന്ന ഒരു ഉപസമിതിയോ ആണ് നല്കേണ്ടത്. ഉപസമിതിയാണ് സർട്ടിഫിക്കറ്റ് നല്കുന്നതെങ്കിൽ പട്ടികജാതി വികസന വകുപ്പിലെ ഒരു ഉദ്യോഗസ്ഥൻ ആ സമിതിയിൽ അംഗമായിരിക്കണം.

(10) പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനകരമല്ലാത്ത പരിപാടികൾ പ്രത്യേക ഘടക പദ്ധതി പ്രകാരം ഏറ്റെടുക്കുവാൻ പാടില്ല. മാർഗ്ഗരേഖ പ്രകാരം പട്ടികജാതി വിഭാഗങ്ങൾക്ക് പ്രയോജനകരമല്ലാത്ത പ്രോജക്ടുകൾ നടപ്പിലാക്കുന്നുവെന്നു കണ്ടെത്തിയാൽ ആ പ്രോജക്ടിന് സാക്ഷ്യപത്രം നല്കിയ ഉദ്യോഗസ്ഥന്റെയോ ഗ്രൂപ്പിന്റെയോ മേൽ ധനദുർവിനിയോഗം ചെയ്തതിന് നടപടി എടുക്കുകയും ചെലവായ തുക തിരികെ വസൂലാക്കുകയും ചെയ്യുന്നതാണ്.

**d)** <u>ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ എന്നീ പ്രത്യേക വിഭാഗങ്ങൾക്കായുള്ള പദ്ധതി</u>

ഈ പദ്ധതി മൂന്ന് ഉപഭാഗങ്ങളായി തയ്യാറാക്കണം. ഓരോ ഉപഭാഗത്തിലും ഓരോ പ്രത്യേക വിഭാഗത്തിന്റെയും കാര്യങ്ങൾ പ്രതിപാദിക്കേണ്ടതാണ്. അവരുടെ പ്രത്യേക പ്രശ്നങ്ങൾ തിരിച്ചറിയുകയും അവ പരിഹരിക്കുവാനുള്ള പ്രോജക്ടുകൾ ഉണ്ടാകുകയും വേണം. ഈ

ഈ വിഭാഗങ്ങളിൽപ്പെട്ടവർക്ക് നേരിട്ട് പ്രയോജനം ലഭിക്കുന്നതും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് പ്രത്യേക പരിഗണന നല്കുന്നതുമായ പ്രോജക്ടുകളാണ് നിർദ്ദേശിക്കേണ്ടത്. അങ്കണവാടികളിൽ പഠന സഹായികളും കളിപ്പാട്ടങ്ങളും വിതരണം ചെയ്യുന്നതിനും ശിശുക്കൾ ഉപയോഗിക്കുവാൻ ഇഷ്ടപ്പെടുന്ന തരത്തിലുള്ള ടോയ്ലറ്റുകൾ ഏർപ്പെടുത്തുന്നതിനും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. വൃദ്ധജനങ്ങൾക്കും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്കും പൊതു സ്ഥലങ്ങളിൽ പ്രത്യേക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് മറ്റു സഹായങ്ങൾ നൽകുന്നതിനും പ്രോജക്ടുകൾ തയ്യാറാക്കാവുന്നതാണ്. ഈ വിഭാഗങ്ങളെ സഹായിക്കുന്നതിനായി പ്രവർത്തിക്കുന്ന പൊതു സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുവാനുള്ള പ്രോജക്ടുകൾക്ക് മുൻഗണന നൽകണം.

**e)** വനിതാ ഘടക പദ്ധതി

വനിതകളുടെ, പ്രത്യേകിച്ച് ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ, ആവശ്യങ്ങൾക്ക് വനിതാഘടക പദ്ധതിയിൽ ശ്രദ്ധ നൽകേണ്ടതാണ്. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനവും മറ്റ് വനിതാ ഗ്രൂപ്പുകളും ഗവൺമെന്റിതര സംഘടനകളും വനിതാ ഘടക പദ്ധതി തയ്യാറാക്കുന്നതിൽ സജീവമായി പങ്കെടുക്കേണ്ടതാണ്. വനിതകളുടെ സൂക്ഷ്മ സംരംഭങ്ങൾ സ്ഥാപിക്കുക, വനിതകൾ ഗൃഹനായികമാരായിട്ടുള്ള കുടുംബങ്ങൾക്ക് അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള ആസ്തികൾ പ്രദാനം ചെയ്യുക എന്നീ പ്രോജക്ടുകൾ ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് അവയുടെ ത്രിഫ്റ്റുമായി ബന്ധപ്പെടുത്തുന്ന റിവോൾവിംഗ് ഫണ്ടിനും സാധ്യതയുണ്ട്. വിശദമായ സ്ത്രീ പദവി പഠനവും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്.

**f)** സംയോജിത ശിശു വികസന പരിപാടി

അങ്കണവാടികളിലെ പശ്ചാത്തല സൗകര്യങ്ങളുടെയും ഉപകരണങ്ങളുടെയും കുറവ് കണ്ടെത്തി അവ ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിന് പദ്ധതി തയ്യാറാക്കണം. ശിശുക്കൾക്ക് നല്കുന്ന പോഷകാഹാരത്തിന്റെയും പ്രീപ്രൈമറി വിദ്യാഭ്യാസത്തിന്റെയും ഗുണമേന്മ വർദ്ധിപ്പിക്കേണ്ടതാണ്. മൂന്നു വയസ്സു വരെ പ്രായമുള്ള ശിശുക്കൾക്കും കൗമാരപ്രായത്തിലുള്ള പെൺകുട്ടികൾക്കും (adolescent girls) പ്രത്യേക പോഷകാഹാരം നല്കേണ്ടതാണ്.

**g)** ആരോഗ്യം

ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് സമഗ്ര പഠനം നടത്തി ജനങ്ങൾക്ക് മെച്ചപ്പെട്ട ആരോഗ്യസേവനങ്ങൾ പ്രദാനം ചെയ്യുന്നതിനുള്ള നിർദ്ദേശങ്ങളാണ് ആരോഗ്യ മേഖലയിൽ ഉണ്ടാകേണ്ടത്. മൂലധന നിക്ഷേപത്തേക്കാൾ ആരോഗ്യ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനാണ് പദ്ധതിയിൽ പ്രാധാന്യം നല്കേണ്ടത്. ആരോഗ്യ പശ്ചാത്തല മേഖലയിൽ നിലവിലുള്ള നിലവാരവും പ്രദാനം ചെയ്യേണ്ടതായ ഏറ്റവും കുറഞ്ഞ നിലവാരവും കണ്ടെത്തി പോരായ്മകൾ, തദ്ദേശഭരണ സ്ഥാപനം നിശ്ചയിച്ചിട്ടുള്ള മുൻഗണനയും വിഭവ ലഭ്യതയും കണക്കിലെടുത്ത്, ഘട്ടം ഘട്ടമായി പരിഹരിക്കുന്നതിനുള്ള പദ്ധതി നിർദ്ദേശങ്ങൾ ഉണ്ടാകണം. ഈ സമീപനമാണ്

സ്വീകരിച്ചിട്ടുള്ളതെന്ന് ഗ്രാമസഭകളിലും / വാർഡു സഭകളിലും മറ്റു വേദികളിലും വെളിപ്പെടുത്തുകയും പദ്ധതി രേഖയിൽ വ്യക്തമാക്കുകയും ചെയ്യേണ്ടതാണ്.

h) വിദ്യാഭ്യാസവും സ്പോർട്സും

(i) ആരോഗ്യ മേഖലയ്ക്ക് നിർദ്ദേശിച്ചുട്ടുള്ള നടപടിക്രമങ്ങൾ വിദ്യാഭ്യാസ മേഖലയും പാലിക്കേണ്ടതാണ്. വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് പ്രത്യേകം ഊന്നൽ നൽകണം. നിശ്ചിത പഠന നിലവാരമെങ്കിലും കൈവരിക്കുക (Minimum Levels of Learning), എസ്.എസ്.എൽ.സി., ഹയർ സെക്കണ്ടറി പരീക്ഷകൾക്ക് മെച്ചപ്പെട്ട നേട്ടങ്ങൾ കൈവരിയ്ക്കുക മുതലായ മോണിട്ടർ ചെയ്യാവുന്ന ലക്ഷ്യങ്ങൾ നിർണ്ണയിക്കണം.

(ii) കുടുംബശ്രീയുമായി സഹകരിച്ച് കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനം മുഖേന ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിലെ വിദ്യാർത്ഥികൾക്ക് സമൂഹാടിസ്ഥാനത്തിൽ പരിഹാരബോധനം (remedial coaching) ഏർപ്പെടുത്തണം.

(iii) ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തി സ്പോർട്സിന്റെ വികസനം പ്രോത്സാഹിപ്പിക്കണം.

**i)** റോഡുകൾ

ഓരോ തദ്ദേശ സ്ഥാപനത്തിന്റെയും നിയന്ത്രണത്തിലുള്ള റോഡുകൾ അവ ഏതു വിഭാഗത്തിൽപ്പെടുന്നു എന്ന് വ്യക്തമായി രേഖപ്പെടുത്തുന്ന ഒരു റോഡ് മാപ്പ് (road map) തയ്യാറാക്കേണ്ടതാണ്. റോഡ് മാപ്പിൽ ഒൻപതാം പദ്ധതിയിലും പത്താം പദ്ധതിയുടെ ആദ്യത്തെ രണ്ട് വർഷങ്ങളിലും വികസനത്തിനായി ഏറ്റെടുത്ത റോഡുകൾ പ്രത്യേക നിറത്തിൽ രേഖപ്പെടുത്തണം. റോഡുകൾ ഏറ്റെടുക്കുന്നതിനുള്ള മുൻഗണനാക്രമത്തിന് മാനദണ്ഡങ്ങൾ നിശ്ചയിച്ച് അതിന്റെ അടിസ്ഥാനത്തിൽ റോഡ് വികസന പദ്ധതി തയ്യാറാക്കേണ്ടതാണ്. അടുത്ത മൂന്നു വർഷത്തേയ്ക്ക് നടത്താനുദ്ദേശിക്കുന്ന റോഡ് വികസന പദ്ധതികൾ, ഓരോ വാർഷിക പദ്ധതിയിലും ഉൾപ്പെടുത്തുവാൻ ഉദ്ദേശിക്കുന്ന റോഡുകൾ എന്നിവ വ്യത്യസ്ത നിറങ്ങളിൽ റോഡ് മാപ്പിൽ രേഖപ്പെടുത്തേണ്ടതാണ്.

**j)** വൈദ്യുതി

റോഡ് വികസന പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വൈദ്യുതി ഏർപ്പെടുത്തുന്നതിനും പാലിക്കേണ്ടതാണ്. വൈദ്യുതി വിതരണ പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിന് മുൻപ് പ്രോജക്ടുകളുടെ പ്രവർത്തന സാദ്ധ്യത, വൈദ്യുതി ലഭ്യത എന്നീ കാര്യങ്ങൾ വൈദ്യുതി ബോർഡിന്റെ പ്രാദേശിക ഓഫീസുമായി ബന്ധപ്പെട്ട് ചർച്ച ചെയ്ത് ഉറപ്പു വരുത്തണം

**k)** കുടിവെള്ള വിതരണം

ഓരോ തദ്ദേശഭരണസ്ഥാപനവും അതിന്റെ പരിധിക്കുള്ളിൽ നിലവിലുള്ള കുടിവെള്ള വിതരണ പ്രോജക്ടുകൾ, അതുപ്രകാരം പൂർണ്ണമായി പ്രയോജനം ലഭിക്കുന്ന പ്രദേശങ്ങൾ, പ്രയോജനം തീരെ ലഭിക്കാത്ത പ്രദേശങ്ങൾ എന്നിവ വ്യക്തമാക്കുന്ന മാപ്പ് തയ്യാറാക്കണം (സ്രോതസ്സ് ഏതായാലും ഉപയോഗിക്കാവുന്ന കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് പ്രോജക്ടിന്റെ പ്രയോജനം കൊണ്ട് അർത്ഥമാക്കുന്നത്). അതിന്റെ അടിസ്ഥാനത്തിൽ

ഘട്ടം ഘട്ടമായി പൂർത്തിയാക്കാവുന്ന ഒരു കുടിവെള്ള വിതരണ പ്രോജക്ട് തയ്യാറാക്കണം. ആ പ്രോജക്ട് പൂർത്തിയാകുമ്പോൾ പ്രദേശത്തെ എല്ലാവർക്കും കുടിവെള്ളം ലഭ്യമാകുന്നുവെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഒരു ഗ്രാമപഞ്ചായത്തിൽ മാത്രം പ്രവർത്തിക്കുന്നതും കേരളാ വാട്ടർ അതോറിറ്റിയുടെ അധീനതയിലുള്ളതുമായ കുടിവെള്ള വിതരണ പദ്ധതി ഏറ്റെടുക്കുവാൻ വേണ്ടിയുള്ള പ്രോജക്ട് ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത് തയ്യാറാക്കേണ്ടതാണ്.

**l)** ഖരമാലിന്യ പരിപാലനം

(i) എല്ലാ നഗരസഭാ സ്ഥാപനങ്ങളും ജില്ലാ/ബ്ലോക്ക്/താലൂക്ക് ആസ്ഥാനങ്ങൾ സ്ഥിതി ചെയ്യുന്ന ഗ്രാമ പഞ്ചായത്തുകളും ഖരമാലിന്യ പരിപാലനത്തിന് നിർബന്ധമായും പദ്ധതികൾ തയ്യാറാക്കേണ്ടതാണ്. ആ പ്രോജക്ടിൽ ചുവടെ നല്കുന്ന ഘടകങ്ങൾ ഉണ്ടായിരിക്കണം:–

(1) പ്രാദേശികമായി ഉണ്ടാകുന്ന മാലിന്യത്തിന്റെ തോത്;
(2) ഉത്ഭവ സ്ഥാനങ്ങളിൽ വച്ചു തന്നെ മാലിന്യങ്ങൾ തരംതിരിക്കുവാനുള്ള സംവിധാനം;
(3) വീടുകളിൽ നിന്നും മാലിന്യങ്ങൾ ശേഖരിക്കുവാനുള്ള സംവിധാനം;
(4) ഏറ്റവും അടുത്തുള്ള സംസ്ക്കരണ സ്ഥലത്തേയ്ക്ക് മാലിന്യം എത്തിക്കാനുള്ള സംവിധാനം.

(ii) ഗ്രാമപഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഖരമാലിന്യ പരിപാലന പ്രോജക്ടുകൾക്ക് വേണ്ട സാങ്കേതിക സഹായം ക്ലീൻ കേരള മിഷൻ നല്കുന്നതാണ്.

m) സ്ഥലപര ആസൂത്രണം

എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും ചുവടെ വിവരിക്കുന്ന നിർദ്ദേശങ്ങൾ പ്രകാരം സ്ഥലപര ആസൂത്രണത്തിന് ഊന്നൽ നല്കേണ്ടതാണ്.

(i) വർക്കിംഗ് ഗ്രൂപ്പുകൾ നിർദ്ദേശിക്കുന്ന കരട് പ്രോജക്ടുകളുടെ, പ്രത്യേകിച്ച് പശ്ചാത്തല വികസന പ്രോജക്ടുകളുടെ, സ്ഥാനം (location) നിർണ്ണയിക്കുന്നതിന് സ്ഥലപര ആസൂത്രണ സങ്കേതം (spatial planning technique) ഉപയോഗിക്കാവുന്നതാണ്.

(ii) ഒരു തദ്ദേശഭരണ സ്ഥാപനത്തിലെ എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും കരടു നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്ഥലസംബന്ധമായ വിഷയങ്ങളുടെ ഒരു സംയോജിത രേഖ (integrated document on spatial issues) തയ്യാറാക്കേണ്ടതാണ്. പ്രസ്തുത രേഖ തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന ആവശ്യങ്ങൾ എടുത്തു കാണിക്കുന്നതും മുൻഗണനകൾക്ക് ഊന്നൽ നൽകുന്നതുമായിരിക്കണം.

(iii) സ്ഥലസംബന്ധമായ വിഷയങ്ങളുടെ സംയോജിത രേഖ തയ്യാറാക്കുവാൻ ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും എല്ലാ വർക്കിംഗ് ഗ്രൂപ്പുകളിലെയും പ്രതിനിധികളെ ഉൾപ്പെടുത്തി ഒരു സ്പേഷ്യൽ ഇന്റഗ്രേഷൻ സമിതി (Spatial Integration Committee) രൂപീകരിക്കുന്നത് അഭിലഷണീയമാണ്.

(iv) ജില്ലാ ടൗൺപ്ലാനർ/നഗര ഗ്രാമ ആസൂത്രണ വകുപ്പിലെ ഒരു ടെക്നിക്കൽ ഓഫീസർ / സ്ഥലപര ആസൂത്രണത്തിൽ പ്രത്യേക പരിശീലനം ലഭിച്ച ഒരു ഉദ്യോഗസ്ഥൻ ഇവരിൽ ഒരാളെ സ്പേഷ്യൽ ഇന്റഗ്രേഷൻ സമിതിയുടെ കൺവീനർ ആയി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

(v) മുകളിൽ സൂചിപ്പിച്ച സംയോജിത രേഖ വികസന സെമിനാറിൽ ചർച്ചയ്ക്ക് അവതരിപ്പിക്കേണ്ടതാണ്.

(vi) തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും സ്ഥലപര ആസൂത്രണ പൈലറ്റ് പ്രോജക്ടുകൾ തയ്യാറാക്കുവാൻ സന്നദ്ധത പ്രകടിപ്പിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്തുകളെയും നഗരസഭാ സ്ഥാപനങ്ങളെയും ജില്ലാ ആസൂത്രണ സമിതി തെരഞ്ഞെടുക്കേണ്ടതാണ്.

(vii) സ്ഥലസംബന്ധമായ വിഷയങ്ങളുടെ സംയോജിത രേഖ തയ്യാറാക്കുന്നതിനുള്ള പരിശീലനം എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും ബന്ധപ്പെട്ട ജില്ലാ ടൗൺ പ്ലാനർ നല്കേണ്ടതാണ്.

7.2. ഘട്ടം 2 : ഗ്രാമസഭ/വാർഡുസഭ യോഗങ്ങൾ

7.2.1. ഗ്രാമസഭകളിലെ പങ്കാളിത്തം ഏറ്റവും കുറഞ്ഞത് 25 ശതമാനമായും വാർഡു സഭകളിലേത് ഏറ്റവും കുറഞ്ഞത് 20 ശതമാനമായും വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. ഗ്രാമസഭ/വാർഡ് സഭകളിൽ സാമൂഹ്യ സാമ്പത്തിക വിഭാഗത്തിലെ ഓരോ വിഭാഗവും നിശ്ചയമായും പ്രതിനിധാനം ചെയ്യേണ്ടതാണ്. ഗ്രാമസഭ/വാർഡ്സഭ യോഗങ്ങൾ ഒരു ക്യാമ്പയിൻ മാതൃകയിൽ സംഘടിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ചുവടെ നിർദ്ദേശിക്കുന്നു:-

(a) ഗ്രാമസഭ/വാർഡ്സഭ യോഗ തീയതികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ മുൻകൂട്ടി തീരുമാനിക്കണം
(b) പദ്ധതി ആസൂത്രണത്തിന് ഗ്രാമസഭ/വാർഡ്സഭകളുടെ ഉത്തരവാദിത്വങ്ങൾ സംക്ഷിപ്തമായി വിശദീകരിക്കുന്ന ക്ഷണക്കത്ത് രൂപത്തിലുള്ള നോട്ടീസ് അച്ചടിച്ച് വിതരണം ചെയ്യണം.
(c) പൊതുസ്ഥലങ്ങളിൽ നോട്ടീസുകൾ പ്രദർശിപ്പിക്കണം.
(d) ഗ്രാമസഭകളിൽ/വാർഡ്സഭകളിൽ പങ്കെടുക്കുവാൻ താല്പര്യമുള്ള വിഭാഗങ്ങളുമായി (interest groups) ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മുഖേന ബന്ധപ്പെടണം
(e) പ്രാതിനിധ്യ സ്വഭാവമുള്ള സംഘടനകളിലൂടെ അറിയിപ്പ് നല്കണം.
(f) സ്കൂളുകൾ, അങ്കണവാടികൾ, സഹകരണ സംഘങ്ങൾ മുതലായവയിലൂടെ പ്രത്യേക പ്രചാരണം.
(g) ഗവൺമെന്റിതര സംഘടനകൾ, വായനശാലകൾ, സഹകരണ സംഘങ്ങൾ മുതലായവയിലൂടെ പ്രത്യേക ശ്രമങ്ങൾ
(h) സ്വയം സഹായ സംഘങ്ങൾ / അയൽക്കൂട്ടങ്ങൾ മുതലായവയിലൂടെയും എസ്.സി/ എസ്.റ്റി. പ്രൊമോട്ടർമാർ മുഖേനയുമുള്ള മുന്നൊരുക്കങ്ങൾ.
(i) നാഷണൽ സർവ്വീസ് സ്കീം വോളന്റിയർമാർ, എൻ.സി.സി കേഡറ്റുകൾ, സാമൂഹ്യ പ്രവർത്തനങ്ങൾക്ക് നിയോഗിക്കപ്പെട്ടിട്ടുള്ള (social work placement) കോളേജ് വിദ്യാർത്ഥികൾ എന്നീ വിഭാഗങ്ങൾ മുഖേനയുള്ള ക്യാമ്പയിൻ.
(j) സ്ക്വാഡുകൾ മുഖേന ഭവന സന്ദർശനം

7.2.2. ഓരോ ഗ്രാമസഭയ്ക്കും / വാർഡ്സഭയ്ക്കും ഒരു വനിതയും ഒരു പുരുഷനും എന്ന ക്രമത്തിൽ രണ്ട് ഫെസിലിറ്റേറ്റർമാർ ഉണ്ടായിരിക്കണം. ഇവരെ വർക്കിംഗ് ഗ്രൂപ്പ്

അംഗങ്ങളിൽ നിന്നും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾ ഏകകണ്ഠമായി കണ്ടെത്തേണ്ടതാണ്. ഫെസിലിറ്റേറ്റർമാർക്ക് ബ്ലോക്ക് / മുനിസിപ്പാലിറ്റി തലത്തിൽ പരിശീലനം നല്കണം.

7.2.3. വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ തയ്യാറായി കഴിഞ്ഞാൽ ഗ്രാമസഭ/വാർഡ്സഭ യോഗങ്ങൾ ചേരേണ്ടതാണ്. യോഗങ്ങളുടെ ഘടന ചുവടെ വിവരിക്കുന്ന പ്രകാരം ആയിരിക്കണം.

(a) അരമണിക്കൂർ ദൈർഘ്യമുള്ള ആദ്യ പ്ലീനറി സമ്മേളനത്തിൽ പദ്ധതി തയ്യാറാക്കുന്നതിൽ ഗ്രാമസഭകളുടെ/വാർഡ് സഭകളുടെ പങ്ക് ഫെസിലിറ്റേറ്റർമാർ വ്യക്തമായി വിശദീകരണം. പത്താം പദ്ധതിയിലെ ആദ്യത്തെ രണ്ട് വർഷങ്ങളിലെ പ്രവർത്തനങ്ങളെപ്പറ്റി പൊതുവായ അവലോകനം നടത്തേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ കരട് നിർദ്ദേശങ്ങളും 2003–04 വാർഷിക പദ്ധതി കണക്കുകളും അച്ചടിച്ച് വിതരണം ചെയ്യണം.

(b) പ്ലീനറി സമ്മേളനത്തിനു ശേഷം മേഖല അടിസ്ഥാനത്തിൽ ആവശ്യമുള്ള ഗ്രൂപ്പുകൾ രൂപീകരിക്കാവുന്നതാണ്. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ള എല്ലാ മേഖലകൾക്കും ചർച്ചാഗ്രൂപ്പുകൾ നിർബന്ധമായും ഉണ്ടായിരിക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ തയ്യാറാക്കിയിട്ടുള്ള നിർദ്ദേശങ്ങൾ ഗ്രാമസഭ/വാർഡ്സഭ ഗ്രൂപ്പുകളിൽ വർക്കിംഗ് ഗ്രൂപ്പിലെ ഒരു അംഗം തന്നെ അവതരിപ്പിച്ച് വിശദമായി ചർച്ചയ്ക്ക് വിധേയമാക്കണം. അവതാരകൻ തന്നെ ഗ്രൂപ്പിലെ ചർച്ചകൾ രേഖപ്പെടുത്തേണ്ടതാണ്. വികസന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് പൊതു ജനങ്ങൾക്ക് കഴിയുന്ന കാര്യങ്ങളും തദ്ദേശഭരണ സ്ഥാപനത്തിന് ചെയ്യാവുന്നവയും വ്യക്തമായി ചർച്ചചെയ്ത് ഒരു അഭിപ്രായ സമന്വയം ഉണ്ടാക്കേണ്ടതാണ്. വിവിധ വികസന മേഖലകൾക്കും ഓരോ വികസന മേഖലയ്ക്കുള്ളിലും സ്വീകരിക്കേണ്ട മുൻഗണനയ്ക്ക് ഗ്രാമസഭ/വാർഡ്സഭ ഗ്രൂപ്പുകൾ മാനദണ്ഡങ്ങൾ നിശ്ചയിക്കേണ്ടതും അതനുസരിച്ച് മുൻഗണന നിർണ്ണയിക്കേണ്ടതുമാണ്.

(c) ഗ്രൂപ്പ് യോഗങ്ങളുടെ ശുപാർശകൾ സമാപന സമ്മേളനത്തിൽ വച്ച് ക്രോഡീകരിക്കേണ്ടതാണ്. ഫെസിലിറ്റേറ്റർമാരാണ് ഇത് ചെയ്യേണ്ടത്. മുൻഗണനകളെക്കുറിച്ച് ഒരു അഭിപ്രായ സമന്വയം ഉണ്ടാകേണ്ടതും അത് മിനിട്ട്സിൽ രേഖപ്പെടുത്തേണ്ടതുമാണ്.

7.2.4. തദ്ദേശഭരണ സ്ഥാപനത്തിലെ സെക്രട്ടറി ഗ്രാമസഭ/വാർഡ്സഭ യോഗങ്ങളെ സംബന്ധിച്ച് ചുവടെ വിവരിക്കുന്ന രേഖകൾ സൂഷ്മതയോടെ ശേഖരിച്ച് സൂക്ഷിക്കേണ്ടതാണ്:–

(a) ഫോട്ടോഗ്രാഫുകൾ;

(b) അറ്റന്റൻസ് രജിസ്റ്റർ: ഗ്രാമസഭ/വാർഡ്സഭയിൽ പങ്കെടുത്തവരുടെ വീട്ടുനമ്പർ, മേൽവിലാസം, വയസ്സ്, സ്ത്രീയോ, പുരുഷനോ, പട്ടികജാതിയോ, പട്ടികവർഗ്ഗമോ, തൊഴിൽ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ ഉണ്ടാകണം;

(c) ഗ്രൂപ്പ് ചർച്ചകളുടെ നടപടിക്കുറിപ്പുകൾ;

(d) ഗ്രാമസഭയുടെ/വാർഡ്സഭയുടെ മൊത്തത്തിലുള്ള ശുപാർശകൾ.

7.2.5. ബ്ലോക്ക് പഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും പ്രത്യേകം നടപടിക്രമങ്ങൾ

ബ്ലോക്ക് പഞ്ചായത്തുകൾ അവയുടെ പരിധിക്കുള്ളിലെ ത്രിതല പഞ്ചായത്തുകളിലെ തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ടുള്ള ഒരു യോഗം സംഘടിപ്പിച്ച് മുകളിൽ സൂചിപ്പിച്ച രീതിയിലുള്ള വിശദമായ ചർച്ച നടത്തണം.

ജില്ലാപഞ്ചായത്തുകൾ ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരെയും ബ്ലോക്ക് പഞ്ചായത്തുകളിലെയും ജില്ലാ പഞ്ചായത്തിലെയും തെരഞ്ഞെടുക്കപ്പെട്ട എല്ലാ ജനപ്രതിനിധികളെയും പങ്കെടുപ്പിക്കുന്ന ഒരു യോഗം സംഘടിപ്പിച്ച് നേരത്തെ സൂചിപ്പിച്ച രീതിയിൽ ചർച്ചകൾ നടത്തണം. ഗ്രാമസഭ/വാർഡ്സഭ യോഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള നടപടിക്രമങ്ങൾ അതേപോലെ ഈ ആലോചനാ യോഗങ്ങൾക്കും അവലംബിക്കേണ്ടതാണ്.

7.3 ഘട്ടം 3 : വികസന തന്ത്രം ആവിഷ്ക്കരിക്കൽ (strategy setting)

7.3.1 തദ്ദേശഭരണ സ്ഥാപനങ്ങൾ ഗ്രാമസഭ/വാർഡ്സഭകളുടെ നിർദ്ദേശങ്ങൾ വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകളോടൊപ്പം പരിഗണിച്ച് പദ്ധതി രേഖയുടെ കരട് ചർച്ചയ്ക്ക് വേണ്ടി തയ്യാറാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന കാഴ്ചപ്പാട് വ്യക്തമായി പ്രതിപാദിക്കുന്നതും, അവലംബിക്കുവാൻ ഉദ്ദേശിക്കുന്ന മുൻഗണനകളും വികസന തന്ത്രവും വിശദീകരിക്കുന്നതും, പ്രോജക്ട് നിർദ്ദേശങ്ങളും വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുന്നതിനുള്ള കരട് രേഖയാണ് തയ്യാറാക്കേണ്ടത്. അടുത്ത പടിയായി കരട് രേഖയുടെ അടിസ്ഥാനത്തിൽ പ്രധാന സ്റ്റേക്ക്ഹോൾഡർമാരായ കർഷകർ, വ്യാപാരികൾ, വ്യവസായികൾ, തൊഴിലാളികൾ, ദരിദ്രജനവിഭാഗങ്ങൾ അക്കാദമിക്കുകൾ, പ്രൊഫഷണലുകൾ മുതലായ വിഭാഗങ്ങളുമായി ഗ്രൂപ്പുതല ആലോചനകൾ നടത്തേണ്ടതാണ്. അതിനുശേഷം ഒരു ഏകദിന വികസന സെമിനാർ (Development Seminar) സംഘടിപ്പിക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനത്തിലെ ജനപ്രതിനിധികൾ, കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പുകളിലെ മറ്റംഗങ്ങൾ, ഗ്രാമപഞ്ചായത്തിനെ സംബന്ധിച്ചടത്തോളം ഗ്രാമസഭയിലെ രണ്ട് പ്രതിനിധികൾ (ഒരു വനിതയും ഒരു പുരുഷനും), സ്റ്റേക്ക്ഹോൾഡർമാരുടെയും വികസന വിദഗ്ദ്ധരുടെയും പ്രതിനിധികൾ, ജില്ലാതല ബാങ്കേഴ്സ് സമിതിയുടെയോ ബ്ലോക്ക് തല ബാങ്കേഴ്സ് സമിതിയുടെയോ (തലങ്ങൾ അനുസരിച്ച്) പ്രതിനിധികൾ മുതലായവരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള വികസന സെമിനാർ ആണ് സംഘടിപ്പിക്കേണ്ടത്. ചർച്ചയ്ക്കായി കരട് പദ്ധതി രേഖ അച്ചടിച്ച് വിതരണം ചെയ്യണം. സെമിനാറിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന തന്ത്രങ്ങൾ പൂർണ്ണമാക്കേണ്ടതും വികസന പ്രോജക്ടുകളുടെ മുൻഗണനകൾ നിശ്ചയിക്കേണ്ടതുമാണ്.

7.3.2 ഗ്രാമസഭ/വാർഡ്സഭ സംഘടിപ്പിക്കുന്നതിനുള്ള രീതിയാണ് വികസന സെമിനാർ സംഘടിപ്പിക്കുന്നതിനും സ്വീകരിക്കേണ്ടത്. സെമിനാറിന്റെ ആദ്യത്തെ പ്ലീനറി സമ്മേളനത്തിൽ കരട് വാർഷിക പദ്ധതി വിശദീകരിക്കേണ്ടതാണ്. അതിനുശേഷം മേഖലകളുടെ അടിസ്ഥാനത്തിൽ ചർച്ചാ ഗ്രൂപ്പുകൾ സംഘടിപ്പിക്കണം. വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുള്ള എല്ലാ മേഖലകൾക്കും നിർബന്ധമായും ചർച്ചാ ഗ്രൂപ്പുകൾ ഉണ്ടായിരിക്കണം. ഇപ്രകാരം ഗ്രൂപ്പുകളുടെ അടിസ്ഥാനത്തിൽ വിശദമായ ചർച്ചകൾ നടത്തേണ്ടതും സമാപന പ്ലീനറി സമ്മേളനത്തിൽ എല്ലാ ശുപാർശകളും സംയോജിപ്പിക്കേണ്ടതുമാണ്. വികസന സെമിനാറിനെ സംബന്ധിച്ച് ചുവടെ വിവരിക്കുന്ന രേഖകൾ സൂക്ഷിക്കേണ്ടതാണ്.

(a) ഫോട്ടോഗ്രാഫുകൾ;

(b) അറ്റഡൻസ് രജിസ്റ്റർ: ഗ്രാമസഭ/വാർഡ്സഭയിൽ പങ്കെടുത്തവരുടെ വീട്ടുനമ്പർ, മേൽവിലാസം, വയസ്സ്, സ്ത്രീയോ, പുരുഷനോ, പട്ടികജാതിയോ, പട്ടികവർഗ്ഗമോ, തൊഴിൽ മുതലായ വിവരങ്ങൾ രജിസ്റ്ററിൽ ഉണ്ടാകണം

(c) ഗ്രൂപ്പ് ചർച്ചകളിലെ നടപടിക്കുറിപ്പുകൾ

(d) സെമിനാറിന്റെ പൂർണ്ണമായ ശുപാർശകൾ

7.4 ഘട്ടം 4 : പ്രോജക്ടുകൾ തയ്യാറാക്കൽ

7.4.1 ഗ്രാമസഭ/വാർഡ്സഭകളിലെ നിർദ്ദേശങ്ങൾ, സ്റ്റേക്ക്ഹോൾഡർമാരുമായുള്ള ചർച്ചകൾ, വികസന സെമിനാറിലെ നിർദ്ദേശങ്ങൾ എന്നിവ അടിസ്ഥാനമാക്കി വർക്കിംഗ് ഗ്രൂപ്പുകൾ വികസന പ്രോജക്ടുകൾ ഭേദഗതി ചെയ്യേണ്ടതാണ്. ഓരോ വികസന മേഖലയ്ക്കും/ ഉപമേഖലയ്ക്കും ഏകദേശം ലഭിക്കാവുന്ന ആകെ വിഹിതം എത്രയെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ തീരുമാനിച്ച് വർക്കിംഗ് ഗ്രൂപ്പുകളെ അറിയിക്കേണ്ടതാണ്. പ്രോജക്ടുകൾ തയ്യാറാക്കുന്നതിന് ചില പൊതു നിർദ്ദേശങ്ങൾ ചുവടെ നല്കുന്നു:-

7.4.2 സബ്സിഡി മാനദണ്ഡങ്ങൾ

ഗുണഭോക്താക്കൾ മുതൽ മുടക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനാണ് സബ്സിഡി നല്കേണ്ടത്. ഉല്പാദന മേഖലയെ സംബന്ധിച്ചടത്തോളം ഏറ്റെടുക്കുന്ന പ്രവർത്തനങ്ങൾക്ക് പൂരകമായോ അനുപൂരകമായോ മുതൽ മുടക്കാൻ ഗുണഭോക്താക്കളെ പ്രേരിപ്പിക്കുന്നതിനുള്ള ബോധപൂർവ്വമായ ശ്രമമാണ് സബ്സിഡി കൊടുക്കുന്നതിലൂടെ നടത്തേണ്ടത്. അതിനാൽ എല്ലാ സബ്സിഡിയും കഴിയുന്നിടത്തോളം ഗുണഭോക്തൃ വിഹിതമോ ഗുണഭോക്താക്കളുടെ പ്രവർത്തനമോ ഉറപ്പാക്കുന്ന സംയോജിത പരിപാടിയുടെ ഭാഗമായിരിക്കേണ്ടതാണ്. ഓരോ ഇനത്തിനും അനുവദനീയമായ ഏറ്റവും കൂടിയ സബ്സിഡി നിരക്ക് ചുവടെ വിവരിക്കുന്നു:-

| ക്രമ നമ്പർ | ഇനം/മേഖല | കാറ്റഗറി | സബ്സിഡി നിരക്ക് | മാനദണ്ഡങ്ങൾ |
|---|---|---|---|---|
| (1) | (2) | (3) | (4) | (5) |
| 1. | ജൈവവളവും സാധാരണവളവും ഉൾപ്പെടെയുള്ള വളം * * | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50% | • നാമമാത്രകർഷകർക്കും (ഒരു ഹെക്ടറോ അതിൽ കുറവോ ഭൂമി സ്വന്തമായുള്ളവർ) ചെറുകിട കർ.കർക്കും (ഒന്നു മുതൽ രണ്ടു ഹെക്ടർ വരെ ഭൂമി സ്വന്തമായുള്ളവർ) മാത്രം<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ.<br>• വളം വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ ഉണ്ടാകാൻ പാടില്ല.<br>• സബ്സിഡിവ്യക്തികൾക്കോകുടുംബങ്ങൾക്കോ പണമായി നൽകാൻ പാടില്ല. |
| 2. | ജൈവ കീടമാശിനികൾ ഉൾപ്പെടെയുള്ള കീടനാശിനികൾ* * | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50% | • നാമമാത്ര കർഷകർക്ക് മാത്രം<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ.<br>• കീടനാശി വിതരണം ചെയ്യുന്നതിന് മാത്രമായി പദ്ധതികൾ ഉണ്ടാകാൻ പാടില്ല.<br>• സബ്സിഡി വ്യക്തികൾക്കോ |

| | | | | |
|---|---|---|---|---|
| | | | | കുടുംബങ്ങൾക്കോ പണമായി നല്കാൻ പാടില്ല. |
| 3. | പച്ചക്കറി വിത്തുകളും നെൽവിത്തുകളും തൈകളും * * | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100% | • നാമമാത്ര കർഷകർക്ക് മാത്രം<br>• സബ്സിഡി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ പണമായി നല്കാൻ പാടില്ല.<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ. |
| ക്രമ നമ്പർ | ഇനം/മേഖല | കാറ്റഗറി | സബ്സിഡി നിരക്ക് | • മാനദണ്ഡങ്ങൾ |
| (1) | (2) | (3) | (4) | (5) |
| 4. | മറ്റ് വിത്തുകളും തൈകളും * * | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 50% | • നാമമാത്ര കർഷകർക്ക് മാത്രം<br>• സബ്സിഡി വ്യക്തികൾക്കോ കുടുംബങ്ങൾക്കോ പണമായി നല്കാൻ പാടില്ല.<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ. |
| 5. | പമ്പു സെറ്റുകൾ, സ്പ്രെയറുകൾ മറ്റു കാർഷിക യന്ത്രോപകരണങ്ങൾ * * | പൊതുവിഭാഗം | 50% | • നാമമാത്ര കർഷകർക്ക് മാത്രം<br>• നബാർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള യൂണിറ്റ് കോസ്റ്റ്<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ.<br>• സബ്സിഡി പണമായി നല്കാൻ പാടില്ല. |
| 6. | പമ്പു സെറ്റുകൾ, സ്പ്രെയറുകൾ മറ്റു കാർഷിക യന്ത്രോപകരണങ്ങൾ * * | പട്ടികജാതി/ പട്ടികവർഗ്ഗം | 75% | • നാമമാത്ര കർഷകർക്ക് മാത്രം<br>• നബാർഡ് നിശ്ചയിക്കുന്ന പ്രകാരമുള്ള യൂണിറ്റ് കോസ്റ്റ്<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ.<br>• ഗുണഭോക്താക്കൾക്ക് പണമായി നല്കാൻ പാടില്ല. |
| 7. | ട്രാക്ടറുകൾ, ടില്ലറുകൾ, മറ്റു കാർഷിക ഉപകരണങ്ങൾ * * | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100% | • കർഷകരുടെ സഹകരണ സമിതികൾക്കും രജിസ്റ്റർ ചെയ്ത പാടശേഖര സമിതികൾക്കും മാത്രം<br>• ഉപകരണങ്ങൾ ശ്രദ്ധയോടെ സംരക്ഷിക്കുമെന്നും പൊതു ആവശ്യത്തിന് മാത്രമെ ഉപയോഗിക്കു എന്നും തദ്ദേശ ഭരണ സ്ഥാപനവും കർഷക സഹകരണ സമിതിയും/ പാടശേഖര സമിതിയും ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടണം.<br>• സബ്സിഡി ഒരു ബൃഹത്തായ സംയോജിത ഉല്പാദന വർദ്ധന പ്രോജക്ടിന്റെ ഘടകമായി മാത്രമെ നല്കാവൂ. |
| 8. | രോഗബാധിക തെങ്ങ് വെട്ടി മാറ്റൽ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | കൃഷി വകുപ്പിന്റെ സബ്സിഡി നിരക്ക് | • നാമമാത്ര കർഷകർക്ക് മാത്രം<br>• രോഗം ബാധിച്ച തെങ്ങുകൾ തിട്ടപ്പെടുത്തി പ്രത്യേകം അടയാളപ്പെടുത്തുന്നതിന് കൃഷി ഓഫീസറുടെ നേതൃത്വത്തിൽ ഒരു കമ്മിറ്റി ഉണ്ടാകേണ്ടതും കമ്മിറ്റിയുടെ പരിശോധനയ്ക്ക് ശേഷം മാത്രം വെട്ടിമാറ്റിയ തെങ്ങുകൾക്ക് ധനസഹായം നല്കുകയും ചെയ്യണം. |
| 9. | മണ്ണു സംരക്ഷണം | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ഹെക്ടറിന് 7500 രൂപ (പശ്ചിമഘട്ട വികസന പരിപാടി നിരക്ക്) | • ഗുണഭോക്തൃവിഹിതം നിർബന്ധമല്ല.<br>• പശ്ചിമഘട്ട വികസന പരിപാടിയുടെ മാർഗ്ഗരേഖ ബാധകം. |
| 10 | മത്സ്യബന്ധന | പൊതുവിഭാഗം/ | ഫിഷറീസ് | • കുടുംബ വരുമാനവും സബ്സിഡി |

| | | | | |
|---|---|---|---|---|
| | പരിപാടികൾ | പട്ടികജാതി/ പട്ടികവർഗ്ഗം | വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്ക് | പരിധിയും ഫിഷറീസ് വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്ക് പ്രകാരം |
| 11. | മൃഗസംരക്ഷണ പരിപാടികൾ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | എസ്.ജി. എസ്.വൈ/ എസ്.ജെ. എസ്.ആർ.വൈ. നിരക്ക് | • സബ്സിഡി തുകയും ശതമാനവും ഗ്രാമപ്രദേശങ്ങളിൽ എസ്.ജി.എസ്.വൈ പ്രകാരവും നഗര പ്രദേശങ്ങളിൽ എസ്.ജെ.എസ്.ആർ.വൈ പ്രകാരവും<br>• യൂണിറ്റ് കോസ്റ്റ് നബാർഡ് കാലാകാലങ്ങളിൽ നിശ്ചയിക്കുന്നത് പ്രകാരം. |
| 12. | കാമധേനു ഇൻഷുറൻസ് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | മൃഗ സംരക്ഷണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നിരക്ക് | • ദാരിദ്ര്യരേഖയ്ക്ക താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• മൃഗസംരക്ഷണ വകുപ്പ് നിശ്ചയിച്ചിട്ടുള്ള നടപടിക്രമം ബാധകം. |
| 13. | മേൽക്കൂര മഴവെള്ള സംഭരണം (roof water harvesting) | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | ചെലവിന്റെ 50% പരമാവധി 5000 രൂപ വരെ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കണം |
| 14. | കിണർ (ജലസേചനത്തിനും കുടിവെള്ളത്തിനും) | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 100% | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കണം |
| 15. | കിണർ | ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള നാമമാത്ര കർഷകർ | 50% | • ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള നാമമാത്ര കർഷകർക്ക് മാത്രം<br>• യൂണിറ്റ് കോസ്റ്റ് ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിക്കണം |
| 16. | കിണറുകൾ പുതുക്കി പണിയൽ (കുടിവെള്ളത്തിന്), തുറസായ കിണറുകളാക്കി മാറ്റുക | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 2000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യ മിഷന്റെമാർഗ്ഗരേഖ പ്രകാരം കിണറുകളുടെ ഉൾവശം സിമന്റു പൂശുക, ചുറ്റുമതിൽ കെട്ടുക, പ്ലാറ്റ് ഫോം നിർമ്മിക്കുക, മലിന ജലം ഒഴുകി പോകുന്നതിന് ചാൽ നിർമ്മിക്കുക മുകൾഭാഗത്ത് സംരക്ഷണവല കെട്ടുക മുതലായ പ്രവൃത്തികൾ ചെയ്ത് തുറസായ കിണറിനെ സാനിട്ടറി കിണറാക്കി മാറ്റുന്നതിന് ഈ സബ്സിഡി നല്കാവുന്നതാണ്. |
| 17. | വീട് | പൊതുവിഭാഗം | 35,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• ഇന്ദിര ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 35,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കാവുന്നതാണ്. |
| 18. | വീട് | പട്ടികജാതി | 50,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• വീടുകൾക്ക് കുറഞ്ഞത് 325 ച.അടി തറ വിസ്തീർണ്ണം ഉണ്ടായിരിക്കണം.<br>• ഇന്ദിര ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 50,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്ക് പഞ്ചായത്തുകൾക്ക് നല്കാവുന്നതാണ്. |
| 19. | വീട് | പട്ടികവർഗ്ഗം | 75,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• വീടുകൾക്ക് കുറഞ്ഞത് 300 ച.അടി തറ വിസ്തീർണ്ണം ഉണ്ടായിരിക്കണം.<br>• ഇന്ദിര ആവാസ് യോജന പ്രകാരമുള്ള ഭവന നിർമ്മാണത്തിന് സബ്സിഡി തുക 75,000 രൂപയായി വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ അധിക തുക ബ്ലോക്ക് |

| | | | | |
|---|---|---|---|---|
| | | | | പഞ്ചായത്തുകൾക്ക് നല്കാവുന്നതാണ്.<br>• നിർമ്മാണം അക്രഡിറ്റഡ് ഏജൻസികൾ മുഖേന മാത്രം |
| 20. | വീടിന്റെ ഗുണമേന്മ വർദ്ധന/മേൽക്കൂര ബലപ്പെടുത്തൽ- ലക്ഷം വീട് ഉൾപ്പെടെ | പൊതുവിഭാഗം/ പട്ടികജാതി | 75,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• സബ്സിഡി പണമായി നല്കുവാൻ പാടില്ല<br>• ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കണം<br>• പ്രവൃത്തികൾ കഴിവതും അയൽക്കൂട്ടങ്ങൾ/ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ / കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ മുഖേന നടപ്പാക്കണം. |
| 21. | വീടിന്റെ ഗുണമേന്മ വർദ്ധന/മേൽക്കൂര ബലപ്പെടുത്തൽ- ലക്ഷം വീട് ഉൾപ്പെടെ | പട്ടികവർഗ്ഗം | 9,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• സബ്സിഡി പണമായി നല്കുവാൻ പാടില്ല<br>• ഓരോ വീടിന്റെയും അറ്റകുറ്റപ്പണിക്ക് പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കണം<br>• പ്രവൃത്തികൾ കഴിവതും അയൽക്കൂട്ടങ്ങൾ/ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ / കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ മുഖേന നടപ്പാക്കണം. |
| 22. | വീടുകളുടെ അറ്റകുറ്റ പണി (ലക്ഷം വീട് ഉൾപ്പെടെ) | പട്ടികജാതി/ പട്ടികവർഗ്ഗം | 10,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• പ്രവൃത്തികൾ കഴിവതും അയൽക്കൂട്ടങ്ങൾ/ ഏരിയ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ / കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ മുഖേന നടപ്പാക്കണം. |
| 23. | ലക്ഷംവീടിന്റെ പുതുക്കിപ്പണി/ അറ്റകുറ്റപ്പണി | പൊതുവിഭാഗം | 5,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• നിലവിലുള്ള വീടുകൾ അറ്റകുറ്റപ്പണി ചെയ്യാൻ കഴിയില്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനത്തിന്റെ മുൻഗണനാ ലിസ്റ്റ് പ്രകാരം കുടുംബത്തിന് അർഹ യുണ്ടെങ്കിൽ പുതിയവീട് നല്കാവുന്നതാണ്. |
| 24. | വീട് വയറിംഗ് | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | 1,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• എസ്റ്റിമേറ്റ് പ്രകാരം |
| 25. | സാനിട്ടറി യൂണിറ്റ് | പൊതുവിഭാഗം/ പട്ടികജാതി | 2,000 രൂപ | • ണ്ടി |
| 26. | സാനിട്ടറി യൂണിറ്റ് | പട്ടികവർഗ്ഗം | 3,500 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• മലിനജലം ഒഴുകി പോകുന്നതിനുള്ള സോക്ക് പിറ്റ്, ജൈവ മാലിന്യം സംസ്ക്കരിക്കുന്നതിനുള്ള കമ്പോസ്റ്റ് പിറ്റ്, ഇരട്ട പിറ്റ് കക്കൂസ് എന്നിവ അടങ്ങിയതായിരിക്കണം ഒരു സാനിട്ടറി യൂണിറ്റ്<br>• കമ്പോസ്റ്റ് പിറ്റ് ഏർപ്പെടുത്തുവാൻ തയ്യാറുള്ള ഗുണഭോക്താക്കൾക്ക് മാത്രമെ പൂർണ്ണ സബ്സിഡി കൊടുക്കുവാൻ പാടുള്ളു.<br>• സമ്പൂർണ്ണ ശുചിത്വ പ്രോജക്ട് നടപ്പിലാക്കി വരുന്ന ജില്ലകളിൽ സബ്സിഡി 3,500 രൂപയായി വർദ്ധിപ്പിക്കുന്നതിന് വേണ്ടി വരുന്ന അധിക തുക തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കാവുന്നതാണ്. |
| 27. | സ്വയം തൊഴിലിന് ആസ്തികൾ | പൊതുവിഭാഗം/ പട്ടികജാതി/ പട്ടികവർഗ്ഗം | എസ്.ജി. എസ്.വൈ/ എസ്.ജെ. എസ്.ആർ.വൈ. | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• ഗ്രാമപ്രദേശങ്ങളിൽ എസ്.ജി.എസ്.വൈ നിരക്കുകളും മാനദണ്ഡങ്ങളും |

| | | | | |
|---|---|---|---|---|
| | | | നിരക്കുകളും മാനദണ്ഡങ്ങളും | • നഗര പ്രദേശങ്ങളിൽ എസ്.ജെ. എസ്.ആർ .വൈ നിരക്കുകളും മാനദണ്ഡങ്ങളും |
| 28. | ഓട്ടോറിക്ഷ/ പിക്ക് അപ് ഓട്ടോ | പൊതുവിഭാഗം | 10,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുമായി ബന്ധപ്പെടുത്തിയിരിക്കണം.<br>• വായ്പ തുക ബാക്ക് എൻഡ് (Back end) സബ്സിഡിയായി ബന്ധപ്പെട്ട ബാങ്കിന് നല്കണം. |
| 29. | ഓട്ടോറിക്ഷ/ പിക്ക് അപ് ഓട്ടോ | പട്ടികജാതി/ പട്ടികവർഗ്ഗം | 20,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയുമായി ബന്ധപ്പെടുത്തിയിരിക്കണം.<br>• വായ്പ തുക ബാക്ക് എൻഡ് (Back end) സബ്സിഡിയായി ബന്ധപ്പെട്ട ബാങ്കിന് നല്കണം. |
| 30. | വിവാഹ ധനസഹായം | പട്ടികജാതി/ പട്ടികവർഗ്ഗം | 50,000 രൂപ | • ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് മാത്രം<br>• ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും മാത്രമെ ഏറ്റെടുക്കാവൂ. |

* * ക്രമനമ്പർ 1 മുതൽ 7 വരെയുള്ള ഇനങ്ങൾ പാട്ട ഭൂമിയിൽ കൃഷി നടത്തുന്നതിന് കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും നല്കാവുന്നതാണ്.

(ii) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരെ സഹായിക്കുന്നതിന് ആ വിഭാഗത്തിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് ചുവടെ വിവരിക്കുന്ന ഉപകരണങ്ങൾ സൗജന്യമായി വിതരണം ചെയ്യാവുന്നതാണ്.

*(a) ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക്:*

(1) സർജിക്കൽ ഷൂസ്/ആംഗിൾബൂട്ട്/മോൾഡഡ് ഷൂസ്/ഉയരവും അളവും അനുസരിച്ച് പ്രത്യേകം തയ്യാറാക്കിയ തുകൽ ചെരുപ്പ്/മൈക്രോ സെല്ലുലാർ റബ്ബർ സോളുള്ള ചെരുപ്പ്/അക്കോമഡേറ്റീവ് പാദരക്ഷകൾ

(2) ഓർത്തോട്ടിക്ക് ഉപകരണങ്ങൾ/വിവിധതരം കറക്റ്റീവ് ഷൂസുകൾ

(3) വിവിധതരം കൃത്രിമ അവയവങ്ങൾ/കാൽ, കൈ എന്നിവ

(4) സഞ്ചാര സഹായികൾ/വിവധതരം ക്രച്ചസ്, വാക്കർ

(5) ലംബാർ കോർസെറ്റ്/സ്പൈനൽ ബ്രേസ്/ജാക്കറ്റ്/ നീ ബ്രേസ് (knee brace)/ സ്റ്റാറ്റിക്/ ഡൈനാമിക് സ്പളിന്റ്സ്/വീൽ ചെയർ/കൈകൊണ്ടുപയോഗിക്കുന്ന ട്രൈ സൈക്കിളുകൾ/യന്ത്ര വത്കൃത ത്രിചക്രവാഹനങ്ങൾ

*(b) കേഴ്‌വി ശക്തി കുറഞ്ഞവർക്ക്*

ഹിയറിംഗ് എയിഡ്സ്

*(c) മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക്*

1. ശാരീരിക വെല്ലുവിളികൾ നേരിടുന്നവർക്ക് ഓരോരുത്തരുടെയും ആവശ്യം അനുസരിച്ച് നൽകാവുന്ന ഉപകരണങ്ങൾ
2. ഓരോ വ്യക്തിയുടെയും ആരോഗ്യ സ്ഥിതി അനുസരിച്ച് നിർമ്മിച്ചിട്ടുള്ള ട്രൈ സൈക്കിളുകളും വീൽചെയറും

*(d) കാഴ്ച കുറഞ്ഞവർക്ക്*

(1) ചലനത്തിനായുള്ള പ്രത്യേക ഉപകരണങ്ങൾ, വൈറ്റ് കെയ്ൻ

(2) ഹാൻഡ് ഹെൽഡ് സ്റ്റാന്റ്, ലൈറ്റുള്ളവയും അല്ലാത്തവയുമായ മാഗ്നിഫൈയേഴ്സ്, സ്പീച്ച് സിൻതസൈസേഴ്സ്, കമ്പ്യൂട്ടറിനാവശ്യമായ ബ്രെയ്ൽ അറ്റാച്ച്മെന്റ്.

(3) കാഴ്ച ശക്തി കുറഞ്ഞവർക്കും കേഴ്‌വി ശക്തി കുറഞ്ഞവർക്കുമായി ടെലിഫോണിൽ ഘടിപ്പിക്കുന്ന ബ്രെയ്ൽ അറ്റാച്ച്മെന്റ്.

(4) ബ്രെയ്ൽ എഴുത്തിനുപകരിക്കുന്ന ഉപകരണങ്ങൾ ഷോർട്ട് ഹാൻഡ് ബ്രെയ്ൽ മെഷീൻ, പത്താം ക്ലാസ് ജയിച്ച വിദ്യാർത്ഥികൾക്ക് ബ്രെയ്ൽ ടൈപ്പ്റൈറ്റർ, ടോക്കിംഗ് കാൽക്കുലേറ്ററുകൾ, റെയ്സ്ഡ് മാപ്പ്, ഗ്ലോബ് തുടങ്ങിയവ.

(5) പ്രത്യേക പഠന സാമഗ്രികൾ

(e) മുകളിൽ വിവരിച്ച ഉപകരണങ്ങളുടെ വില നിശ്ചയിക്കുന്നതും അവ വാങ്ങുന്നതും ആരോഗ്യ വകുപ്പിന്റെ നിലവിലുള്ള നടപടിക്രമങ്ങൾ പാലിച്ചു വേണം.

(iii) മൾബറി കൃഷി:

കേരള സംസ്ഥാന സെറികൾച്ചർ സഹകരണ ഫെഡറേഷന്റെ (സെറിഫെഡ്) സാങ്കേതിക സഹായത്തോടെയും സാമ്പത്തിക സഹകരണത്തോടെയും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് മൾബറി കൃഷിയും കൊക്കൂൺ ഉല്പാദനവും പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. മൾബറി കൃഷിക്ക് അനുയോജ്യമെന്ന് സെറിഫെഡ് കണ്ടെത്തുന്ന ഗ്രാമപഞ്ചായത്തുകളിൽ ഈ പരിപാടി നടപ്പാക്കുകയാണ് ലക്ഷ്യം.

(a) 5000 ചുവട് മൾബറി കൃഷി ചെയ്യുന്ന ഒരു സ്റ്റാൻഡേർഡ് ഏക്കർ യൂണിറ്റിന്റെ പ്രോജക്ടാണ് അഭികാമ്യം. എങ്കിലും 25 സെന്റ്/50 സെന്റ്/ ഒരേക്കർ എന്നീ യൂണിറ്റുകൾക്കും പ്രോജക്ടുകൾ പരിഗണിക്കാവുന്നതാണ്.

(b) ഏറ്റവും കുറഞ്ഞത് 10 ഏക്കർ സ്ഥലത്ത് മൾബറി കൃഷി സാധ്യതയുള്ള ഗ്രാമപഞ്ചായത്തുകൾ മാത്രമെ ഈ പ്രോജക്ട് ഏറ്റെടുക്കേണ്ടതുള്ളൂ.

(c) ഒരു ഗുണഭോക്താവിന് ഒരു സ്റ്റാൻഡേർഡ് ഏക്കർ സ്ഥലത്ത് 5000 ചുവട് മൾബറി ചെടികൾ നട്ടു വളർത്തുന്നതിന് പരമാവധി 12,500 രൂപ വരെ ഗ്രാമപഞ്ചായത്തിന് പദ്ധതി വിഹിതത്തിൽ നിന്ന് സബ്സിഡി നല്കാവുന്നതാണ്. ഒരു ഗുണഭോക്താവ് മൾബറി കൃഷി ചെയ്യുന്ന സ്ഥത്തിന്റെ വിസ്തീർണ്ണം ഒരു സ്റ്റാൻഡേർഡ് ഏക്കറിൽ കുറവാണെങ്കിൽ മൾബറി കൃഷി ചെയ്തിട്ടുള്ള സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന് ആനുപാതികമായി സബ്സിഡി നിരക്കിൽ കുറവ് വരുത്തണം. ഒരു ഏക്കർ മൾബറി കൃഷിയിൽ നിന്ന് കുറഞ്ഞത് 100 കിലോഗ്രാം കൊക്കൂൺ എങ്കിലും ഉല്പാദിപ്പിക്കുന്ന കർഷകർ മാത്രമെ (അല്ലെങ്കിൽ ആനുപാതികമായി) സബ്സിഡിക്ക് അർഹരാകുകയുള്ളൂ. ഗ്രാമപഞ്ചായത്തിന് നല്കാവുന്ന പരമാവധി സബ്സിഡി നിരക്ക് ചുവടെ സൂചിപ്പിക്കുന്നു.

| ഇനം | തുക (രൂപ) |
|---|---|
| (1) പുഴു വളർത്തുപകരണങ്ങൾ (200 ഡി.എഫ്.എൽ ശേഷി) | 7500 |
| (2) പുഴു വളർത്ത് പുരനിർമ്മാണം(തറ വിസ്തീർണ്ണം 800.ച.അടി) | 5000 |

ഇതിനുപറമെ സെൻട്രൽ സിൽക്ക് ബോർഡും സെറിഫെഡും 15,185 രൂപ വീതവും സബ്സിഡി നല്കുന്നതാണ്.

(d) വ്യക്തികളും മൾബറി കർഷക സഹകരണ സംഘങ്ങളിലെ അംഗങ്ങളും ആയ ചെറുകിട നാമമാത്ര കർഷകർക്ക് മാത്രമായി സബ്സിഡി പരിമിതപ്പെടുത്തേണ്ടതാണ്. സ്വന്തം സ്ഥലത്തോ ഭൂമി പാട്ടത്തിനെടുത്തോ മൾബറി കൃഷി ചെയ്യുന്ന ചെറുകിട നാമമാത്ര കർഷകർ ഗ്രാമപഞ്ചായത്തിന്റെ സബ്സിഡിക്ക് അർഹരാണ്.

(e) കൊക്കൂൺ ഉല്പാദനം ആരംഭിച്ചതിനുശേഷം മാത്രമെ ഗ്രാമപഞ്ചായത്തിന്റെ സബ്സിഡി വിതരണം ചെയ്യാൻ പാടുള്ളൂ.

(f) സെറിഫെഡിന്റെ സാങ്കേതിക ഉപദേശം അനുസരിച്ച് മൾബറി കൃഷിയും കൊക്കൂൺ ഉല്പാദനവും നടത്തേണ്ടതാണ്. ഇത് സംബന്ധിച്ച എല്ലാ നിബന്ധനകളും പാലിച്ചിട്ടുണ്ട് എന്ന് സെറിഫെഡ് നിയോഗിച്ചിട്ടുള്ള നിർവഹണ ഉദ്യോഗസ്ഥൻ നല്കുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ മാത്രമെ സബ്സിഡി വിതരണം ചെയ്യാൻ പാടുള്ളൂ.

(iv) കൈത്തറി വികസന മേഖലയിൽ (handloom sector) ഹൗസ്-കം-വർക്ക് ഷെഡ് നിർമ്മാണം

ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും കൈത്തറി വികസന മേഖലയിലെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള തൊഴിലാളികൾക്കുള്ള കേന്ദ്രാവിഷ്കൃത പരിപാടിയായ "ഹൗസ്-കം-വർക്ക് ഷെഡ് നിർമ്മാണം" ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത പരിപാടിയുടെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു:-

(a) കേന്ദ്ര ഗവൺമെന്റിന്റെയും സംസ്ഥാന ഗവൺമെന്റിന്റെയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ഗുണഭോക്താക്കളുടെയും വിഹിതം വിനിയോഗിച്ചാണ് ഹൗസ്-കം-വർക്ക് ഷെഡ് നിർമ്മാണ പരിപാടി നടപ്പാക്കേണ്ടത്.

(b) ഹൗസ്-കം-വർക്ക് ഷെഡിന്റെ യൂണിറ്റ് കോസ്റ്റ് ഗ്രാമപ്രദേശങ്ങളിൽ 40,000 രൂപയും നഗരപ്രദേശങ്ങളിൽ 50,000 രൂപയുമാണ്. ധനകാര്യ വിശകലനം ചുവടെ നല്കുന്നു.

(തുക രൂപ)

| സ്രോതസ്സ് | ഗ്രാമപ്രദേശം | നഗരപ്രദേശം |
|---|---|---|
| 1. സബ്സിഡി | | |
| (a). കേന്ദ്രവിഹിതം | 16,500 | 18,750 |
| (b). സംസ്ഥാന വിഹിതം | 5,500 | 6,250 |
| (c). തദ്ദേശഭരണസ്ഥാപനത്തിന്റെ വിഹിതം | 15,000 | 20,000 |
| ആകെ (1) | 37,000 | 45,000 |
| 2. ഗുണഭോക്തൃ വിഹിതം | 3,000 | 5,000 |
| ആകെ (1+2) | 40,000 | 5,000 |

(c) കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഗ്രാമസഭ/ വാർഡ് സഭ മുഖേനയായിരിക്കണം ഗുണഭോക്താക്കളെ തെരഞ്ഞെടുക്കേണ്ടത്. ഗ്രാമസഭ/വാർഡ്സഭ മുഖേന തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ ലിസ്റ്റ് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് നല്കേണ്ടതാണ്. ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർ ലിസ്റ്റ് കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

(d) കൈത്തറി ടെക്സ്റ്റയിൽസ് ഡയറക്ടർ ലിസ്റ്റ് അംഗീകരിച്ചു കഴിഞ്ഞാൽ കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ സബ്സിഡി തുക ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് കൈമാറേണ്ടതും തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതവും ഗുണഭോക്തൃ വിഹിതവും ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കേണ്ടതുമാണ്.

(v) പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടി

പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയുടെ ഗുണഭോക്താക്കൾക്ക് ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും പദ്ധതി വിഹിതത്തിൽ നിന്നും സബ്സിഡി നല്കാവുന്നതാണ്.

(a) സംസ്ഥാന വിഹിതം 3250 രൂപ, തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം 3250 രൂപ, ഗുണഭോക്തൃ വിഹിതം 6500 രൂപ എന്ന രീതിയിലാണ് ഒരു യൂണിറ്റിന്റെ നിരക്ക്.

(b) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ ഉൾപ്പെടെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ഗുണഭോക്തക്കൾക്ക് മാത്രമായി ആദ്യഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സബ്സിഡി പരിമിതപ്പെടുത്തേണ്ടതാണ്. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ എല്ലാ ഗുണഭോക്താക്കൾക്കും ധനസഹായം നല്കിയതിനുശേഷം ഗവൺമെന്റിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെ ഈ പരിപാടിയുടെ ആനുകൂല്യം ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള ഗുണഭോക്താക്കൾക്ക് കൂടി വ്യാപിപ്പിക്കാവുന്നതാണ്.

(c) വികേന്ദ്രീകൃതാസൂത്രണ പദ്ധതി പ്രകാരം വ്യക്തിഗത ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും പാലിച്ച് മാത്രമെ ഈ പരിപാടിയുടെ ഗുണഭോക്താക്കളെയും തെരഞ്ഞെടുക്കാവൂ.

(d) സബ്സിഡിയുടെ സംസ്ഥാന വിഹിതം ആദ്യം നിർവഹണ ഉദ്യോഗസ്ഥനായ വെറ്ററിനറി സർജന് നല്കേണ്ടതും അപ്രകാരം തുക നല്കിയ വിവരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തെ അറിയിക്കേണ്ടതുമാണ്. അതിനുശേഷം തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം നിർവഹണ ഉദ്യോഗസ്ഥന് കൈമാറേണ്ടതാണ്.

(vi) പേവിഷ നിയന്ത്രണം

ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ മുതലായ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പേവിഷത്തിനെതിരെ നായ്ക്കൾക്ക് കുത്തിവെയ്പ് നടത്തുന്നതിനുള്ള പ്രോജക്ടുകൾ പൊതുവിഭാഗം പദ്ധതി വിഹിതം വിനിയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. പ്രസ്തുത പരിപാടിയുടെ നടത്തിപ്പ് സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ നല്കുന്നു:-

(a) പേവിഷ നിർമ്മാർജ്ജനം സംബന്ധിച്ച് ബോധവല്ക്കരണ ക്യാമ്പയിൻ സംഘടിപ്പിക്കുക.

(b) തദ്ദേശഭരണ പ്രദേശങ്ങളിൽ കുത്തിവെയ്പ് നടത്തേണ്ടുന്ന നായ്ക്കളുടെ എണ്ണം തിട്ടപ്പെടുത്തുക

(c) അപ്രകാരം തിട്ടപ്പെടുത്തുന്ന നായ്ക്കളുടെ എണ്ണം അനുസരിച്ച് യഥാർത്ഥത്തിൽ ആവശ്യമുള്ള വാക്സിൻ ഒരുമിച്ച് ഓർഡർ നല്കി വാങ്ങുക.

(d) ഓരോ സ്ഥാപനത്തിലും പേവിഷ നിർമ്മാർജ്ജന ക്യാമ്പയിൻ സംഘടിപ്പിക്കുവാൻ സന്നദ്ധതയുള്ളവരെ കണ്ടെത്തി അവർക്ക്

കുടുംബശ്രീയുടെയും കേരള സമ്പൂർണ്ണ ശുചിത്വ ആരോഗ്യമിഷന്റെയും ആഭിമുഖ്യത്തിൽ പരിശീലനം നല്കുക. പരിശീലനം ലഭിച്ചവരെ ചുമതലപ്പെട്ട കൺസൾട്ടന്റുമാരായി (authorised consultants) നിയോഗിക്കുക.

(e) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളിൽ വളർത്തുന്ന നായ്ക്കളെ കുത്തിവെയ്ക്കുവാൻ ആവശ്യമുള്ള വാക്സിന്റെ യഥാർത്ഥ വില സബ്സിഡിയായി നല്കാവുന്നതാണ്. എന്നാൽ ദാരിദ്ര്യരേഖയ്ക്ക് മുകളിലുള്ള കുടുംബങ്ങളിലെ വളർത്തു നായ്ക്കളെ കുത്തി വെയ്ക്കുവാൻ ആവശ്യമുള്ള വാക്സിന്റെ യഥാർത്ഥ വില ബന്ധപ്പെട്ടവരിൽ നിന്ന് ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിലേയ്ക്ക് വരവ് വയ്ക്കേണ്ടതാണ്. തെരുവ് നായ്ക്കളുടെ കുത്തി വെയ്പ്പിനാവശ്യമായ ചെലവ് പദ്ധതി വിഹിതത്തിൽ നിന്ന് വകയിരുത്തേണ്ടതാണ്.

(f) വോളണ്ടിയർമാരുടെ പരിശീലനം, ക്യാമ്പയിൻ പ്രവർത്തനം മുതലായവയ്ക്ക് പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

(vii) കമ്പ്യൂട്ടർ പരിശീലന പരിപാടി

a) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള അർഹരായ ഗുണഭോക്താക്കൾക്ക് വേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപ്പാക്കാവുന്ന പരിശീലന പരിപാടികളുടെ വിശദാംശങ്ങൾ ചുവടെ നല്കുന്നു:-

| ക്രമ നമ്പർ | കോഴ്സുകൾ/ഏജൻസികൾ | | അദ്ധ്യയന സമയം (മണിക്കൂറുകൾ) |
|---|---|---|---|
| 1. | വിവര സാങ്കേതിക വകുപ്പിന്റെ Course on Computer Concepts (CCC) | : | 80 |
| 2. | കമ്പ്യൂട്ടർ മെയിന്റനൻസ് കോർപ്പറേഷൻ എന്ന സ്ഥാപനത്തിന്റെ Computer Awareness Programme (CAP) | : | 84 |
| 3. | സെന്റർ ഫോർ അഡ്വാൻസ്ഡ് കമ്പ്യൂട്ടിംഗ് എന്ന സ്ഥാപനത്തിന്റെ Certificate in Office Automation (C-DAC-PACE) | : | 60 |
| 4. | NCST- എന്ന സ്ഥാപനത്തിന്റെ Competence in Software Technology-E level (CST-E Level) | : | 36 |
| 5. | NIIT-യുടെ SWIFT Employees | : | 22 |
| 6. | APTECH-ന്റെ Vidya | : | 22 |

b) മുകളിൽ സൂചിപ്പിച്ച കോഴ്സുകൾ നടത്തുന്ന പരിശീലന കേന്ദ്രങ്ങളിൽ ആവശ്യമായ സൗകര്യങ്ങളും യോഗ്യതയുള്ള പരിശീലകരും ഫ്രാഞ്ചൈസും (franchise) ഉണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്. ഓരോ കോഴ്സിനും പദ്ധതി വിഹിതത്തിൽ നിന്നും നല്കാവുന്ന ഫീസിന്റെ പരിധി ഗവൺമെന്റ് പിന്നീട് നിശ്ചയിക്കുന്നതാണ്.

c) മുകളിൽ സൂചിപ്പിച്ച കോഴ്സുകൾ ഒഴികെ മറ്റ് കമ്പ്യൂട്ടർ പരിശീലന കോഴ്സുകൾ നടത്തുന്നതിന് സംസ്ഥാനതല കോഴ്സ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ അംഗീകാരം മുൻകൂർ വാങ്ങേണ്ടതാണ്. കോഴ്സ് അക്രഡിറ്റേഷൻ കമ്മിറ്റിയുടെ ഘടന ചുവടെ നല്കുന്നു:-

(i) സെക്രട്ടറി, ഇൻഫർമേഷൻ ടെക്നോളജി

(ii) സെക്രട്ടറി, ആസൂത്രണം

(iii) സെക്രട്ടറി, തദ്ദേശസ്വയം ഭരണം

(iv) എക്സിക്യൂട്ടീവ് മിഷൻ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

(v) ഡയറക്ടർ, ഇൻഫർമേഷൻ ടെക്നോളജി മിഷൻ

(vi) ഡോ: ജയശങ്കർ (റിട്ടയേർഡ് പ്രൊഫസർ, എഞ്ചിനീയറിംഗ് കോളേജ്)

(vii) National Informatics Centre-ന്റെ പ്രതിനിധി

d) ഉദ്യോഗസ്ഥർക്കും ജനപ്രതിനിധികൾക്കും നേരിട്ട് കമ്പ്യൂട്ടർ പരിശീലനം നല്കുന്ന പരിപാടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കേണ്ടതില്ലം.

(viii) പാവപ്പെട്ടവർക്ക് വീട് വയ്ക്കുന്നതിന് സ്ഥലം നല്കൽ

(a) യഥാർത്ഥഭൂരഹിതരെ കണ്ടെത്തുന്നതിനുള്ള ബോധപൂർവ്വമായ ശ്രമം നടത്തേണ്ടതാണ്. ഇങ്ങനെ ചെയ്യുമ്പോൾ മാതാപിതാക്കളിൽ നിന്നോ ഭാര്യ/ ഭർത്താവിൽ നിന്നോ ഭൂമി അനന്തരാവകാശമായി ലഭിക്കാൻ സാദ്ധ്യതയുള്ളവരെ ഉൾപ്പെടുത്തുവാൻ പാടില്ല. പുറമ്പോക്ക് നിവാസികൾക്ക്, പ്രത്യേകിച്ച് റെയിൽവേ, റോഡ് മുതലായ പുറമ്പോക്കുകളിലും ഒരിക്കലും പട്ടയം കിട്ടാൻ സാദ്ധ്യതയില്ലാത്ത മറ്റ് പുറമ്പോക്കുകളിലും കഴിയുന്നവർക്ക്, ആദ്യ പരിഗണന നല്കേണ്ടതാണ്.

(b) ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള വീട് വയ്ക്കാൻ സ്ഥലമില്ലാത്ത എല്ലാ വിഭാഗം ആളുകൾക്കും വീട് വയ്ക്കുന്നതിനുള്ള ഭൂമി പദ്ധതി വിഹിതം വിനിയോഗിച്ച് വാങ്ങി നല്കാവുന്നതാണ്. ബന്ധപ്പെട്ട ഗ്രാമപഞ്ചായത്ത്/നഗരസഭാ സ്ഥാപനം നേരിട്ട് ഭൂമി കണ്ടെത്തേണ്ടതും ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വില പ്രകാരം ഭൂമി വാങ്ങേണ്ടതുമാണ്. ജില്ലാ കളക്ടർ നിശ്ചയിക്കുന്ന വിലയ്ക്ക് വസ്തു നല്കുവാൻ ഉടമസ്ഥൻ തയ്യാറാകുന്നില്ലെങ്കിൽ അതിനെക്കാൾ 30 ശതമാനം വരെ അധികം നഷ്ട പരിഹാരമായി (solatium) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കാവുന്നതാണ്. അപ്രകാരമുള്ള തീരുമാനത്തിന് അധിക വില നല്കേണ്ട സാഹചര്യത്തെ സംബന്ധിച്ച വ്യക്തമായ കാരണങ്ങൾ വിശദീകരിച്ചുകൊണ്ട് തദ്ദേശഭരണ സ്ഥാപനത്തിന്റെ ഭരണ സമിതി ഏകകണ്ഠ പ്രമേയം പാസാക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും വീട് വയ്ക്കുന്നതിന് സ്ഥലം വാങ്ങുന്ന പ്രോജക്ടുകൾ ഗ്രാമപഞ്ചായത്തുകൾ മുഖേന മാത്രമെ നടപ്പിലാക്കാവൂ. ഭൂമി വാങ്ങുന്നത് സംബന്ധിച്ച എല്ലാ നടപടികളും 22.01.1998-ലെ ജി.ഒ.(പി)18/1998/ത.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരമായിരിക്കണം

(c) ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഭൂരഹിതരായ എല്ലാ വിഭാഗം ഗുണഭോക്താക്കൾക്കും വീട് വയ്ക്കുന്നതിന് ഭൂമി വിലയ്ക്ക് വാങ്ങി നല്കുന്ന പ്രോജക്ടുകൾ മുകളിൽ കൊടുത്തിരിക്കുന്ന നടപടിക്രമങ്ങൾ പാലിച്ച് മാത്രമെ നടപ്പിലാക്കാവൂ. ഇതിനു പുറമെ, ഭൂരഹിതരായ പട്ടികജാതി പട്ടികവർഗ്ഗക്കാരും ആശ്രയ പദ്ധതി പ്രകാരം കണ്ടെത്തുന്ന അഗതികളും ഭൂമി നേരിട്ട് കണ്ടെത്തി വിലയ്ക്ക് വാങ്ങുകയാണെങ്കിൽ വസ്തുവിന്റെ

വില സബ്സിഡിയായി നല്കുന്നതിനുള്ള പ്രോജക്ടുകളും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം വാങ്ങുന്ന ഭൂമിയുടെ വിസ്തൃതി ഗ്രാമപ്രദേശത്ത് കുറഞ്ഞത് മൂന്ന് സെന്റും നഗര പ്രദേശത്ത് ഒന്നര സെന്റും ആയിരിക്കണം. ഗ്രാമപഞ്ചായത്തുകൾക്ക് 19,500 രൂപയും മുനിസിപ്പാലിറ്റികൾക്ക് 20,000 രൂപയും കോർപ്പറേഷനുകൾക്ക് 25,000 രൂപയും പരമാവധി സബ്സിഡി നല്കാവുന്നതാണ്. ഈ നിരക്കിനെക്കാൾ കുറവാണ് ആധാര പ്രകാരമുള്ള യഥാർത്ഥ വിലയെങ്കിൽ അതു മാത്രമെ നല്കാൻ പാടുള്ളൂ. സബ്സിഡി തുക വസ്തു വില്ക്കുന്ന ആളിന്റെ പേരിൽ ഡിമാന്റ് ഡ്രാഫ്റ്റായി കൊടുക്കേണ്ടതാണ്.

(d) മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ചേരി പരിഷ്ക്കരണത്തിന് നീക്കിവച്ചിട്ടുള്ള പദ്ധതി വിഹിതം ഭൂരഹിതരോ പൈതൃക സ്വത്തായി ഭൂമി ലഭിക്കാൻ സാദ്ധ്യതയില്ലാത്തവരോ ആയ പുറമ്പോക്കു നിവാസികളുടെ, അവർ അംഗീകൃത ചേരികളിൽ താമസിക്കുന്നവർ അല്ലെങ്കിൽ പോലും, പുനരധിവാസത്തിനായി വിനിയോഗിക്കാവുന്നതാണ്.

7.4.3 സബ്സിഡി നല്കുന്നതിനും മറ്റ് ഇനങ്ങൾക്കും ഉള്ള നിയന്ത്രണവും അനുവാദവും

(a) വ്യക്തികൾക്കും കുടുംബങ്ങൾക്കും ചുവടെ വിവരിക്കുന്ന ഇനങ്ങൾക്ക് സബ്സിഡി നല്കുവാൻ പാടില്ല.

(1) പ്രഷർ കുക്കർ
(2) പാചകപാത്രങ്ങൾ/ സംഭരണപാത്രങ്ങൾ
(3) ഫർണിച്ചർ
(4) ടെലിവിഷൻ/റേഡിയോ/മൈക്ക് സെറ്റുകൾ/ വിളക്കുകൾ/റാന്തൽ (വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിലെ വീടുകൾക്ക് സൗരോർജ്ജ റാന്തലുകൾ നല്കാവുന്നതാണ്.)
(5) ബാഗുകൾ/ചെരുപ്പുകൾ/ഷൂസുകൾ/കുടകൾ മുതലായവ പട്ടികവർഗ്ഗ വസ്ത്രങ്ങൾ/യൂണിഫാമുകൾ/ പുസ്തകങ്ങൾ
(6) പണമായി നല്കുന്ന സഹായം/ പെൻഷനുകൾ/ സംഭാവനകൾ / പരസ്യങ്ങൾ

[(5), (6): പട്ടികവർഗ്ഗ ഉപപദ്ധതിയിൽ നല്കാവുന്നതാണ്]

(7) പണമായി നല്കുന്ന സഹായം/ പെൻഷനുകൾ/ സംഭാവനകൾ/ പരസ്യങ്ങൾ
(8) ചികിത്സ/വിവാഹം/മരണാനന്തര ചടങ്ങുകൾ / കുട്ടികളുടെ ജനനം എന്നിവയ്ക്കുള്ള ധനസഹായം (പ്രത്യേകം അനുവദിക്കപ്പെട്ടിട്ടില്ലെങ്കിൽ)
(9) തയ്യൽ മെഷീൻ
(10) കോടാലി/പിക്കാസ്/മൺകോരി/മൺവെട്ടി/കത്തി എന്നിവയും മറ്റു പൂന്തോട്ട നിർമ്മാണ ഉപകരണങ്ങളും
(11) കൃഷിഭൂമി
(12) പലിശ സബ്സിഡി
(13) ഒറ്റചക്രവണ്ടി(Wheel Barrow)

വ്യക്തികൾ, കുടുംബങ്ങൾ എന്നീ വിഭാഗങ്ങൾ ഗുണഭോക്താക്കൾ ആയിട്ടുള്ള പ്രോജക്ടുകൾക്ക് മാത്രം ബാധകമായ ചില ഉദാഹരണങ്ങളാണ് മുകളിൽ സൂചിപ്പിച്ചിട്ടുള്ളത്. ഇതുപോലെയുള്ള ഇനങ്ങൾ വേറെയും ഉണ്ടെന്ന് ജില്ലാ ആസൂത്രണ സമിതിക്ക് ബോധ്യപ്പെടുകയാണെങ്കിൽ അവ ഒഴിവാക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങളെ നിർബന്ധിക്കാവുന്നതാണ്. സബ്സിഡി നല്കുന്ന

കാര്യത്തിൽ തർക്കങ്ങൾ ഉണ്ടായാൽ അത് സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ സ്പഷ്ടീകരണം തേടേണ്ടതാണ്.

(b) തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ഒരു ഇൻഫർമേഷൻ സംവിധാന ശൃംഖല (Information System Network) ഗവൺമെന്റ് ആസൂത്രണം ചെയ്യുന്നതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഓഫീസ് ഉപയോഗത്തിന് കമ്പ്യൂട്ടറും സോഫ്റ്റ് വെയറും വാങ്ങുന്നതിന് ഗവൺമെന്റിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ഐ.റ്റി @ സ്ക്കൂൾ പ്രോജക്ട് കുടുംബശ്രീയ്ക്ക് ഏറ്റെടുക്കുവാൻ കഴിയാതെ വരുന്ന സ്ക്കൂളുകളിൽ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ള സ്റ്റാൻഡേർഡുകളും സ്പെസിഫിക്കേഷനും അനുസരിച്ച് ഹാർഡ് വെയറുകളും സോഫ്റ്റ് വെയറുകളും വാങ്ങുന്നതിന് വിഹിതം വകയിരുത്താവുന്നതാണ്.

(c) പദ്ധതി വിഹിതത്തിൽ നിന്ന് ശമ്പളം നല്കാൻ പാടില്ല. എന്നാൽ പരമാവധി മൂന്ന് മാസത്തേയ്ക്ക് ഓണറേറിയമോ കൺസൾട്ടൻസി ചാർജ്ജോ നല്കാവുന്നതാണ്. ഇത് ഒരു കാരണവശാലും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ദീർഘകാലാടിസ്ഥാനത്തിലുള്ള ശമ്പള ചെലവിന്റെ ബാദ്ധ്യതയുടെ ഭാഗമാകാൻ പാടില്ല. ഗ്രാമസഭകളിലും വാർഡ് സഭകളിലും വനിതകളെ സംഘടിപ്പിക്കുന്നതിനും കുടുംബശ്രീ പരിപാടി നടപ്പാക്കുന്നതിനുള്ള സേവനം നല്കുന്ന അങ്കണവാടി വർക്കർമാർക്ക് പ്രതിമാസം പരമാവധി 100 രൂപയും ഹെൽപ്പർമാർക്ക് പ്രതിമാസം 50 രൂപയും നല്കുന്നതിനു മാത്രമാണ് ഈ കാര്യത്തിൽ ഇളവ് അനുവദിച്ചിട്ടുള്ളത്.

(d) 27.05.2003-ലെ ജി.ഒ.(എം.എസ്) 169/2003/തസ്വഭവ നമ്പർ സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്ക് വിധേയമായി മാത്രമെ പദ്ധതി വിഹിതം ഉപയോഗിച്ച് വാഹനങ്ങൾ വാങ്ങുവാൻ പാടുള്ളൂ.

(e) തദ്ദേശഭരണ സ്ഥാപനങ്ങൾ രൂപീകരിച്ചതുൾപ്പെടെയുള്ള സഹകരണ സംഘങ്ങൾക്കും ചാരിറ്റബിൾ സൊസൈറ്റികൾക്കും പദ്ധതി വിഹിതത്തിൽ നിന്നും ധനസഹായം നല്കാൻ പാടില്ല.

(f) സ്വജലധാര/ജലനിധി, മറ്റ് കുടിവെള്ള പദ്ധതികൾ എന്നിവയ്ക്കുള്ള ഗുണഭോക്തൃ വിഹിതത്തിന് പദ്ധതി വിഹിതമോ തനത് ഫണ്ടോ ഉപയോഗിക്കുവാൻ പാടില്ല.

(g) ജില്ലാ പഞ്ചായത്തുകളും ബ്ലോക്ക് പഞ്ചായത്തുകളും നടപ്പാലങ്ങളുടെ നിർമ്മാണത്തിനുള്ള പ്രോജക്ടുകൾ പൊതു വിഭാഗത്തിലോ പ്രത്യേക ഘടക പദ്ധതിയിലോ ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ ആ സ്ഥാപനങ്ങൾക്ക് പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം നടപ്പാലങ്ങളുടെയും പടവുകളുടെയും (foot bridges and foot steps) നിർമ്മാണ പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്.

(h) തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം ഉപയോഗിച്ച് സോഡിയം വേപ്പർ ലാമ്പുകൾ സ്ഥാപിക്കുവാനുള്ള പ്രോജക്ടുകൾ ഏറ്റെടുക്കാവാൻ പാടില്ല.

(i) ഇവ കൂടാതെ ചുവടെ വിവരിക്കുന്ന മാനദണ്ഡങ്ങൾ കൂടി ബാധകമാണ്.

(1) ഗ്രൂപ്പുകൾക്കുള്ള സാമ്പത്തിക വികസന പരിപാടികൾക്ക് ഗ്രാമപ്രദേശങ്ങളിൽ എസ്.ജി.എസ്.വൈയുടെയും നഗരപ്രദേശങ്ങളിൽ എസ്.ജി.എസ്.ആർ.വൈയുടെയും സബ്സിഡി നിരക്ക് ബാധകമായിരിക്കും. (ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് മാത്രം)

(2) കുടിവെള്ള പ്രോജക്ടുകൾ മുഖേന പ്രയോജനം ലഭിക്കുന്ന എല്ലാ കുടുംബങ്ങളേയും ഉൾപ്പെടുത്തിയിട്ടുള്ള ഗുണഭോക്തൃ ഗ്രൂപ്പ് രൂപീകരിക്കേണ്ടതും മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം തുക അവയിൽ നിന്ന് സമാഹരിക്കേണ്ടതുമാണ്. ഗുണഭോക്തൃ വിഹിതം നല്കാൻ കഴിവില്ലാത്തവരുടെ കാര്യത്തിൽ മറ്റുള്ളവരിൽ നിന്ന് അത് ശേഖരിച്ച് നല്കുന്നതിന് ഗുണഭോക്തൃ ഗ്രൂപ്പിന് തീരുമാനിക്കാവുന്നതാണ്. നിർമ്മാണം പൂർത്തിയാക്കിയശേഷം പ്രോജക്ടിന്റെ തുടർനടത്തിപ്പും അറ്റകുറ്റപ്പണികളുടെ ചുമതലയും (operation and maintenance) ഗുണഭോക്തൃ ഗ്രൂപ്പ് തന്നെ ഏറ്റെടുക്കേണ്ടതാണ്. പൊതു വിഭാഗത്തിലുള്ള ഗുണഭോക്താക്കൾ കുടിവെള്ള പ്രോജക്ടുകളുടെ ഗുണഭോക്തൃ വിഹിതം 10 ശതമാനം പണമായി തന്നെ നല്കണം. പട്ടികജാതി/പട്ടികവർഗ്ഗ ഗുണഭോക്താക്കൾക്ക് ഗുണഭോക്തൃ വിഹിതം 2 ശതമാനം പണമായും ബാക്കി തൊഴിൽ ദാനമോ സാധനങ്ങളോ ആയും നല്കാം. ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച പ്രോജക്ട് പ്രവർത്തന ക്ഷമമാക്കുന്നതിന്– പൂർത്തിയാക്കുന്നതിനോ, അറ്റകുറ്റപ്പണിക്കോ, പൈപ്പുകൾ മാറ്റാനോ – നിർദ്ദേശിക്കുന്ന പ്രോജക്ടുകൾക്ക് ഗുണഭോക്തൃ വിഹിതം ഈടാക്കേണ്ടതില്ല. അതുപോലെ വെള്ളം കോരിയെടുക്കുന്ന തുറസായ പൊതു കിണറുകൾക്ക് ഗുണഭോക്തൃവിഹിതം നിർബന്ധമാക്കേണ്ടതില്ല.

(3) എല്ലാ ജലസേചന പ്രോജക്ടുകൾക്കും മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം എങ്കിലും പ്രോജക്ടുകൊണ്ട് പ്രയോജനം കിട്ടുന്ന കർഷകർ അവരവരുടെ കൃഷി ഭൂമിയുടെ വിസ്തൃതിക്ക് ആനുപാതികമായി സംഭാവന നല്കേണ്ടതാണ്. ജലസേചന പ്രോജക്ടുകളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളും കർഷകരുടെ സമിതികൾ തന്നെ ഏറ്റെടുക്കണം. നിർദ്ദേശിക്കുന്ന പ്രവൃത്തികളുടെ (works) നിർമ്മാണം ആരംഭിക്കുന്നതിന് മുമ്പ് കർഷക സമിതി അവ അംഗീകരിക്കണം. പ്രോജക്ട് പൂർത്തിയാകുമ്പോൾ മാത്രം ഗുണഭോക്തൃ വിഹിതമായ 10 ശതമാനം തുക ഈടാക്കിയാൽ മതിയാകും. അതായത് 90 ശതമാനം തുക മാത്രം നിർവഹണ ഏജൻസിയായ ഗുണഭോക്തൃ സമിതിക്കോ കരാറുകാരനോ നല്കിയാൽ മതി. കരാറുകാരനാണ് നല്കുന്നതെങ്കിൽ ചെലവിന്റെ 10 ശതമാനം തുക ഗുണഭോക്താക്കൾ കരാറുകാരന് നല്കുന്നതാണെന്ന് കരാറിൽ വ്യവസ്ഥ ചെയ്യണം.

(4) കുടിവെള്ള വിതരണ പ്രോജക്ടുകളുടെ നിർവഹണത്തിന് ഗുണഭോക്തൃ സമിതിയുമായോ നിർവഹണ ഏജൻസിയുമായോ കരാറിലേർപ്പെടുന്നതിന് മുമ്പ് തന്നെ നിർബന്ധമായും ലഭിക്കേണ്ട ഗുണഭോക്തൃ വിഹിതം പണമായി സ്വീകരിച്ച് തദ്ദേശഭരണ സ്ഥാപനത്തിന്റെ കണക്കിൽ വകയിരുത്തണം.

(5) ഗുണഭോക്തൃ വിഹിതം നല്കേണ്ട എല്ലാ പ്രോജക്ടുകൾക്കും, അവ മറ്റ് കേന്ദ്രാവിഷ്കൃത പരിപാടിയുമായ സംസ്ഥാനാവിഷ്കൃത പരിപാടിയുമായോ സംയോജിപ്പിക്കുകയാണെങ്കിൽ തന്നെയും, പ്രോജക്ടിന്റെ ആകെ അടങ്കലിന്റെ അടിസ്ഥാനത്തിലായിരിക്കണം ഗുണഭോക്തൃ വിഹിതം കണക്കാക്കേണ്ടത്.

(6) ഒൻപതാം പദ്ധതിയിലും പത്താം പഞ്ചവത്സര പദ്ധതിയുടെ കാലയളവിലും തുടങ്ങിയതും കമ്മീഷൻ ചെയ്തതുമായ എല്ലാ പ്രോജക്ടുകളുടെയും തുടർനടത്തിപ്പിനും അറ്റകുറ്റപ്പണികൾക്കും (operation and maintenance) വേണ്ടി വരുന്ന ചെലവുകൾ ഗുണഭോക്താക്കളുടെ ഗ്രൂപ്പ് തന്നെ വഹിക്കേണ്ടതാണ്.

(7) ജലസേചന പ്രോജക്ടുകളുടെ ഗുണഭോക്തൃ പ്രദേശം (ayacut area) നിർണ്ണയിക്കുന്നതിന് കൃഷി ഓഫീസർ നല്കുന്ന സർട്ടിഫിക്കറ്റ് സ്വീകരിക്കാവുന്നതാണ്.

(8) കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തിലെ ഏജൻസികൾക്ക് ഏറ്റെടുക്കുവാൻ കഴിയാത്ത വീട് അറ്റകുറ്റപ്പണികൾ തദ്ദേശഭരണ സ്ഥാപനത്തിന് ഗുണഭോക്താക്കളെ ഏല്പിക്കുന്ന പ്രവൃത്തികൾക്ക് വിശദമായ അളവ് രേഖപ്പെടുത്തേണ്ടതില്ല. ബന്ധപ്പെട്ട എഞ്ചിനീയറുടെ മൂല്യ നിർണ്ണയത്തിന്റെ അടിസ്ഥാനത്തിൽ ധനസഹായം നല്കാവുന്നതാണ്.

(9) സബ്സിഡി നല്കുന്നതിന് പകരം കർഷക ഗ്രൂപ്പുകൾക്കും പാടശേഖര സമിതികൾക്കും റിവോൾവിംഗ് ഫണ്ട് നല്കാവുന്നതാണ്. എന്നാൽ ഏത് ആവശ്യത്തിനാണ് റോവോൾവിംഗ് ഫണ്ട് ഉപയോഗിക്കുന്നതെന്ന കാര്യം വ്യക്തമാക്കേണ്ടതാണ്.

(10) സർക്കാർ സ്ക്കൂളുകളിൽ ഐ.ടി.@ സ്ക്കൂൾ പ്രോജക്ടുകൾക്കും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ കൊപ്ര/കുരുമുളക് ഡ്രയർ യൂണിറ്റുകൾക്കും ജൈവവള യൂണിറ്റുകൾക്കും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പശ്ചാത്തല സൗകര്യങ്ങൾ ഏർപ്പെടുത്താവുന്നതാണ്.

(11) ഗവൺമെന്റ് അംഗീകാരം നല്കിയിട്ടുള്ള ഇൻഷ്വറൻസ് പരിപാടികൾക്കു മാത്രമെ തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം നല്കാവൂ. അപകട ഇൻഷുറൻസ്, ആരോഗ്യ ഇൻഷുറൻസ്, കന്നുകാലി ഇൻഷുറൻസ് മുതലായ എല്ലാ പരിപാടികൾക്കും ഇത് ബാധകമാണ്.

(12) കേരളാ സ്റ്റേറ്റ് ലീഗൽ സർവ്വീസസ് അതോറിറ്റി സർക്കാർ ഹൈസ്ക്കൂളുകളിലെ 9–ാം ക്ലാസ് വിദ്യാർത്ഥികൾക്ക് ഏർപ്പെടുത്തിയിട്ടുള്ള നിയമ സാക്ഷരതാ പരിപാടിക്ക് ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ പഞ്ചായത്തുകൾക്കും പ്രോജക്ടുകൾ ഉൾപ്പെടുത്താവുന്നതാണ്. ഒരു സ്ക്കൂളിന് പരമാവധി 3000 രൂപ എന്ന നിരക്കിൽ 50 : 50 അനുപാതത്തിൽ ഗ്രാമപഞ്ചായത്തുകൾക്കും ജില്ലാ

പഞ്ചായത്തുകൾക്കും പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും തുക വകയിരുത്താവുന്നതാണ്.

(13) ജില്ലാ പഞ്ചായത്തുകൾ അഞ്ച് ലക്ഷം രൂപയിൽ കൂടുതൽ പദ്ധതി വിഹിതം വിനിയോഗിക്കുന്ന പ്രോജക്ടുകൾ മാത്രമെ ഏറ്റെടുക്കാവൂ. എന്നാൽ മുമ്പ് തുടങ്ങിയ പ്രോജക്ടുകൾ പൂർത്തീകരിക്കുക, കമ്മീഷൻ ചെയ്യുക, വരൾച്ച/വെള്ളപ്പൊക്കം മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ നേരിടുക മുതലായ ഒഴിവാക്കാൻ കഴിയാത്ത സാഹചര്യങ്ങളിലും അടിയന്തിര ഘട്ടങ്ങളിലും അഞ്ച് ലക്ഷം രൂപയിൽ കുറവ് പദ്ധതി വിഹിതം വേണ്ടി വരുന്ന പ്രോജക്ടുകൾ ഏറ്റെടുക്കാവുന്നതാണ്. കൈമാറ്റം ചെയ്ത സ്ഥാപനങ്ങളുടെ അറ്റകുറ്റപ്പണികൾ, പുതുക്കി പണിയൽ, നടത്തിപ്പ്, കൂട്ടി ചേർക്കലുകൾ, സാമഗ്രികൾ വാങ്ങൽ മുതലായ പ്രോജക്ടുകൾക്കും അഞ്ച് ലക്ഷം രൂപയെന്ന പരിധി ബാധകമല്ല.

(14) ഗുണഭോക്താക്കൾ നേരിട്ട് നടപ്പിലാക്കാത്തതും 25,000 രൂപയിൽ കൂടുതൽ എസ്റ്റിമേറ്റ് ഉള്ളതുമായ എല്ലാ മണ്ണു സംരക്ഷണ പ്രവൃത്തികളും ടെണ്ടർ ചെയ്യേണ്ടതാണ്.

(15) കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം മുതലായ പ്രോജക്ടുകൾ എല്ലാ ഗവൺമെന്റ് സ്ക്കൂളുകളിലും നടപ്പാക്കിയതിനുശേഷം എയ്ഡഡ് പ്രൈമറി സ്ക്കൂളുകളിലും നടപ്പാക്കാവുന്നതാണ്.

(16) വിഭാവനം ചെയ്ത കാലാവധിക്ക് മുമ്പ് തന്നെ ഒരു ബഹുവർഷ പ്രോജക്ട് നടപ്പാക്കുകയും എല്ലാ രീതിയിലും പൂർത്തിയാക്കുകയും ചെയ്യുകയാണെങ്കിൽ പ്രോജക്ട് കാലാവധി പരിഗണിക്കാതെ പ്രോജക്ട് ചെലവ് പൂർണ്ണമായും നല്കാവുന്നതാണ്.

(17) ഉല്പാദനപരമല്ലാത്ത പരിപാടികളായ ബോധവല്ക്കരണ ക്യാമ്പുകൾ, ക്യാമ്പയിനുകൾ, മേളകൾ, യാത്രാപരിപാടികൾ തുടങ്ങിയവ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കുവാൻ പാടില്ല. എന്നാൽ രോഗപ്രതിരോധ ബോധവല്ക്കരണ ക്യാമ്പുകൾ, സ്വർണ്ണജയന്തി ഗ്രാമസ്വരോസ്ഗാർ യോജന (എസ്.ജി.എസ്.വൈ), സ്വാതന്ത്ര്യ സുവർണ്ണ ജൂബിലി തൊഴിൽ ദാനപരിപാടി (എസ്.ജെ.എസ്.ആർ.വൈ), കുടുംബശ്രീ മുതലായവയുടെ ഉല്പന്നങ്ങളുടെ വിപണന മേളകൾ എന്നിവ ഏറ്റെടുക്കാവുന്നതാണ്.

(18) പദ്ധതി വിഹിതം വിനിയോഗിച്ച് മെഡിക്കൽ ക്യാമ്പുകൾ നടത്തുന്നത് വിദൂരസ്ഥമായ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

(19) ഹോമിയോപ്പതി ആശുപത്രികൾക്കും/ഡിസ്പെൻസറികൾക്കും വേണ്ട ഔഷധങ്ങൾ കേരള സംസ്ഥാന ഹോമിയോപ്പതിക്ക് സഹകരണ ഫാർമസി ലിമിറ്റഡിൽ നിന്നും ആയുർവേദ ആശുപത്രികൾക്കും/ ഡിസ്പെൻസറികൾക്കും വേണ്ട ഔഷധങ്ങൾ "ഔഷധി"യിൽ നിന്നും "ആയുർധാര" യിൽ നിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വാങ്ങാവുന്നതാണ്. അപ്രകാരം ഔഷധങ്ങൾ വാങ്ങുന്നതിന് അതത് വകുപ്പുകളിൽ നിലവിലുള്ള നിരക്ക് ബാധകമാണ്.

അലോപ്പതി ഔഷധങ്ങൾ വാങ്ങുന്നതിനും അനുവാദം നല്കുന്നു. അതിന് വിശദമായ നടപടിക്രമം പിന്നീട് നിശ്ചയിക്കുന്നതാണ്.

(20) വെറ്റിനറി പോളിക്ലിനിക്കുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്തിട്ടുള്ളതിനാൽ അവയുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രോജക്ടുകൾ ബ്ലോക്ക് പഞ്ചായത്തുകൾക്ക് ഏറ്റെടുക്കാവുന്നതാണ്.

(21) ജലസേചന പ്രോജക്ടുകൾക്കും കുടിവെള്ള പ്രോജക്ടുകൾക്കും വൈദ്യുതി ഏർപ്പെടുത്തുന്നതിനും പട്ടികവർഗ്ഗ വിഭാഗങ്ങളുടെ വീടുകൾക്ക് ഗാർഹിക കണക്ഷൻ നല്കുന്നതിനും Own Your Electric Connection (OYEC) ചാർജ്ജ് അടയ്ക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്. എന്നാൽ മറ്റുള്ളവർക്ക് വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള OYEC ചാർജ്ജ് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്ന് നല്കാൻ പാടില്ല.

(22) കുടുംബശ്രീ സംവിധാനത്തിലെ അയൽക്കൂട്ടങ്ങൾ, ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ ഇവയ്ക്കു മാത്രം, വ്യക്തമായ പ്രോജക്ടിന്റെ അടിസ്ഥാനത്തിൽ, ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭാ സ്ഥാപനങ്ങൾക്കും റിവോൾവിംഗ് ഫണ്ട് നല്കാവുന്നതാണ്. എന്നാൽ മറ്റു സ്വയംസഹായ ഗ്രൂപ്പുകൾക്ക് വായ്പ, പ്രവർത്തന മൂലധനം മുതലായവ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിൽ നിന്നും നല്കുവാൻ പാടില്ല.

(23) തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്ക് പുനർവിന്യസിക്കപ്പെട്ട എഞ്ചിനീയർമാർ, കൈമാറ്റം ചെയ്യപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർക്കാവശ്യമായ ഫർണിച്ചർ, ഓഫീസ് സൗകര്യങ്ങൾ മുതലായവയ്ക്ക് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പൊതു വിഭാഗം പദ്ധതി തുക വിനിയോഗിക്കാവുന്നതാണ്. ഇതിലേയ്ക്കാവശ്യമായ ചെലവ് പശ്ചാത്തല മേഖലയിൽ വകയിരുത്തേണ്ടതാണ്.

(24) തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണം, മോണിട്ടറിംഗ് എന്നീ ചെലവുകൾക്ക് വേണ്ടി വരുന്ന തുക പ്രത്യേക പ്രോജക്ടുകളുടെ അടിസ്ഥാനത്തിൽ പദ്ധതി വിഹിതത്തിൽ നിന്നും ചുവടെ സൂചിപ്പിക്കുന്ന പരിധിക്കു വിധേയമായി വകയിരുത്താവുന്നതാണ്.

| തദ്ദേശഭരണ സ്ഥാപനങ്ങൾ | പദ്ധതി വിഹിതത്തിൽ നിന്ന് ചെലവഴിക്കാവുന്ന തുകയുടെ പരിധി രൂപ | |
|---|---|---|
| | പദ്ധതി ആസൂത്രണം | പദ്ധതി മോണിട്ടറിംഗ് |
| ഗ്രാമപഞ്ചായത്ത് | 25,000 | 20,000 |
| ബ്ലോക്ക് പഞ്ചായത്ത് | 20,000 | 50,000 |
| ജില്ലാ പഞ്ചായത്ത് | 25,000 | 75,000 |
| മുനിസിപ്പാലിറ്റി | 25,000 | 30,000 |

| | | |
|---|---|---|
| കോർപ്പറേഷൻ | 40,000 | 50,000 |

ഈ ഇനങ്ങളിലെ ഓരോ വർഷത്തെയും ചെലവ് കണക്കുകൾ പെർഫോർമൻസ് ആഡിറ്റ് വിഭാഗത്തിന്റെ പ്രത്യേക പരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

(25) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉപയോഗത്തിനു മാത്രമായി ഇൻഫർമേഷൻ കേരള മിഷൻ ഏർപ്പെടുത്തുന്ന വെബ്സൈറ്റിന്റെ വരിസംഖ്യ, പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. വാർഷിക വരിസംഖ്യ ചുവടെ നല്കുന്നു:-

| തദ്ദേശഭരണ സ്ഥാപനങ്ങൾ | | തുക(രൂപ) |
|---|---|---|
| (i) ഗ്രാമപഞ്ചായത്തുകൾ | : | 1500 |
| (ii) ബ്ലോക്ക് പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും | : | 3000 |
| (iii) ജില്ലാ പഞ്ചായത്തുകളും കോർപ്പറേഷനുകളും | : | 6000 |

(26) തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെഡസ്ട്രൽ മാപ്പുകൾ തയ്യാറാക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ ബാധകമാണ്.

(i) റവന്യൂ വകുപ്പിൽ നിന്നും ലഭിക്കുന്ന തദ്ദേശഭരണ സ്ഥാപനങ്ങളുടെ കെഡസ്ട്രൽ മാപ്പുകൾ ഇൻഫർമേഷൻ കേരള മിഷൻ ഡിജിറ്റൈസ് ചെയ്ത്, വാർഡുകൾ രേഖപ്പെടുത്തി, അച്ചടിച്ച് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നല്കുന്നതാണ്.

(ii) തദ്ദേശഭരണ സ്ഥാപനങ്ങൾ ആ മാപ്പുകളിൽ പ്രധാനപ്പെട്ട അതിരുകൾ, റോഡുകൾ, സ്ഥലങ്ങൾ മുതലായവയും പോസ്റ്റാഫീസ് പോലുള്ള സ്ഥാപനങ്ങളുടെ സ്ഥാനവും രേഖപ്പെടുത്തി ഇൻഫർമേഷൻ കേരള മിഷന് തിരികെ നല്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ, പുനർ വിന്യസിക്കപ്പെട്ട എഞ്ചിനീയറിംഗ് ഉദ്യോഗസ്ഥർ, മാപ്പുകൾ തയ്യാറാക്കുന്നതിൽ വിദഗ്ദ്ധരായവർ എന്നിവരുടെ സേവനം ഈ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്.

(iii) ഓരോ തദ്ദേശഭരണ സ്ഥാപനത്തിന്റെയും വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പുകൾ ഇൻഫർമേഷൻ കേരളാ മിഷൻ അന്തിമമായി തയ്യാറാക്കി നല്കുന്നതാണ്

(iv) കെഡസ്ട്രൽ മാപ്പുകൾ ഡിജിറ്റൈസ് ചെയ്ത് അച്ചടിച്ച് അന്തിമ കോപ്പി നല്കുന്നതിന് ആവശ്യമായ യഥാർത്ഥ ചെലവ് ചുവടെ വിവരിക്കുന്ന പരിധിക്ക് വിധേയമായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഇൻഫർമേഷൻ കേരള മിഷന് നല്കേണ്ടതാണ്.

| തദ്ദേശഭരണ സ്ഥാപനം | ഒരു വാർഡിനുള്ള പരമാവധി തുക (രൂപ) |
|---|---|
| ഗ്രാമപഞ്ചായത്ത് | 200 |

| | |
|---|---|
| മുനിസിപ്പാലിറ്റി | 400 |
| കോർപ്പറേഷൻ | 600 |

(v) ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും മാത്രമെ ഈ പ്രവർത്തനം ഏറ്റെടുക്കേണ്ടതുള്ളൂ.

(vi) ഈ പരിപാടിയുടെ എല്ലാ പ്രവർത്തനങ്ങളും ഇൻഫർമേഷൻ കേരള മിഷൻ ഏകോപിപ്പിക്കുന്നതാണ്.

(27) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇൻഫർമേഷൻ കേരള മിഷനുമായി സഹകരിച്ച് ചുവടെ പ്രതിപാദിക്കുന്ന പ്രോജക്ടുകളും ഏറ്റെടുക്കാവുന്നതാണ്.

(i). വിവര സാങ്കേതിക വിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്താവുന്ന വിവധ വിഷയങ്ങളിലെ പൈലറ്റ് പ്രോജക്ടുകൾ

(ii). ഭരണ നവീകരണ പരപാടിയുടെ (Modernising Government Programme) വിശദമായ നിർവഹണ പദ്ധതികളുടെയും (Detailed Implementation Plans) തദ്ദേശഭരണ സ്ഥാപനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികളുടെയും (LSG Action Plans) നടപ്പാക്കൽ.

(iii). പദ്ധതി മോണിട്ടറിംഗിന് "സുലേഖ" സോഫ്റ്റ് വെയർ, ജനന-മരണ രജിസ്ട്രേഷന് "സേവന" സോഫ്റ്റ് വെയർ മുതലായവ ഉപയോഗിക്കുന്നതിനുള്ള ചെലവുകൾ - ഹാർഡ് വെയറുകൾ/സോഫ്റ്റ് വെയറുകൾ പരിഷ്ക്കരിക്കുക, ഡേറ്റാ എൻട്രി, പരിശീലനം തുടങ്ങിയവ ഇതിൽ ഉൾപ്പെടുന്നു.

(28) പട്ടികജാതി, പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസ സൗകര്യങ്ങൾ നല്കുന്ന പരിപാടി പ്രകാരം പട്ടികജാതി/പട്ടികവർഗ്ഗക്കാരായ തമിഴ്, കന്നട ഭാഷാന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് തമിഴ്നാട്ടിലോ കർണ്ണാടകത്തിലോ ഉന്നത നിലവാരം പുലർത്തുന്ന റസിഡൻഷ്യൽ സ്ക്കൂളുകളിൽ പഠനം നടത്തുന്നതിനുള്ള പ്രോജക്ടുകൾ ജില്ലാ പഞ്ചായത്തുകൾക്കും മുനിസിപ്പാലിറ്റികൾക്കും കോർപ്പറേഷനുകൾക്കും ഏറ്റെടുക്കാവുന്നതാണ്.

(29) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന സംസ്ഥാന, കേന്ദ്രാവിഷ്കൃത പരിപാടികൾ ഉൾപ്പെടെയുള്ള എല്ലാ പ്രോജക്ടുകൾക്കും ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റികളാണ് സാങ്കേതികാനുമതിയും നല്കേണ്ടത്. എസ്.ജി.ആർ.വൈ., ആർ.സി.ആർ.എസ്.പി., എസ്.എസ്.എ. മുതലായ എല്ലാ പരിപാടികൾക്കും ഈ നിബന്ധന ബാധകമാണ്.

(30) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന എല്ലാ വീടുകൾക്കും, പ്രാദേശികമായി അനുയോജ്യമായ മേൽക്കൂര മുഖേനയുള്ള മഴവെള്ള സംഭരണ നിർമ്മിതി (roof water harvesting structure)

നിർബന്ധമായും ഉണ്ടായിരിക്കണം. അതിന്റെ ടെക്നിക്കൽ സ്പെസിഫിക്കേഷൻ ജില്ലാ തലത്തിൽ നിശ്ചയിക്കേണ്ടതാണ്.

(31) ഈ മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത മറ്റേതൊരു ഇനത്തിനും സബ്സിഡി നല്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതും അധികം നല്കിയ സബ്സിഡി ഉത്തരവാദപ്പെട്ട വ്യക്തിയിൽ/ വ്യക്തികളിൽ നിന്ന് നിലവിലുള്ള നിയമ വ്യവസ്ഥയ്ക്ക് വിധേയമായി ഈടാക്കുന്നതുമാണ്.

7.4.4 നിശ്ചിത പ്രോജക്ട് പെർഫോർമകളിൽ/ഫോറങ്ങളിൽ ആയിരിക്കണം ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ പ്രോജക്ടുകൾ തയ്യാറാക്കേണ്ടത്. അതത് വർക്കിംഗ് ഗ്രൂപ്പിന്റെ ചെയർമാനും കൺവീനറും പ്രോജക്ട് പെർഫോർമകൾ/ഫോറങ്ങളിൽ നിർബന്ധമായും ഒപ്പ് രേഖപ്പെടുത്തിയിരിക്കണം. എല്ലാ വിവരങ്ങളും പൂർണ്ണമായി പൂരിപ്പിച്ചിട്ടുള്ള പ്രോജക്ട് പെർഫോർമകളിൽ/ഫോറങ്ങൾ മാത്രമെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി (Technical Advisory Committee) ശുപാർശ ചെയ്യേണ്ടതുള്ളൂ. ഭാഗികമായി പൂരിപ്പിച്ചിട്ടുള്ള ഫോറങ്ങൾ തിരുത്തി എഴുതുന്നതിന് തിരികെ ഏല്പിക്കാവുന്നതാണ്. ഓരോ പ്രോജക്ടിനും Project Evaluation and Review Technique (PERT) ചാർട്ടുകൾ നല്കേണ്ടതാണ്. ഗ്രൂപ്പുകൾക്കും വ്യക്തികൾക്കുമുമ പരിപാടികളിൽ അർഹരായ അപേക്ഷകരുടെ അർഹതാ മാനദണ്ഡവും മുൻഗണനാ മാനദണ്ഡവും വ്യക്തമാക്കേണ്ടതാണ്. മുൻഗണനാ മാനദണ്ഡങ്ങളിൽ ആകെ മാർക്ക് 100 ആയി നിശ്ചയിച്ച് ഓരോ മാനദണ്ഡത്തിനും പ്രത്യേകം മാർക്ക് നിർണ്ണയിക്കേണ്ടതാണ്.

7.5 ഘട്ടം 5 :- പദ്ധതി രൂപീകരണം പൂർത്തിയാക്കൽ

7.5.1 പ്രോജക്ടുകൾ തയ്യാറാക്കി കഴിഞ്ഞാൽ 2004-05 വാർഷിക പദ്ധതി രൂപീകരണം പൂർത്തിയാക്കുന്നതിന് ചുവടെ വിവരിക്കുന്ന നടപടികൾ സ്വീകരിക്കണം:-

(1) തദ്ദേശഭരണ സ്ഥാപനത്തിന്റെ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി അതത് വർക്കിംഗ് ഗ്രൂപ്പുകളുമായി ആശയ വിനിമയം നടത്തി കരട് പ്രോജക്ടുകളുടെ ഒരു മുൻഗണനാ ലിസ്റ്റ് തയ്യാറാക്കണം.

(2) തദ്ദേശഭരണ സ്ഥാപനത്തിന്റെ പൂർണ്ണ യോഗം ചേർന്ന് സ്റ്റാന്റിംഗ് കമ്മിറ്റികളുടേയും വർക്കിംഗ് ഗ്രൂപ്പുകളുടെയും റിപ്പോർട്ടുകൾ പരിഗണിച്ച് 2004-05 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തേണ്ട പ്രോജക്ടുകൾക്ക് അന്തിമരൂപം നല്കണം.

7.5.2 ഇപ്രകാരം പദ്ധതി രൂപീകരണം പൂർത്തിയാക്കുമ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ ചുവടെ പറയുന്ന കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കണം:-

(1) മുൻവർഷം പൂർത്തിയാകാതെ അവശേഷിക്കുന്ന (spillover) പ്രവൃത്തികളായിരിക്കണം ആദ്യം ഉൾപ്പെടുത്തേണ്ടത്. അത്തരം പ്രവൃത്തികൾ പൂർത്തിയാക്കാൻ ആവശ്യമായ തുക വക കൊള്ളിക്കണം.

(2) പദ്ധതി വിഹിതം ബഡ്ജറ്റിന്റെ അനുബന്ധം IV-ൽ കാണിച്ചിരിക്കുന്നതു പ്രകാരമായിരിക്കണം.

(3) ***2004–05 വാർഷിക പദ്ധതി ഭേദഗതി:*** എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും അവയുടെ പത്താം പദ്ധതി രേഖയിൽ ഉൾപ്പെടുത്തിയിട്ടുള്ള 2004–05 വാർഷിക പദ്ധതി ആവശ്യമെന്നു കണ്ടാൽ, മാറ്റം വരുത്താവുന്നതും ഇപ്പോൾ പ്രസക്തമെന്നു തോന്നുന്ന പ്രോജക്ടുകൾ പുതുതായി ഉൾപ്പെടുത്തി, അപ്രസക്തമായവ ഒഴിവാക്കാവുന്നതുമാണ്. എന്നാൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം കഴിച്ച് 2004–05–ലെ പദ്ധതി വിഹിതത്തിന്റെ മൂന്നിലൊന്ന് ഭാഗം വരെ മാത്രമേ ഇപ്രകാരം മാറ്റം വരുത്തുവാൻ പാടുള്ളൂ. പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരമുള്ള വാർഷിക പദ്ധതി പുതുതായി തയ്യാറേക്കണ്ടതു കാരണമാണ് ഈ വ്യവസ്ഥ പട്ടികവർഗ്ഗ ഉപപദ്ധതിക്ക് ബാധകമാക്കാത്തത്.

(4) ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും എല്ലാ പുതിയ വികസന പരിപാടികളും തനതു ഫണ്ട് വിനിയോഗിക്കുന്ന പരിപാടികളും പൊതു ആവശ്യ ഗ്രാന്റ് പോലെയുള്ള പദ്ധതിയേതര ഗ്രാന്റുകളും വാർഷിക പദ്ധതിയുടെ ഭാഗമായിരിക്കണം. ഈ വിഭാഗം തദ്ദേശഭരണ സ്ഥാപനങ്ങളുടെ റവന്യൂ മിച്ചം പദ്ധതിക്ക് ചെലവാക്കുന്നതിനുള്ള അധികവിഭവമായി ഉപയോഗിക്കേണ്ടതാണ്. റവന്യൂ മിച്ചം കണക്കാക്കുന്നതിനുള്ള രീതി ചുവടെ നല്കുന്നു.

| | | |
|---|---|---|
| തനതു വിഭവങ്ങൾ | : | X |
| പൊതു ആവശ്യ ഗ്രാൻറ്(General Purpose Grant) | : | Y |
| എസ്റ്റാബ്ളിഷ്മെന്റ് ചാർജ്ജുകൾ, മെയിന്റനൻസ് ചെലവുകൾ, വാർഷിക അറ്റകുറ്റപണികൾ, കടം തിരിച്ചടവ്, അനിവാര്യ ചെലവുകൾക്കുള്ള ന്യായ മായ കണ്ടിജൻസി ഫണ്ട് എന്നിവ | : | Z |
| റവന്യൂ മിച്ചം | : | (X+Y)-Z |

(5) ഗുണഭോക്തൃ വിഹിതം മുൻകൂറായി ഈടാക്കി തദ്ദേശഭരണ സ്ഥാപനത്തിന്റെ തനതു ഫണ്ടിലേയ്ക്ക് അടച്ചതിനുശേഷം, മറ്റൊരു നിർദ്ദേശം ഇല്ലാത്ത പക്ഷം, കരാറുകാരന്/നിർവഹണ ഏജൻസിക്ക് ഉചിതമായ സമയത്ത് കൈമാറാവുന്നതാണ്.

(6) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തനതുഫണ്ട് പദ്ധതി വിഹിതമായും, ഗുണഭോക്തൃ വിഹിതം പദ്ധതി വിഹിതവും തനതു ഫണ്ടുമായും ഇഷ്ടാനുസരണം സംയോജിപ്പിക്കാം. എന്നാൽ തനതു ഫണ്ടിന്റേയോ ഗുണഭോക്തൃ വിഹിതത്തിന്റെയോ കുറവ് നികത്തുന്നതിന് പദ്ധതി വിഹിതത്തിന്റെ തുകയിൽ വർദ്ധന വരുത്തുവാൻ പാടില്ല. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഒരു തദ്ദേശഭരണ സ്ഥാപനം ആവശ്യമായ തനതു ഫണ്ടോ ഗുണഭോക്തൃ വിഹിതമോ മതിയായ തോതിൽ ലഭ്യമാകുമെന്ന ഉറപ്പുണ്ടെങ്കിൽ മാത്രമേ പ്രോജക്ടിൽ അത് ഉൾപ്പെടുത്താൻ പാടുള്ളൂ.

(7) ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും അവയുടെ തനതു ഫണ്ട് പ്രത്യേകഘടക പദ്ധതി/പട്ടികവർഗ്ഗ ഉപപദ്ധതി പ്രോജക്ടുകൾ നടപ്പാക്കാനുള്ള അധിക വിഭവമായി കൂടി ഉപയോഗിക്കേണ്ടതാണ്.

(8) സംസ്ഥാനാവിഷ്കൃത പരിപാടികളുടെയും കേന്ദ്രാവിഷ്കൃത പരിപാടികളുടെയും ഒട്ടധികം ഫണ്ട് പദ്ധതി, പദ്ധതിയേതര ഇനങ്ങളിൽ ലഭ്യമാണ്. ഇവ 2004–05–ൽ തന്നെ പൂർണ്ണമായും ചെലവഴിക്കുവാനുള്ള ഒരു കർമ്മ പദ്ധതി തയ്യാറാക്കേണ്ടതാണ്. ഇത് ബന്ധപ്പെട്ട പരിപാടിയുടെ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരമായിരിക്കണം.

(9) കേന്ദ്രാവിഷ്കൃത ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളായ SGSY,SGRY,SJSRY, NSDP, VAMBAY, RCRSP തുടങ്ങിയവയുടെ ഫണ്ട് ചെലവഴിക്കുന്നതിൽ ഉദാസീനത കാണപ്പെടുന്നുണ്ട്. അതിനാൽ കേന്ദ്രാവിഷ്കൃത പരിപാടികളുടെ നടത്തിപ്പിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ നിർവഹണ പുരോഗതിയുമായി ബന്ധപ്പെടുത്തിയായിരിക്കും സംസ്ഥാന പദ്ധതി വിഹിതം നല്കുന്നത്.

7.5.3 വിവധ സംയോജന സാദ്ധ്യതകൾ പദ്ധതിയിൽ ഉൾക്കൊള്ളണം. പദ്ധതി സംയോജന (plan integration) രീതികൾ ചുവടെ വിവരിക്കുന്നു:–

a) ***സംസ്ഥാന പദ്ധതിയുമായി സംയോജനം:*** *നി*രവധി സംസ്ഥാന പദ്ധതികൾ പ്രാദേശിക തലത്തിൽ നടപ്പാക്കി വരുന്നുണ്ട്. തദ്ദേക ഭരണസ്ഥാപനങ്ങൾ തീരുമാനിക്കുകയാണെങ്കിൽ, അവയുടെ പദ്ധതി വിഹിതം കൂടി ഉപയോഗിച്ച് പ്രസ്തുത പരിപാടികൾ വ്യാപിപ്പിക്കാവുന്നതാണ്. ഇതിനുപുറമെ, സംസ്ഥാന പദ്ധതിയിൽ വിഭാവന ചെയ്തിരിക്കുന്ന പരിപാടികൾക്കൊപ്പം അനുപൂരകമായ ഏതെങ്കിലും ഘടകം കൂട്ടി ചേർത്തും നടപ്പാക്കാവുന്നതാണ്. സംസ്ഥാന ഗവൺമെന്റ് ഏതെങ്കിലും ഒരു പരിപാടി പൂർത്തിയാക്കിയതിനു ശേഷം അതുമായി ബന്ധപ്പെട്ട തുടർപ്രവർത്തനങ്ങൾ തദ്ദേശ ഭരണസ്ഥാപനങ്ങൾ ഏറ്റെടുക്കുന്നത് മറ്റൊരു സംയോജന രീതിയായി കണക്കാക്കാവുന്നതാണ്. ഉദാഹരണമായി കേരള സംസ്ഥാന വൈദ്യുതി ബോർഡ് ഒരു പുതിയ സ്ഥലത്തേക്ക് വൈദ്യുതി ലൈൻ ദീർഘിപ്പിച്ചു കഴിഞ്ഞാൽ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആ പ്രദേശത്തെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ വീട് വയറിംഗ് ഏറ്റെടുക്കാവുന്നതാണ്.

b) വിഭവ സംയോജനം: തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് അവയുടെ വിഭവം അധികമായി നല്കി കൂടുതൽ കാര്യക്ഷമമാക്കാൻ കഴിയുന്ന നിരവധി കേന്ദ്ര, സംസ്ഥാന ആവിഷ്കൃത പരിപാടികൾ നിലവിലുണ്ട്. ഉദാഹരണമായി എസ്.ജി.എസ്.വൈ.യുടെടോ എസ്.ജെ.എസ്.ആർ.വൈ.യുടെയോ പരിശീലന ഘടകം തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫണ്ട് കൂടിചേർത്ത് കൂടുതൽ ഫലപ്രദമാക്കാവുന്നതാണ്. അതുപോലെ ഇന്ദിരാ ആവാസ് യോജനയിൽ ഭവന നിർമ്മാണത്തിന് വീടൊന്നിന് പട്ടികവർഗ്ഗക്കാർക്ക് 75,000 രൂപയായും പട്ടികജാതിക്കാർക്ക് 50,000 രൂപയായും മറ്റുള്ളവർക്ക് 35,000 രൂപയായും വർദ്ധിപ്പിക്കുന്നതിനുള്ള അധിക തുക പദ്ധതിവിഹിതത്തിൽ നിന്ന് നല്കാവുന്നതാണ്.

c) ***കേന്ദ്രാവിഷ്കൃത പരിപാടികളുമായി സംയോജനം:*** തദ്ദേശ ഭരണസ്ഥാപനതലത്തിൽ പൊതുവായ ആസൂത്രണ പ്രക്രിയയിലൂടെ തയ്യാറാക്കുന്ന ഒരൊറ്റ വികസന പദ്ധതി മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ. ഒരിക്കൽ വികസന

പ്രവർത്തനങ്ങളുടെ മുൻഗണന നിശ്ചയിക്കുകയും പ്രവൃത്തികൾ തീരുമാനിക്കുകയും ചെയ്തു കഴിഞ്ഞാൽ അതിൽ നിന്നും കേന്ദ്രാവിഷ്കൃത പരിപാടികളുടെ മാർഗ്ഗ നിർദ്ദേക പ്രകാരം നടപ്പാക്കാൻ കഴിയുന്ന പ്രവൃത്തികൾ കേന്ദ്രാവിഷ്കൃത പരിപാടിയുടെ ലഭ്യമായ വിഹിതമുപയോഗിച്ച് ഏറ്റെടുക്കാവുന്നതാണ്. ഇപ്രകാരം സംയോജിപ്പിച്ചു കഴിഞ്ഞാൽ കേന്ദ്രാവിഷ്കൃത പരിപാടിയുടെ മാർഗ്ഗരേഖ അനുസരിച്ച് കർമ്മ പരിപാടി തയ്യാറാക്കാവുന്നതാണ്. യാതൊരു കാരണവശാലും വിവധ വിഭവ സ്രോതസുകൾക്കു വേശി വ്യത്യസ്ത പദ്ധതികൾ ആവിഷ്ക്കരിക്കുന്ന രീതി അനുവർത്തിക്കാൻ പാടില്ല.

d) ***സമാന്തര പരിപാടികളുടെ സംയോജനം (horizontal integration):*** പദ്ധതിയിൽ ഉൾപ്പെടുത്തുന്ന പ്രോജക്ടുകളുടെ മുൻപിൻ ബന്ധം ഉറപ്പാക്കുന്നതിന് വിവിധ പ്രോജക്ടുകളും പരിപാടികളുമായുള്ള സംയോജനമാണ് ഇവിടെ വിവക്ഷിക്കുന്നത്. ഉദാഹരണമായി ജലസേചന പദ്ധതികളുടെ തുടർച്ചയായി; അത്യുല്പാദന ശേഷിയുള്ള വിത്തുകൾ വിതരണം ചെയ്യൽ, കറവമാടുകളെ നല്കുന്നതോടൊപ്പം രോഗപ്രതിരോധ പരിപാടി കൂടി വിഭാവന ചെയ്യൽ മുതലായവ.

e) ***വിവധ തട്ടുകളുടെ സംയോജനം(vertical integration):*** കീഴ്തട്ടിലുള്ള തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിർവഹിക്കാൻ കഴിയാത്ത പ്രവൃത്തികൾക്കായിരിക്കണം മുകൾ തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾ കൂടുതൽ ശ്രദ്ധ നല്കേണ്ടത്. അതുപ്രകാരം വലിപ്പമേറിയ പ്രോജക്ടുകൾ ഏറ്റെടുക്കുന്നതിന്റെ നേട്ടം (advantages of scale) മുകൾ തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പ്രയോജനപ്പെടുത്തുവാനും കഴിയുന്നതാണ്. ഇതിനായി ബ്ലോക്ക് പഞ്ചായത്തുകൾ അവയുടെ പദ്ധതി രൂപീകരണം പൂർത്തിയാക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തുകളുടെ കരട് പദ്ധതി രേഖകൾ പരിശോധിക്കേണ്ടതാണ്. അതുപോലെ ജില്ലാ പഞ്ചായത്തുകൾ അവയുടെ പദ്ധതി രൂപീകരണം പൂർത്തിയാക്കുന്നതിന് മുമ്പ് ഗ്രാമ പഞ്ചായത്തുകളുടേയും ബ്ലോക്ക് പഞ്ചായത്തുകളുടെയും പദ്ധതി നിർദ്ദേശങ്ങൾ കൂടി പരിഗണിക്കേണ്ടതാണ്.

f) ***മേഖലാപരമായ സംയോജനം (sectoral integration):*** ഏതെങ്കിലും ഒരു വികസന ഘടകത്തിന് മാത്രമായി ഒരു പ്രോജക്ട് എന്നതിനു പകരം ഒരു കൂട്ടം പ്രശ്നങ്ങളുടെ പൊതുപരിഹാരത്തിന് ഉതകുന്നതിനായിരിക്കണം ഓരോ പ്രോജക്ടും. ഉദാഹരണമായി കേര വികസന പ്രോജക്ടിൽ രോഗബാധിത തെങ്ങുകൾ മുറിച്ചു നീക്കുന്നതിനും അത്യുല്പാദന ശേഷിയുള്ള തൈകൾ നടുന്നതിനും പച്ചക്കറി, തീറ്റപ്പുല്ല് എന്നിവ ഇടവിളയായി കൃഷി ചെയ്യുന്നതിനും ഉള്ള ഘടകങ്ങൾ നിർദ്ദേശിക്കുന്നതോടൊപ്പം, ആവശ്യമെങ്കിൽ, സൂക്ഷ്മ ജലസേചന ഘടകങ്ങൾ കൂടി ഉൾപ്പെടുത്തുകയും കൊപ്രാ ഡ്രയറുകൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

g) ***മേഖലകൾ തമ്മിലുള്ള സംയോജനം (cross sectoraal integration):*** വിവിധ മേഖലകളിലെ വ്യത്യസ്ത ഘടകങ്ങൾ സംയോജിപ്പിച്ച് കൂടുതൽ പ്രയോജനം ലഭിക്കുന്ന പരിപാടികൾ രൂപകല്പന ചെയ്യുവാൻ സാധിക്കുന്നതാണ്. മണ്ണ് സംരക്ഷണം, ജലസംഭരണം, സൂഷ്മ ജലസേചനം, ജൈവ ഉല്പാദനം, മത്സ്യകൃഷി,

കാലി വളർത്തൽ, കാർഷിക ഉൽപന്നങ്ങളുടെ സംസ്ക്കരണം, സൂഷ്മ സംരഭങ്ങൾ എന്നീ ഘടകങ്ങൾ ശരിയായ രീതിയിൽ സംയോജിപ്പിച്ച് ഒരു മാതൃകാ നീർത്തട പരിപാലന പരിപാടി ആവിഷ്ക്കരിക്കാവുന്നതാണ്.

h) ***സ്ഥലപര സംയോജനം (spatial integration):*** ഒന്നിലധികം തദ്ദേശ ഭരണസ്ഥാപനങ്ങളിലൂടെ കടന്നുപോകുന്ന റോഡുകൾ പോലുള്ള പരിപാടികളുടെ സംയോജനമാണ് ഇവിടെ ഉദ്ദേശിക്കുന്നത്. ഇത്തരം പശ്ചാത്തല വികസന പ്രോജക്ടുകൾ ഭിന്നതലങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതും അതിന്റെ വിഹിതം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ ആനുപാതികമായി നല്കുകയും, നിർവഹണം ഒരു തദ്ദേശഭരണ സ്ഥാപനത്തെ ഏല്പിക്കുകയും ചെയ്യാവുന്നതാണ്.

7.5.4 വാർഷിക പദ്ധതി രേഖയുടെ ഘടന: ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരത്തിന് സമർപ്പിക്കുന്ന വാർഷിക പദ്ധതിരേഖയിൽ ചുവടെ വിവരിക്കുന്ന അദ്ധ്യായങ്ങൾ ഉണ്ടായിരിക്കണം:-

(1) തദ്ദേശ ഭരണസ്ഥാപനത്തിന്റെ വികസന സ്ഥിതി വിശേഷം (development scenario)
(2) കഴിഞ്ഞ ഏഴു വർഷങ്ങളിലെ വികസന പ്രവർത്തനങ്ങൾ
(3) ജയപരാജയങ്ങൾ
(4) പത്താം പദ്ധതിയുടെ ആദ്യത്തെ രണ്ടു വർഷങ്ങളിലെ ഭൗതിക സാമ്പത്തിക നേട്ടങ്ങൾ
(5) ജില്ലാ പദ്ധതിയിൽ കണ്ടെത്തിയിട്ടുള്ള ഊന്നൽ നല്കേണ്ട മേഖലകൾ (thrust areas)
(6) തദ്ദേശ ഭരണസ്ഥാപനത്തിന്റെ ദീർഘദൂര കാഴ്ചപ്പാട് (strategic vision)
(7) പരിപാടികളുടെ വിവരണം മേഖല തിരിച്ച്: ഓരോ മേഖലയിലെയും നിലവിലുള്ള സ്ഥിതി, പദ്ധതി നിരവ്വഹണത്തിലൂടെ കൈവരിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥിതി, ഇവ തമ്മിലുള്ള വിടവ്, ഈ വിടവ് നികത്തുന്നതിന് ഘട്ടം ഘട്ടമായി നേടാവുന്നതും മോണിട്ടർ ചെയ്യാവുന്നതുമായ ലക്ഷ്യങ്ങൾ.
(8) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും അഗതികൾക്കുള്ള പദ്ധതിയും (സംക്ഷിപ്ത വിവരണം), വനിതാ ഘടക പദ്ധതി, പ്രത്യേക വിഭാഗങ്ങൾക്കുള്ള പദ്ധതി, പ്രത്യേക ഘടകപദ്ധതി, നീർത്തട പരിപാലന പദ്ധതി തുടങ്ങിയവ സംബന്ധിച്ച കുറിപ്പുകൾ.
(9) വായ്പാ ബന്ധങ്ങൾ (credit linkages) സംബന്ധിച്ച കുറിപ്പുകൾ.
(10) സംയോജനം സംബന്ധിച്ച വിവരണം
(11) മോണിട്ടറിംഗ് സംവിധാനത്തിന്റെ വിവരണം

ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയും, ബാധകമായ തദ്ദേശഭരണ സ്ഥാപനങ്ങൾ, പട്ടിക വർഗ്ഗ ഉപപദ്ധതിയും പ്രത്യേക രേഖകളായി നല്കണം.

7.5.5 ജില്ലാ ആസൂത്രണ സമിതിക്ക് നല്കേണ്ട രേഖകൾ: ജില്ലാ ആസൂത്രണ സമിതിക്ക് ചുവടെ പ്രതിപാദിക്കുന്ന രേഖകൾ നല്കേണ്ടതാണ്:-

(1) ഗ്രാമസഭ/വാർഡ്സഭ, വികസന സെമിനാർ തുടങ്ങിയവയുമായി ബന്ധപ്പെട്ട രേഖകൾ
(2) പുതുക്കിയ(updated) വികസന റിപ്പോർട്ടിന്റെ അച്ചടിച്ച മൂന്നു പകർപ്പുകൾ } 2002-ൽ അച്ചടിച്ച്

(3) വികസന കാഴ്ചപ്പാട് രേഖയുടെ (vision document)അച്ചടിച്ച മൂന്ന് പകർപ്പുകൾ നല്കിയിട്ടില്ലെങ്കിൽ

(4) 2004–05 വർഷത്തേയ്ക്ക് ഭേദഗതി വരുത്തിയ പ്രകാരമുള്ള തദ്ദേശഭരണ സ്ഥാപനത്തിന്റെ പരിഷ്ക്കരണ പദ്ധതിയുടെ മൂന്നു പകർപ്പുകൾ: പ്രസ്തുത പദ്ധതിയിൽ ചുവടെ കൊടുത്തിരിക്കുന്ന ഘടകങ്ങൾ ഉണ്ടായിരിക്കണം.

(I)രേഖകളുടെ പുതുക്കൽ (updating of records)

(II)ആസ്തി രജിസ്റ്റർ പൂർത്തിയാക്കൽ

(III) റോഡ് രജിസ്റ്റർ തയ്യാറാക്കൽ

(IV) ബനിഫിറ്റ് രജിസ്റ്റർ തയ്യാറാക്കൽ : എല്ലാ ഗുണഭോക്താക്കൾക്കും ആനുകൂല്യ കാർഡുകളുടെ വിതരണം ഉൾപ്പെടെ

(V) നികുതികൾ, സംഭാവനകൾ, യൂസർ ചാർജ്ജുകൾ, മുതലായവ മുഖേന പ്രാദേശിക വിഭവ സമാഹരണത്തിൽ വരുത്തുന്ന വർദ്ധനവ്

(VI) സെസ്സ്, BOT,പൊതുസംഭാവന, കടം വാങ്ങൽ തുടങ്ങിയ നൂതനധനാഗമ (financing) മാർഗ്ഗങ്ങൾ

(VII) സ്ഥാപനങ്ങൾക്കും ഉദ്യോഗസ്ഥർക്കും നിഷ്കർഷിക്കുന്ന പ്രവർത്തന നിലവാരം (performance standards)

(VIII) പാഴ്ചെലവും ചോർച്ചയും കുറയ്ക്കുവാനുള്ള നടപടികൾ

(IX) അഴിമതി സാദ്ധ്യതകൾ തടയാനുള്ള മാർഗ്ഗങ്ങൾ

(X) ഗ്രാമപഞ്ചായത്തുകളേയും നഗരസഭാ സ്ഥാപനങ്ങളേയും സംബന്ധിച്ചിടത്തോളം അവയുടെ അനിവാര്യ ചുമതലകളുടെ (obligatory functions) നിർവ്വഹണം മെച്ചപ്പെടുത്തുവാനുള്ള മാർഗ്ഗങ്ങൾ

(XI) തദ്ദേശഭരണ സ്ഥാപനത്തിന്റെ ഫണ്ടിൽ നിന്നും കാര്യമായ പണച്ചെലവ് കൂടാതെ പ്രാദേശിക പ്രവർത്തനം(localaction) മുഖേനവികസനം ത്വരിതപ്പെടുത്താനുദകുന്ന ശ്രമങ്ങൾ: വികസനതല്പരരായ തദ്ദേശീയ വ്യക്തികൾ, പ്രവാസികൾ തുടങ്ങിയ വരിൽ നിന്നും കോർപ്പറേറ്റ് മേഖല (corpprate sector), ഗവൺമെന്റിതര ഏജൻസി കൾ മുതലായവയിൽ നിന്നും ഉള്ള അധിക വിഭവസമാഹരണം.

(5) 2003–04 ലെ വർഷാന്ത്യ കണക്കുകൾ : നിർദ്ദിഷ്ട ഫോറത്തിൽ തയ്യാറാക്കിയത്

(6) വാർഷിക പദ്ധതി രേഖ

(7) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി

(8) പട്ടിക വർഗ്ഗ ഉപപദ്ധതി രേഖ (ബാധകമാണെങ്കിൽ)

(9) നിശ്ചയിച്ചുട്ടുള്ള പ്രൊഫോർമകളിൽ/ഫോറങ്ങളിൽ തയ്യാറാക്കിയിട്ടുള്ള പ്രോജക്ടുകൾ

(10) 2003–04–ൽ തനത് വരുമാനത്തിൽ നിന്ന് പദ്ധതിക്കായി യഥാർത്ഥത്തിൽ ലഭ്യമായ തുക സംബന്ധിച്ച കണക്കുകളുടെ സ്റ്റേറ്റ്മെന്റ് (സെക്രട്ടറി സാക്ഷ്യപ്പടുത്തിയത്)

.

7.6 ഘട്ടം 6 : പദ്ധതികളുടെ പരിശോധന

7.61 പദ്ധതികളുടെ പരിശോധനയ്ക്ക് യോഗ്യതയുള്ള വിദഗ്ദ്ധരുടെ പങ്കാളിത്തം ഉറപ്പു വരുത്തുന്നതിന് ജില്ലാ ആസൂത്രണ സമിതി മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ (കൺവീനർ) മറ്റ് മൂന്ന് അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഒരു അന്വേഷണ സമിതി (search committee) രൂപീകരിച്ച് ജില്ലയിൽ ലഭ്യമായ ഏറ്റവും നല്ല വിദഗ്ദ്ധരെ കണ്ടെത്തണം. നിർദ്ദിഷ്ട യോഗ്യതയും പരിചയവും ഉള്ള സന്നദ്ധ പ്രവർത്തകരുടെ സേവനം ആവശ്യപ്പെട്ടുകൊണ്ട് പ്രാദേശിക പത്രക്കുറിപ്പ് പുറപ്പെടുവിക്കണം. അതിനുശേഷം ജില്ലാ ആസൂത്രണ സമിതിയുടെ മെമ്പർ സെക്രട്ടറിയായ ജില്ലാ കളക്ടർ ജില്ലാ ആസൂത്രണ സമിതിയുടെ ചെയർപേഴ്സണുമായി കൂടിയാലോചിച്ച് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ പുനഃസംഘടിപ്പിക്കണം.

7.62 ജില്ലാ പഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവയ്ക്ക് ജില്ലാതലത്തിലും ഗ്രാമപഞ്ചായത്തുകൾക്ക് ബ്ലോക്ക് തലത്തിലുള്ള ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ പുനഃസംഘടിപ്പിക്കണം. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളിൽ പ്രൊഫഷണൽ കോളേജുകൾ, അക്കാദമിക്ക് സ്ഥാപനങ്ങൾ, പൊതുമേഖല/സ്വകാര്യ മേഖല സ്ഥാപനങ്ങൾ, ഗവൺമെന്റിതര സ്ഥാപനങ്ങൾ, ബാങ്കുകൾ എന്നിവടങ്ങളിലേയും പെൻഷൻ പറ്റിയവരോ പ്രാക്ടീഷണർമാരോ ആയ വിദഗ്ദ്ധരെയും അംഗങ്ങളാക്കണം. ജില്ലാ കളക്ടർ ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ ചെയർമാനും ജില്ലാ പ്ലാനിംഗ് ഓഫീസർ സെക്രട്ടറിയും കൺവീനറും ആയിരിക്കും. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയായിരിക്കും ബ്ലോക്ക്തല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ സെക്രട്ടറിയും കൺവീനറും. ജില്ലാതലത്തിലും ബ്ലോക്ക് തലത്തിലും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾക്ക് വിവിധ വികസന മേഖലകൾക്ക് ഉപസമിതികൾ (sub groups) ഉണ്ടാവണം. ബ്ലോക്കുതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ ചെയർപേഴ്സൺമാരെയും ബ്ലോക്ക്/ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി ഉപസമിതികളുടെ ചെയർപേഴ്സൺമാരെയും കൺവീനർമാരെയും ജില്ലാ ആസൂത്രണ സമിതി തീരുമാനിക്കണം. ഉപസമിതികളുടെ ക്വാറവും ജില്ലാ ആസൂത്രണ സമിതി നിശ്ചയിക്കേണ്ടതാണെങ്കിലും അത് മൂന്നിൽ കുറയാൻ പാടില്ലാത്തതാണ്.

7.63 കരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) നടത്തിയ സർട്ടിഫിക്കറ്റ് കോഴ്സ് പൂർത്തിയാക്കിയ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെ അനുയോജ്യമായ തലത്തിലെ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗങ്ങളായി നാമനിർദ്ദേശം ചെയ്യാവുന്നതാണ്.

7.64 ടക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ ചുമതലകൾ ചുവടെ വിവരിക്കുന്നു

(a) നിർബന്ധമായും പാലിച്ചിരിക്കണമെന്ന് സംസ്ഥാന ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, വിശിഷ്യാ, വിവിധ മേഖലകളിലെ നിക്ഷേപത്തിന്റെ പരിധി, സബ്സിഡികളുടെ പരിധി, മേഖലാതല മാർഗ്ഗനിർദ്ദേശങ്ങൾ, വിവിധ ഗ്രൂപ്പുകൾക്കുള്ള മുൻഗണനകൾ, സഹായത്തിന് അർഹതയില്ലാത്ത വിഭാഗങ്ങൾ മുതലായവ സംബന്ധിച്ച നിബന്ധനകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പാലിച്ചിട്ടുണ്ടെന്ന് ഉറപ്പു വരുത്തുക.

(b) പദ്ധതികൾ നിലവിലുള്ള സാങ്കേതിക മാർഗ്ഗ രേഖയ്ക്ക് അനുസൃതമാണെന്ന് ഉറപ്പു വരുത്തുക.

(c) ഓരോ പ്രോജക്ടിന്റെ അടങ്കലും പദ്ധതി നിർവഹണ ഘട്ടങ്ങൾ (phasing) നിർണയിച്ചതും ന്യായയുക്തമാണോ എന്ന് പരിശോധിക്കുക.

(d) തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് താല്പര്യമുണ്ടെങ്കിൽ ഏറ്റെടുക്കാൻ കഴിയുന്ന നൂതന പദ്ധതികളെയും സംയോജിത പ്രോജക്ടുകളെയും സംബന്ധിച്ച് ഉപദേശങ്ങൾ നല്കുക.

തദ്ദേശ ഭരണസ്ഥാപനങ്ങൾക്ക് നിർദ്ദേശിച്ചിട്ടുള്ള മുൻഗണനാക്രമം മാറ്റുന്നതിനോ ഏതെങ്കിലും ഒരു പ്രത്യേക പ്രവൃത്തിയോ, പദ്ധതിയോ ഏറ്റെടുക്കണം എന്ന് നിർബന്ധിക്കാനുള്ള അവകാശാധികാരങ്ങളോ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിക്ക് ഇല്ല എന്ന് വ്യക്തമാക്കുന്നു. ബ്ലോക്ക്തല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിക്ക് ഏതെങ്കിലും പ്രോജക്ടിന്റെ സ്വീകാര്യതയെ കുറിച്ച് അഭിപ്രായവ്യത്യാസം ഉണ്ടെങ്കിൽ അത് ജില്ലാതല ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ തീരുമാനത്തിന് അയക്കേണ്ടതാണ്. ജില്ലാതലത്തിലാണ് അഭിപ്രായ വ്യത്യാസം ഉള്ളതെങ്കിൽ അത് ഗവൺമെന്റ് തലത്തിലുള്ള കോർഡിനേഷൻ സമിതിയുടെ തീരുമാനത്തിന് വിധേയമാക്കേണ്ടതാണ്.

7.64.1 ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ ഉപസമിതികൾ ഓരോ പ്രോജക്ടും വിശദമായി പരിശോധിക്കേണ്ടതും, ആവശ്യമെങ്കിൽ പദ്ധതി പ്രദേശം സന്ദർശിക്കാവുന്നതും, ഉചിതമായ ശുപാർശ ജില്ലാ ആസൂത്രണ സമിതിക്ക് നല്കാവുന്നതുമാണ്. ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രോജക്ട് നിർദ്ദേശങ്ങളിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തുകയാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ അധ്യക്ഷനുമായും നിർവ്വഹണ ഉദ്യോഗസ്ഥരുമായും ഒരുമിച്ചിരുന്നു ചർച്ച നടത്തി പ്രശ്നം പരിഹരിക്കുന്നതിന് ശ്രമിക്കേണ്ടതാണ്. നിർബന്ധമായും നടപ്പിലാക്കേണ്ട പരിപാടികൾക്ക് (mandatory schemes) ആവശ്യമായ പദ്ധതി വിഹിതം

വകയിരുത്താത്ത ഒരു പദ്ധതിയും ജില്ലാ ആസൂത്രണ സമിതിക്ക് ശുപാർശ ചെയ്യുവാൻ പാടില്ല.

7.64.2 ഗ്രാമപഞ്ചായത്തുകൾ അവയുടെ പദ്ധതികൾ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്കും മറ്റു തദ്ദേശഭരണ സ്ഥാപനങ്ങൾ ജില്ലാ പ്ലാനിംഗ് ഓഫീസർക്കും ഒന്നിച്ച് ഒരു തവണയായി തന്നെ നല്കി രസീതു വാങ്ങേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തു സെക്രട്ടറി/ജില്ലാ പ്ലാനിംഗ് ഓഫീസർ ദ്രുതഗതിയിൽ ഒരു പ്രാഥമിക പരിശോധന നടത്തിയശേഷം പ്രോജക്ടുകൾ വീതിച്ച് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ ബന്ധപ്പെട്ട ഉപസമിതികൾക്ക് വിശദമായ പരിശോധനക്ക് നല്കേണ്ടതാണ്. ഒരു തദ്ദേശഭരണ സ്ഥാപനത്തിന്റെ പദ്ധതി പരിശോധിച്ചു നല്കാൻ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി 10 ദിവസത്തിൽ അധികം സമയം എടുക്കാൻ പാടില്ല.

7.64.3 ബന്ധപ്പെട്ട നിർദ്ദേശങ്ങളും മാർഗ്ഗരേഖയും കർശനമായി പാലിച്ചു കൊണ്ടാണ് പ്രോജക്ടുകൾ തയ്യാറാക്കിയിട്ടുള്ളത് എന്ന് ഉറപ്പു വരുത്തുന്നതിന് ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി പ്രോജക്ടുകൾ സൂഷ്മമായി പരിശോധിക്കണം. അപ്രകാരം പരിശോധന നടത്താതെ പ്രോജക്ടുകൾ ശുപാർശ ചെയ്യുന്ന ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി അംഗങ്ങൾക്കെതിരെ ജില്ലാ കളക്ടർ ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

7.64.4 ജില്ലാ പഞ്ചായത്തുകളുടെയും കോർപ്പറേഷനുകളുടെയും കരട് പദ്ധതികൾ ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ പരിശോധയ്ക്കുശേഷം സംസ്ഥാന ആസൂത്രബോർഡ് നല്കണം.

7.65ഘട്ടം 7 : ജില്ലാ ആസൂത്രണ സമിതി അംഗീകാരം

ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികൾ പരിശോധിച്ച പദ്ധതികൾ ജില്ലാ ആസൂത്രണ സമിതി അതിന്റെ വായനയ്ക്കും പരിഗണനയ്ക്കും വിധേയമാക്കണം. തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ അംഗീകരിക്കുന്നതിന് ജില്ലാ ആസൂത്രണ സമിതി ഒരു സമയവിവര പട്ടിക നിശ്ചയിച്ച് അതുപ്രകാരം ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രസിഡന്റിനെയും സെക്രട്ടറിയെയും യോഗത്തിലേയ്ക്ക് ക്ഷണിക്കേണ്ടതാണ്.

7.66ഘട്ടം 8 : സാങ്കേതിക അനുമതി

7.66.1 പൊതുമരാമത്ത് പ്രവൃത്തികൾക്ക് മാത്രമെ സാങ്കേതിക അനുമതി ആവശ്യമുള്ളു. ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാ തലങ്ങളിലെ ടെക്നിക്കൽ കമ്മിറ്റികൾ (Technical Committees) പുനഃസംഘടിപ്പിക്കുവാൻ ജില്ലാ കളക്ടറെ അധികാരപ്പെടുത്തുന്നു. സർവ്വീസിലുള്ള എൻജിനീയർമാർ, റിട്ടയർ ചെയ്ത എൻജിനീയർമാർ, സർക്കാർ/സ്വകാര്യ/അക്കാദമിക്ക് സ്ഥാപനങ്ങളിലെ എൻജിനീയർമാർ, ഗവൺമെന്റിതര സംഘടനകളിലെ എൻജിനീയർമാർ എന്നിവരിൽ നിന്നും ടെക്നിക്കൽ കമ്മിറ്റിയിലേയ്ക്ക് ഏറ്റവും യോഗ്യരായ വിദഗ്ദ്ധരെ കണ്ടെത്തുവാൻ ജില്ലാ കളക്ടർ അധ്യക്ഷനും ജില്ലാ പ്ലാനിംഗ് ഓഫീസർ കൺവീനറും ആയി ഒരു അന്വേഷണ സമിതി രൂപീകരണം.

7.66.2 ഓരോ ടെക്നിക്കൽ കമ്മിറ്റിയിലും ജലസേചനം, കുടിവെള്ളം, റോഡുകളും പാലങ്ങളും, കെട്ടിടങ്ങൾ മുതലായവയ്ക്ക് ഏറ്റവും കുറഞ്ഞത് മൂന്ന് എഞ്ചിനീയർമാർ വീതമെങ്കിലും ഉള്ള സ്വതന്ത്ര സബ്ഗ്രൂപ്പുകൾ ഉണ്ടാകണം.

അവരിൽ ഒരാൾ അക്കാദമിക്ക് സ്ഥാപനത്തിലെയോ സർക്കാരിതര മേഖലയിലെയോ എഞ്ചിനീയറായിരിക്കണം. സബ്ഗ്രൂപ്പിന്റെ ക്വാറം, കൺവീനർ ഉൾപ്പെടെ രണ്ട് ആയിരിക്കും. എല്ലാ തലത്തിലെയും ടെക്നിക്കൽ കമ്മിറ്റികൾക്കും അവയുടെ സബ്ഗ്രൂപ്പുകൾക്കും കൺവീനർമാർ ഉണ്ടായിരിക്കണം. കൺവീനർ സർക്കാർ/പൊതുമേഖല സർവ്വീസിലുള്ള എഞ്ചിനീയർ ആയിരിക്കണം. ബ്ലോക്ക്തല ടെക്നിക്കൽ കമ്മിറ്റികളുടെ കൺവീനർമാർ അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെയും ജില്ലാതലത്തിൽ സൂപ്രണ്ടിംഗ് എഞ്ചിനീയറുടെയും പദവിയിലുള്ളവരായിരിക്കുന്നതാണ് അഭികാമ്യം.

7.66.3 ജില്ലാതല ടെക്നിക്കൽ കമ്മിറ്റിയുടെ ചെയർമാൻ ജില്ലാ കളക്ടർ ആണ്. ബ്ലോക്ക്/ മുനിസിപ്പൽ / കോർപ്പറേഷൻ തലങ്ങളിൽ അക്കാദമിക്ക് സ്ഥാപനങ്ങളിലോ സ്വകാര്യ മേഖലയിലോ സർക്കാതിര സംഘടനകളിലോ പ്രവർത്തിക്കുന്നതോ പൊതു മേഖലയിൽ നിന്നോ സ്വകാര്യ മേഖയിൽ നിന്നോ റിട്ടയർ ചെയ്തതോ ആയ ഒരു സീനിയർ പ്രൊഫഷണലിനെ കോർഡിനേറ്റർ ആയി നിശ്ചയിക്കണം. ടെക്നിക്കൽ കമ്മിറ്റിക്ക് നേതൃത്വം നല്കുന്നതിനും പ്രവർത്തനം ഏകോപിപ്പിക്കുന്നതിനും കഴിവുള്ള വ്യക്തിയെ ആയിരിക്കണം കോർഡിനേറ്റർ ആയി കണ്ടെത്തേണ്ടത്.

7.66.4 മരാമത്തു പ്രോജക്ടുകളുടെ സാങ്കേതികാനുമതി നല്കുന്നതിനുള്ള കമ്മിറ്റികളുടെ വിവരം ചുവടെ നല്കുന്നു:-

| തദ്ദേശഭരണ സ്ഥാപനം | | ടെക്നിക്കൽ കമ്മിറ്റി |
|---|---|---|
| ഗ്രാമപഞ്ചായത്ത് | : | ബ്ലോക്ക്തല ടെക്നിക്കൽ കമ്മിറ്റി |
| ബ്ലോക്ക് പഞ്ചായത്ത് | : | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി |
| ജില്ലാപഞ്ചായത്ത് | : | ജില്ലാതല ടെക്നിക്കൽ കമ്മിറ്റി |
| മുനിസിപ്പാലിറ്റി | : | മുനിസിപ്പൽതല ടെക്നിക്കൽ കമ്മിറ്റി |
| കോർപ്പറേഷൻ | : | കോർപ്പറേഷൻതല ടെക്നിക്കൽ കമ്മിറ്റി |

7.66.5 വിവിധടെക്നിക്കൽ കമ്മിറ്റികളിലേയ്ക്ക് നാമനിർദ്ദേശം ചെയ്യപ്പെടുന്ന പൊതുമരാമത്ത് വകുപ്പ്, ജലവിഭവ വകുപ്പ്, കേരളാ വാട്ടർ അതോറിറ്റി, കേരളാ സംസ്ഥാന വൈദ്യുതി ബോർഡ് മുതലായവയിലെ എഞ്ചിനീയർമാരെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പ്, എംപ്ലോയ്മെന്റ് ആന്റ് ട്രെയിനിംഗ് വകുപ്പ് തുടങ്ങിയവയിലെ എഞ്ചിനീയറിംഗ് ഫാക്കൽറ്റി അംഗങ്ങളെയും സംബന്ധിച്ചടത്തോളം ബന്ധപ്പെട്ട ടെക്നിക്കൽ കമ്മിറ്റികളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുക എന്നത് അവരുടെ അനിവാര്യ ചുമതലയാണ്.

7.66.6 ടെക്നിക്കൽ കമ്മിറ്റി/സബ്ഗ്രൂപ്പ് മുൻകൂട്ടി നിശ്ചയിച്ചിട്ടുള്ള ഒരു സമയ ക്രമമനുസരിച്ച് യോഗം ചേരേണ്ടതാണ്.

7.66.7 കൃത്യമായ അറിയിപ്പു നല്കി ചേരുന്ന യോഗത്തിൽ അംഗങ്ങളിലാരും തന്നെ പങ്കെടുത്തില്ലെങ്കിൽ കമ്മിറ്റിയുടെ/സബ്ഗ്രൂപ്പിന്റെ കൺവീനർ യോഗത്തിൽ പരിഗണിക്കാൻ തയ്യാറാക്കിയ ലിസ്റ്റിൽപ്പെട്ട പ്രോജക്ടുകൾക്ക് സാങ്കേതികാനുമതി നല്കേണ്ടതും അതിന് കമ്മിറ്റിയിലെ/സബ്ഗ്രൂപ്പിലെ എല്ലാ അംഗങ്ങളും കൂട്ടായി ഉത്തരവാദപ്പെട്ടവരായിരിക്കുന്നതുമാണ്.

7.66.8 ടെക്നിക്കൽ കമ്മിറ്റിയുടെ/സബ്ഗ്രൂപ്പിന്റെ സാങ്കേതിക അനുമതി നല്കുവാനുള്ള അധികാരം ടെക്നിക്കൽ കമ്മിറ്റിയുടെ/സബ്ഗ്രൂപ്പിന്റെ കൺവീനറുടെ പദവിയേക്കാളും ഒരു തലംകൂടി ഉയർന്ന പദവിയിലുള്ള എഞ്ചിനീയറുടെ അധികാരത്തിന് തുല്യമായി നിശ്ചയിക്കുന്നു.

7.66.9 ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/ജില്ലാതല ടെക്നിക്കൽ കമ്മിറ്റികൾ വിളിച്ചു ചേർക്കുന്ന ചുമതല യഥാക്രമം ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി, മുനിസിപ്പൽ/കോർപ്പറേഷൻ സെക്രട്ടറി, ജില്ലാ പ്ലാനിംഗ് ഓഫീസർ എന്നിവർക്കാണ്. ജില്ല പഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ/കോർപ്പറേഷനുകൾ, എന്നിവയുടെ അദ്ധ്യക്ഷന്മാർക്ക്, ടെക്നിക്കൽ കമ്മിറ്റികൾ സാങ്കേതികാനുമതി നല്കുന്ന പ്രവർത്തനത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനുള്ള അവകാശമുണ്ട്.

7.66.10 മരാമത്തു പ്രവൃത്തികളുടെ സാങ്കേതികാനുമതിരേഖ, വിശദമായ എസ്റ്റിമേറ്റ് മുതലായ രേഖകളിൽ ടെക്നിക്കൽ കമ്മിറ്റി യോഗത്തിൽ ഹാജരാകുന്ന എല്ലാ അംഗങ്ങളും ഒപ്പു വയ്ക്കേണ്ടതാണ്.

7.66.11 ടെക്നിക്കൽ കമ്മിറ്റിക്ക് എസ്റ്റിമേറ്റുകൾ ലഭിച്ചു കഴിഞ്ഞാൽ ആദ്യം ലഭിച്ചതിന് ആദ്യം എന്ന മുറയ്ക്ക് സാങ്കേതിക അനുമതി നൽകേണ്ടതാണ്. പ്രോജക്ടുകളിൽ ഏതെങ്കിലും മാറ്റങ്ങൾ വരുത്തേണ്ടത് ആവശ്യമാണെങ്കിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ പ്രതിനിധികളുമായി കൂടിയാലോചിക്കേണ്ടതാണ്. സാങ്കേതിക അനുമതി നൽകുന്ന പ്രവൃത്തികളെ സംബന്ധിച്ചും അതിന്റെ സാങ്കേതിക ഗുണനിലവാരത്തെ (technical soundness) സംബന്ധിച്ചും ടെക്നിക്കൽ കമ്മിറ്റിക്ക് പൂർണ്ണമായ ഉത്തരവാദിത്വം ഉണ്ടായിരിക്കും. പൊതുമരാമത്ത് മാനുവൽ പ്രകാരം പൊതുമരാമത്ത് വകുപ്പിലെ ഏതെങ്കിലും ഒരു എൻജിനീയർ സാങ്കേതിക അനുമതി നൽകുമ്പോൾ അദ്ദേഹത്തിനുണ്ടായിരിക്കുന്ന ബാധ്യത ടെക്നിക്കൽ കമ്മിറ്റി അംഗങ്ങൾക്കും ഉണ്ടായിരിക്കും.

8. പൊതു നിർദ്ദേശങ്ങൾ

(i) പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിന്നും ബിനാമികളെ ഒഴിവാക്കുന്നതിന്, അധ്യാപക രക്ഷാകർത്തൃ സമിതികൾ (Parent Teachers Association) നേരിട്ട് ചെയ്യാൻ തയ്യാറാകുന്ന സ്ക്കൂൾ/അങ്കണ വാടി കെട്ടിട നിർമ്മാണം ഒഴികെയുള്ള മറ്റെല്ലാ കെട്ടിട നിർമ്മാണ പ്രവൃത്തികളും ടെണ്ടർ ചെയ്യണം. അതുപോലെ ടാറിംഗ് ഉൾപ്പെടുന്ന എല്ലാ റോഡു പണികളും ടെണ്ടർ ചെയ്യണം. 25,000 രൂപയിൽ കുറവ് അടങ്കലുള്ളതും 75 ശതമാനം എങ്കിലും മൺവേലയുള്ളതുമായ നിർമ്മാണ പ്രവൃത്തികൾ മാത്രമെ ഗുണഭോക്തൃ സമിതികളെ ഏല്പിക്കാവൂ. വർക്കുകൾ വിഭജിക്കുന്നത് അനുവദനീയമല്ല. ഗുണഭോക്തൃ വിഹിതം നിർബന്ധമായ ജലസേചനം, കുടിവെള്ള വിതരണം മുതലായ പ്രവൃത്തികളുടെ അടങ്കൽ തുക 25,000 രൂപയിൽ അധികമാണെങ്കിലും അവയുടെ നിർവഹണം അതത് ഗുണഭോക്താക്കളുടെ ഗ്രൂപ്പിനെത്തന്നെ ഏല്പിക്കാവുന്നതാണ്.

(ii) പൊതുമരാമത്തു പണികളുടെ നിർവ്വഹണം കമ്മ്യൂണിറ്റി കോൺട്രാക്ടിംഗ് എന്ന നിലയിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളെ ഏല്പിക്കാവുന്നതാണ്. ഇതിന്റെ നടപടി ക്രമങ്ങൾ അക്രഡിറ്റഡ് ഏജൻസികളെ ഏല്പിക്കുമ്പോഴുള്ളതു പോലെയായിരിക്കും.

(iii) വനിതാഘടക പദ്ധതി, ശിശുക്കൾ വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ തുടങ്ങിയ പ്രത്യേക വിഭാഗത്തിനുള്ള പദ്ധതി മുതലായവയുടെ നിർവഹണ ഏജൻസികളായും കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളെ ഉപയോഗിക്കാവുന്നതാണ്.

(iv) രണ്ട് വർഷത്തിലധികം സമയമെടുത്ത് പൂർത്തിയാക്കാനുദ്ദേശിക്കുന്ന നിർമ്മാണ പ്രവൃത്തികൾ സൗകര്യപ്രദമായ ഘട്ടങ്ങളായി വിഭജിക്കുകയും ഓരോന്നും പ്രത്യേകം ടെണ്ടർ ചെയ്യുകയും വേണം. എന്നാൽ ഒരു നിർമ്മാണ പ്രവൃത്തി തുടർച്ചയായുള്ള രണ്ടു വർഷത്തെ വിഹിതമുപയോഗിച്ച് പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നുവെങ്കിൽ രണ്ടു വർഷത്തേയും ഫണ്ടുപയോഗിച്ച്, ഇടയ്ക്ക് നിറുത്തി വയ്ക്കാതെ പൂർത്തിയാക്കാവുന്ന രീതിയിൽ ആദ്യ വർഷം തന്നെ ടെണ്ടർ ചെയ്യാവുന്നതാണ്.

(v) ടെണ്ടർ ചെയ്യുന്നതിനുള്ള വർദ്ധിച്ച പരസ്യ ചെലവ് ഒഴിവാക്കുന്നതിന് ഒരു പരസ്യത്തിലൂടെ എല്ലാ പ്രവൃത്തികളും ഒരുമിച്ച് ടെണ്ടർ ചെയ്യാവുന്നതാണ്. ടെണ്ടർ നോട്ടീസ് പൊതു ജനങ്ങളുടെ അറിവിലേക്ക് ഔദ്യോഗിക വെബ്സൈറ്റിലും ലഭ്യമാക്കണം. ടെണ്ടർ ചെയ്യുന്ന പ്രവൃത്തികളുടെ സുതാര്യതയും ഉത്തരവാദിത്വവും ഉറപ്പുവരുത്തുന്നതിന് ഗുണഭോക്താക്കൾക്ക് പങ്കാളിത്തമുള്ള മോണിറ്ററിംഗ് സമിതികൾ രൂപീകരണം. ഈ സമിതികൾ ഗുണഭോക്തൃ സമിതികളുടെ എക്സിക്യൂട്ടീവ് കമ്മറ്റിയുടെ മാതൃകയിലായിരിക്കണം. ടെണ്ടർ എക്സസ് (tender excess) ഗവൺമെന്റ് കാലാകലങ്ങളിൽ നിശ്ചയിക്കുന്ന ശതമാന പരിധിക്ക് വിധേയമായിരിക്കും.

(vi) പദ്ധതി തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട എല്ലാ രേഖകളും പൊതു രേഖകളാണ്. ഏതു പൗരനും അവ പരിശോധിക്കുന്നതിനോ പകർപ്പെടുക്കുന്നതിനോ അവകാശം ഉണ്ട്.

(vii) സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങൾ, സർക്കാരിന്റെ ധനസഹായമുള്ള സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവടങ്ങളിലെ ഉദ്യോഗസ്ഥർ വിവിധ കമ്മിറ്റികളുടെ യോഗങ്ങളിൽ പങ്കെടുക്കുന്ന ദിവസങ്ങൾ ഔദ്യോഗിക കൃത്യനിർവ്വഹണമായി കരുതേണ്ടതാണ്. വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയും ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി, ടെക്നിക്കൽ കമ്മിറ്റി എന്നിവയുടെ

പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്ന ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട കമ്മിറ്റികളുടെ കൺവീനർമാരും ഹാജർ സർട്ടിഫിക്കറ്റ് നല്കേണ്ടതാണ്.

9. സഹായ സംവിധാനങ്ങൾ

പദ്ധതി തയ്യാറാക്കുന്ന പ്രക്രിയയിൽ തദ്ദേശ ഭരണസ്ഥാപനങ്ങളെ സഹായിക്കുന്നതിന് ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും അതിന്റെ അധികാര പരിധിയിൽ പ്രവർത്തിക്കുന്ന ഒരു ഉദ്യോഗസ്ഥനെ കണ്ടെത്തി പ്ലാൻ കോർഡിനേറ്ററായി ചുമതലപ്പെടുത്താവുന്നതാണ്. മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും ബ്ലോക്ക് പഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലും ഇപ്രകാരം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ ഗസറ്റഡ് പദവിയിലുള്ള ആളായിരിക്കണം. ബ്ലോക്ക് പഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കാര്യത്തിൽ അനുയോജ്യനായ ഒരു ഗസറ്റഡ് ഓഫീസറെ പ്ലാൻ കോർഡിനേറ്ററായി നിയമിക്കുന്നതിന് കണ്ടെത്താൻ കഴിഞ്ഞില്ലെങ്കിൽ ബന്ധപ്പെട്ട ബ്ലോക്ക് പഞ്ചായത്തിലേക്കോ മുനിസിപ്പാലിറ്റിയിലേയ്ക്കോ കൈമാറ്റം ചെയ്യപ്പെട്ട ഏറ്റവും ഉയർന്ന നോൺഗസറ്റഡ് തസ്തികയിലെ ഒരു ഓഫീസറെ പ്ലാൻ കോർഡിനേറ്ററായി നിയമിക്കാവുന്നതാണ്. അതുപോലെ ജില്ലയുടെ എല്ലാ പ്രവർത്തനങ്ങൾക്കും വേണ്ടി സീനിയർ ആയ ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനെ പ്ലാൻ കോർഡിനേറ്ററായി ജില്ലാ ആസൂത്രണ സമിതി കണ്ടെത്തേണ്ടതാണ്. എല്ലാ തലത്തിലും പ്ലാൻ കോർഡിനേറ്റർമാരെ നിശ്ചയിക്കുന്നത് ഐകകണ്ഠേനയുള്ള പ്രമേയം മുഖേനയാകണം.

10. പദ്ധതി രൂപീകരണം പൂർത്തിയാക്കുന്നതിനുള്ള കലണ്ടർ

2004-05 വാർഷിക പദ്ധതി തയ്യാറാക്കുന്ന നടപടികൾ പൂർത്തിയാക്കുന്നതിന് ചുവടെ വിവരിക്കുന്ന തീയതികൾ നിർദ്ദേശിക്കുന്നു. നിർദ്ദേശിച്ചിട്ടുള്ള തീയതികളിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ സൗകര്യാർത്ഥം ചെറിയ മാറ്റങ്ങൾ വരുത്താവുന്നതാണ്. എന്നാൽ, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിക്കും ജില്ലാ ആസൂത്രണ സമിതിക്കും പദ്ധതികൾ സമർപ്പിക്കേണ്ട തീയതികൾ മാൻഡേറ്ററി ആണ്. അതിന് മാറ്റം വന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 2004-2005 വാർഷിക പദ്ധതി വിഹിതത്തിൽ 25 ശതമാനം തുക നഷ്ടപ്പെടുന്നതാണ്. ആ തുക പൊതുവിഭാഗം സാധാരണ വിഹിതത്തിൽ നിന്നും കുറവു ചെയ്യുന്നതാണ്.

| | |
|---|---|
| (1) വർക്കിംഗ് ഗ്രൂപ്പുകളുടെ പുനഃസംഘടന | : 2004, ഏപ്രിൽ 12 |
| (2) ജില്ലാതല/ബ്ലോക്ക്തല ബാങ്കേഴ്സ് കമ്മിറ്റികളുടെ പ്രത്യേകയോഗം | : 2004, ഏപ്രിൽ 24 |
| (3) വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ടുകൾ സമർപ്പണം | : 2004, മേയ് 5 |
| (4) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റികളുടെ/ടെക്നിക്കൽ കമ്മിറ്റികളുടെ പുനഃസംഘടന | : 2004, മേയ് 15 |
| (5) ഗ്രാമസഭ/വാർഡ്സഭ യോഗങ്ങൾ | 2004, മേയ് 25 |
| (6) ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും മറ്റ് തലങ്ങളിലെ പഞ്ചായത്തുകളുമായി കൂടിയാലോചനകൾ | : 2004, ജൂൺ 5 |
| (7) സ്റ്റേക്ക്ഹോൾഡർമാരുമായി ആലോചനാ യോഗങ്ങൾ | : 2004, ജൂൺ 15 |
| (8) വികസന സെമിനാർ | : 2004, ജൂൺ 21 |
| (9) പദ്ധതി രൂപീകരണം പൂർത്തിയാക്കി ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നത്:- | |

(a) ഗ്രാമപഞ്ചായത്തുകൾ : 2004, ജൂൺ 25

(b) ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2004, ജൂലായ് 1

(c) ജില്ലാ പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ : 2004, ജൂലായ് 5

(10) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം:-

(1) ഗ്രാമപഞ്ചായത്തുകൾ :2004, ജൂലായ് 5

(2) ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ :2004,ജൂലായ് 12

(3) ജില്ലാ പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ :2004,ജൂലായ് 17

11.:പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കുന്ന നടപടി ക്രമങ്ങൾ

(1) പട്ടികവർഗ്ഗ ഉപപദ്ധതി (Tribal Sub Plan) തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ തികച്ചും സ്വതന്ത്രമാണ്. ഇതിന് വാർഷിക പദ്ധതി സമീപന രീതിയാണ് അവലംബിക്കേണ്ടത് പട്ടികവർഗ്ഗ ഉപപദ്ധതി രേഖ പ്രത്യേകം തയ്യാറാക്കേണ്ടതാണ്.

(2) 31.05.2003-ലെ ജി.ഒ.(എം.എസ്) 54/2003/ പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചാണ് പട്ടികവർഗ്ഗ ഉപപദ്ധതി തയ്യാറാക്കേണ്ടത്. അതിൽ പ്രതിപാദിക്കുന്നത് തികച്ചും വ്യത്യസ്തമായ ഒരു സമീപനമാണ്. പട്ടികവർഗ്ഗ സമൂഹങ്ങളുടെ ശാക്തീകരണം സാദ്ധ്യമാക്കുകയും അതിനായി തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു പ്രചോദക സന്നദ്ധ പ്രവർത്തകന്റെ ചുമതല നിർവ്വഹിക്കുകയും ചെയ്യുക എന്നതാണ് ആ സമീപനം.

(3) .പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ലഭിക്കുന്ന എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും പട്ടികവർഗ്ഗ വികസന വർക്കിംഗ് ഗ്രൂപ്പ് പ്രത്യേകം രൂപീകരണം.

(4) പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ഭവന നിർമ്മാണ പ്രോജക്ടുകൾ നടപ്പിലാക്കുമ്പോൾ ഏതെങ്കിലും തദ്ദേശഭരണ സ്ഥാപനത്തിലെ ഭവന നിർമ്മാണം ഏറ്റെടുക്കുവാൻ അക്രഡിറ്റഡ് ഏജൻസികൾ തയ്യാറാകുന്നില്ലെങ്കിൽ ജില്ലാ ആസൂത്രണ സമിതിക്ക്, സുതാര്യമായ നടപടിക്രമത്തിലൂടെ ഒരു സർക്കാരിതര സംഘടനയേയോ, സന്നദ്ധ സംഘടനയേയോ കണ്ടെത്തി ആ ചുമ തല ഏല്പിക്കാവുന്നതാണ്. ഇന്ദിരാഭവന നിർമ്മാണപരിപാടി, എസ്.ജി.ആർ.വൈ, വാല്മീകി അംബേദ്കർ ആവാസ് യോജന എന്നീ പരിപാടികളിലെയും മറ്റു കേന്ദ്രാവിഷ്കൃ പരിപാടികളിലെയും വീടുകളുടെ നിർമ്മാണം പോലും ഈ രീതിയിൽ വേണം നടപ്പിലാക്കാൻ. അർഹരായ പട്ടികവർഗ്ഗ അഗതികൾക്ക് നല്കാൻ കഴിയുന്ന പരിചരണ സേവനങ്ങളുടെ പാക്കേജ് Annexure 3-ൽ നല്കുന്നു.

(5) തദ്ദേശ ഭരണ സ്ഥാപനങ്ങൾ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിച്ച് പട്ടികവർഗ്ഗ ഉപപദ്ധതിതയ്യാറാക്കുന്നതിനുള്ള കലണ്ടർ ചുവടെ നൽകുന്നു.

| പ്രവർത്തനങ്ങൾ | തീയതി |
|---|---|

(1) വർക്കിംഗ് ഗ്രൂപ്പ് പുനഃസംഘടന : 2004, ഏപ്രിൽ 12

(11) പ്രത്യേക ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി പുനഃസംഘട : 2004, മേയ് 15

(111) സാഹചര്യം ഒരുക്കൽ, സ്ഥിതി വിശകലനം, ഊരുക്കൂട്ട യോഗങ്ങൾ : 2004, മേയ് 25

(1V) ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ പദ്ധതി രൂപീകരണയോഗം : 2004, ജൂൺ 1

(V)എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും കരട് പദ്ധതികൾക്ക് അന്തിമരൂപം നൽകൽ : 2004, ജൂൺ 15

(vi)വികസന സെമിനാർ : 2004, ജൂൺ 25

(vii)പദ്ധതിക്ക് അന്തിമരൂപം നല്കി ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റി മുഖേന ജില്ലാ ആസൂത്രണ സമിതിക്ക് സമർപ്പിക്കുന്നത്:-

(a) ഗ്രാമപഞ്ചായത്തുകൾ : 2004, ജൂലായ് 1

(b) ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2004, ജൂലായ് 7

(c) ജില്ലാ പഞ്ചായത്തുകൾ : 2004, ജൂലായ് 12

(i) ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം

- ഗ്രാമപഞ്ചായത്തുകൾ : 2004, ജൂലായ് 5
- ബ്ലോക്ക് പഞ്ചായത്തുകൾ/മുനിസിപ്പാലിറ്റികൾ : 2004, ജൂലായ് 12
- ജില്ലാ പഞ്ചായത്തുകൾ : 2004, ജൂലായ് 17

(ii) പദ്ധതി പ്രചാരണം : 2004,

ജൂലായ് 31

**************

Annexure-1

## ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കൽ

1. തദ്ദേശഭരണ സ്ഥാപനങ്ങളും ഒരു ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി നിർബന്ധമായും തയ്യാറാക്കണം. അതിന് ചുവടെ വിവരിക്കുന്ന നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്.

2. ഘട്ടം 1 : വർക്കിംഗ് ഗ്രൂപ്പ് രൂപീകരണം

2.1 എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അതത് സ്ഥാപനങ്ങളുടെ അദ്ധ്യക്ഷൻ ചെയർമാനായി ദാരിദ്ര്യ ലഘൂകരണത്തിന് മാത്രമായി ഒരു വർക്കിംഗ് ഗ്രൂപ്പ് രൂപീകരിക്കണം. വിവിധ തലങ്ങളിലെ വർക്കിംഗ് ഗ്രൂപ്പിന്റെ കൺവീനർ സ്ഥാനം ചുവടെ കൊടുത്തിരിക്കുന്ന പ്രകാരം ആയിരിക്കണം.

| | |
|---|---|
| ഗ്രാമപഞ്ചായത്ത് | : മെമ്പർ സെക്രട്ടറി, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി |
| ബ്ലോക്ക് പഞ്ചായത്ത് | : സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| ജില്ലാ പഞ്ചായത്ത് | : ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ |
| മുനിസിപ്പാലിറ്റി | : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |
| കോർപ്പറേഷൻ | : പ്രോജക്ട് ഓഫീസർ, നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

2.2 പട്ടികജാതി/പട്ടികവർഗ്ഗ വികസനം, സാമൂഹ്യക്ഷേമം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരും സ്വയമേവ ഈ വർക്കിംഗ് ഗ്രൂപ്പിൽ അംഗങ്ങളായിരിക്കും. മറ്റ് മെമ്പർമാർ അതത് തദ്ദേശഭരണ സ്ഥാപനം തീരുമാനിക്കുന്നതുപ്രകാരം ആയിരിക്കണം. ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കോർപ്പറേഷനുകളിലെയും വർക്കിംഗ് ഗ്രൂപ്പുകളിൽ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പ്രസിഡന്റിനെയും കുറഞ്ഞത് മൂന്ന് അംഗങ്ങളെയും ഉൾപ്പെടുന്നതിന് പ്രത്യേകശ്രമം നടത്തേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്തുതലത്തിൽ എല്ലാ സി.ഡി.എസ്. പ്രസിഡന്റുമാരും അംഗങ്ങളായിരിക്കണം. ജില്ലാ തലത്തിൽ ഒരു ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഒരു സി.ഡി.എസ്. പ്രസിഡന്റ് എന്ന ക്രമത്തിൽ ഉൾപ്പെടുത്തിയിരിക്കണം. ദാരിദ്ര്യ മേഖലയിലെ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിദഗ്ദ്ധരെയും ആക്ടിവിസ്റ്റുകളെയും കൂടി നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

3. ഘട്ടം 2 : സ്ഥിതി അവലോകനം

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളെ സംബന്ധിച്ച് ലഭ്യമായ സ്ഥിതി വിവരങ്ങൾ വിലയിരുത്തി സംക്ഷിപ്തമായ ഒരു റിപ്പോർട്ട് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്കു വേണ്ടി നടപ്പാക്കിയ

എല്ലാ പരിപാടികളും തിട്ടപ്പെടുത്തി അവയുടെ ഫലപ്രാപ്തിയെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്തേണ്ടതാണ്.

4. ഘട്ടം 3: കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തിലൂടെ കീഴ്ത്തട്ടിൽ നിന്നുള്ള ആസൂത്രണ പ്രക്രിയ

4.1 കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി സംവിധാനത്തിലൂടെ താഴെത്തട്ടിൽ നിന്നും മുകളിലേയ്ക്കുള്ള ഒരു ആസൂത്രണ പ്രക്രിയ ആരംഭിക്കേണ്ടതാണ്. അതിനായി ചുവടെ കൊടുത്തിരിക്കുന്ന പ്രവർത്തനങ്ങൾ ക്രമമായി സംഘടിപ്പിക്കണം.

1) അയൽക്കൂട്ടങ്ങൾ, ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ എന്നിവയിലെ അംഗങ്ങൾക്ക് പരിശീലനം സംഘടിപ്പിക്കൽ: ഇതിനാവശ്യമായ മുന്നൊരുക്കങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ സ്വീകരിക്കുന്നതാണ്.
2) പാവപ്പെട്ടവരുടെ അടിസ്ഥാന വിവരങ്ങൾ ഉൾക്കൊള്ളുന്ന വിവര അടിത്തറ (Database) തയ്യാറാക്കൽ: ഇത് അയൽക്കൂട്ടങ്ങൾ ചെയ്യേണ്ടതാണ്.
3) സ്ഥിതി അവലോകനവും ആവശ്യകതാ നിർണ്ണയവും: ഡേറ്റാബേസിന്റെ അടിസ്ഥാനത്തിൽ ചുവടെ വിവരിക്കുന്ന കാര്യങ്ങൾക്ക് പ്രത്യേക പരിഗണന നല്കി, അയൽക്കൂട്ടങ്ങൾ അതത് പ്രദേശത്തെ ദാരിദ്ര്യത്തിന്റെ അവസ്ഥ വിലയിരുത്തേണ്ടതാണ്:-
   (a) വീട്, ശുചിത്വ സംവിധാനം, കുടിവെള്ളം, വൈദ്യുതി, യാത്രാ സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യത.
   (b) ആരോഗ്യ സ്ഥിതി
   (c) വിദ്യാഭ്യാസം
   (d) റേഷൻകാർഡ്, പെൻഷൻ തുടങ്ങിയ അവകാശ അധികാരങ്ങളുടെ (entitlements) ലഭ്യത
   (e) സൂക്ഷമ സംരംഭങ്ങളുടെ പ്രവർത്തനവും പുതിയ സംരംഭങ്ങളുടെ സാധ്യതയും
   (f) വൈദഗ്ദ്ധ്യ വികസനത്തിന്റെ ആവശ്യകത
   (g) ശിശുക്കൾ, വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, വനിതകൾ, പ്രത്യേകിച്ച് വിധവകളും ഉപേക്ഷിക്കപ്പെട്ട വനിതകളും, നേരിടുന്ന പ്രത്യേക പ്രശ്നങ്ങൾ
   (h) അഗതികൾ
(4) ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി സംബന്ധിച്ച് അയൽക്കൂട്ടങ്ങളുടെ നിർദ്ദേശങ്ങൾ
(5) ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റി തലത്തിൽ പദ്ധതി സംയോജനം: അയൽക്കൂട്ട തലത്തിൽ രൂപം കൊള്ളുന്ന പദ്ധതി നിർദ്ദേശങ്ങൾ ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പൊതുയോഗത്തിൽ വച്ച് സംയോജിപ്പിക്കേണ്ടതാണ്. ഇപ്രകാരം സംയോജിപ്പിക്കുമ്പോൾ വാർഡിലെ ദാരിദ്ര്യവുമായി ബന്ധപ്പെട്ട പൊതുവായ പ്രശ്നങ്ങൾ പരിഗണിക്കേണ്ടതും അവ സംബന്ധിച്ച നിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തേണ്ടതുമാണ്.

(6) കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി തലത്തിൽ പദ്ധതി സംയോജനം:

ഏരിയാ ഡെവലപ്പ് മെന്റ് സൊസൈറ്റികൾ തയ്യാറാക്കുന്ന പദ്ധതി നിർദ്ദേശങ്ങൾ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ പൊതുയോഗത്തിൽ അവതരിപ്പിച്ച് സംയോജിപ്പിക്കേണ്ടതാണ്. ഇപ്രകാരം സംയോജിപ്പിക്കമ്പോൾ തദ്ദേശഭരണ പ്രദേശത്തിലെ ദാരിദ്ര്യവുമായി ബന്ധപ്പെട്ട പൊതുപ്രശ്നങ്ങൾ വിലയിരുത്തുകയും അവയ്ക്കുള്ള പരിഹാര നിർദ്ദേശങ്ങൾ ഉൾപ്പെടുത്തുകയും വേണം.

## 5. ഘട്ടം 4: സമന്വയ ശില്പശാല (Convergence Workshop)

തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി നിർദ്ദേശങ്ങൾക്ക് അന്തിമരൂപം നല്കുന്നതിനു മുമ്പ് ഓരോ തദ്ദേശഭരണ സ്ഥാപനത്തിലും ഒരു സമന്വയ ശില്പശാല നടത്തേണ്ടതാണ്. ഈ ശില്പശാലയിൽ ദാരിദ്ര്യ ലഘൂകരണ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ, മറ്റ് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളുടെയും ചെയർപേഴ്സൺമാർ/വൈസ് ചെയർപേഴ്സൺമാർ, കൺവീനർമാർ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി ജനറൽ ബോഡി അംഗങ്ങൾ എന്നിവരെ പങ്കെടുപ്പിക്കേണ്ടതാണ്. ദാരിദ്ര്യ ലഘൂകരണത്തിന് വേണ്ടി വിവിധ പദ്ധതികൾ സംയോജിപ്പിക്കുന്നതിനും വിവിധ മേഖലകളിലെ പദ്ധതി വിഹിതം ദാരിദ്ര്യ ലഘൂകരണത്തിന് പ്രയോജനപ്പെടുമെന്ന് ഉറപ്പു വരുത്തുന്നതിനും ഈ ശില്പശാലയിലൂടെ കഴിയണം.

## 6. ഘട്ടം 5: ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയുടെ കരട് തയ്യാറാക്കൽ

6.1 ഗ്രാമപഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റി/കോർപ്പറേഷനുകളിലെയും വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റിയുടെ ജനറൽ ബോഡിയിലെ അംഗങ്ങൾ എന്നിവരുടെ സംയുക്ത യോഗത്തിലാണ് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതി തയ്യാറാക്കേണ്ടത്. ഇപ്രകാരം തയ്യാറാക്കുന്ന കരട് ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ ചുവടെ കൊടുത്തിരിക്കുന്ന അദ്ധ്യായങ്ങൾ ഉണ്ടാകണം:-

(1) തദ്ദേശഭരണ പ്രദേശങ്ങളിലെ ദാരിദ്ര്യത്തിന്റെ അവസ്ഥാ വിശകലനം

(2) കഴിഞ്ഞ ഏഴ് വർഷത്തെ അനുഭവങ്ങളുടെ സംക്ഷിപ്ത വിവരണം

(3) ദാരിദ്ര്യവുമായി ബന്ധപ്പെട്ട വസ്തുകളും പ്രശ്നങ്ങളും

(4) ദാരിദ്ര്യവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളും അവയുടെ മുൻഗണനയും

(5) നിർദ്ദേശിക്കുന്ന പരിപാടികളും വിഹിതവും

(6) നിർവഹണ രീതി

(7) മോണിട്ടറിംഗ് സംവിധാനം

6.2 ബ്ലോക്ക് പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പുകൾ അവയുടെ പരിധിയിൽ ഉള്ള കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളിൽ നിന്ന് നിർദ്ദേശങ്ങൾ സ്വീകരിക്കുകയും കരട് പദ്ധതി തയ്യാറാക്കുന്നതിനു മുമ്പായി. സി.ഡി.എസ്. പ്രസിഡന്റുമാരുമായി കൂടിയാലോചന നടത്തുകയും വേണം

6.3 ഗ്രാമപഞ്ചായത്തുകൾ കണ്ടെത്തിയിട്ടുള്ളതും തദ്ദേശീയമായി ഏറ്റെടുക്കുവാൻ കഴിയാത്തതുമായ പരിപാടികൾക്ക് മുൻഗണന നല്കുന്നതിന് ബ്ലോക്ക് പഞ്ചായത്തുകൾ പ്രത്യേക ശ്രദ്ധ നല്കണം.

6.4 ജില്ലാ പഞ്ചായത്തുകളിലെ വർക്കിംഗ് ഗ്രൂപ്പ്, ജില്ലകളിലെ എല്ലാ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി പ്രസിഡന്റുമാരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു ഏകദിന ശില്പശാല നടത്തേണ്ടതാണ്. പ്രസ്തുത ശില്പശാലയിൽ ദാരിദ്ര്യവുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങൾ ഗ്രൂപ്പ് ചർച്ചകൾ നടത്തേണ്ടതും അതിൽ നിന്നും ഉരുത്തിരിയുന്ന നിർദ്ദേശങ്ങൾ സ്വീകരിക്കേണ്ടതുമാണ്.

7. അഗതികൾക്ക് ആശ്രയ പ്രോജക്ട് തയ്യാറാക്കൽ

7.1 ദാരിദ്ര്യ നിർമ്മാർജ്ജന ഉപപദ്ധതിയിൽ അഗതി കുടുംബങ്ങൾക്കു വേണ്ടി "ആശ്രയ" എന്ന സ്പഷ്ടമായ ഒരു പ്രോജക്ട് ഉണ്ടായിരിക്കണം. ആശ്രയ പ്രോജക്ട് തയ്യാറാക്കുകയെന്നത് ഗ്രാമപഞ്ചായത്തുകളുടെയും മുനിസിപ്പാലിറ്റികളുടെയും കോർപ്പറേഷനുകളുടെയും ചുമതലയാണ്. ഗ്രാമപഞ്ചായത്തുകളുടെ ആശ്രയ പദ്ധതിയിലെ നിശ്ചിതഘടകങ്ങൾക്ക് വേണ്ട സഹായം ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും നല്കണം.

7.2 ആശ്രയ പ്രോജക്ട് തയ്യാറാക്കുന്നതിന്റെ ആദ്യപരിപാടിയായി കുടുംബശ്രീ ആവിഷ്ക്കരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ അടിസ്ഥാനമാക്കി അയൽക്കൂട്ടങ്ങൾ അഗതി കുടുംബങ്ങളെ കണ്ടെത്തണം. ചുവടെ കൊടുത്തിരിക്കുന്ന ഒൻപത് മാനദണ്ഡങ്ങളിൽ ഏഴ് മാനദണ്ഡങ്ങളെങ്കിലും ബാധകമായ എല്ലാ കുടുംബങ്ങളുടെയും പട്ടിക തയ്യാറാക്കണം:-

(i) ഉറപ്പുള്ള തറയും സ്ഥിരമായ മേൽക്കൂരയില്ലാത്ത വീട്

(ii) ശുദ്ധജലം ഇല്ലായ്മ

(iii) ശുചിത്വമുള്ള കക്കൂസ് ഇല്ലായ്മ

(iv) പ്രായപൂർത്തിയായ നിരക്ഷരൻ ഉള്ള കുടുംബം

(v) ഒരാളിൽ കൂടുതൽ തൊഴിൽ ചെയ്യാനില്ലാത്ത കുടുംബം

(vi) രണ്ടു നേരം പോലും മതിയായ ആഹാരം കഴിക്കാനില്ലാത്ത കുടുംബം

(vii) അഞ്ചു വയസ്സിൽ താഴെ പ്രായമുള്ള ശിശുക്കൾ ഉള്ള കുടുംബം

(viii) മദ്യത്തിനോ മയക്കുമരുന്നിനോ അടിമപ്പെട്ട അംഗമുള്ള കുടുംബം

(ix) പട്ടികജാതി/പട്ടികവർഗ്ഗ കുടുംബം

7.3 ഇപ്രകാരം കണ്ടെത്തുന്ന കുടുംബങ്ങളെ ചുവടെ വിവരിക്കുന്ന എട്ട് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ വീണ്ടും പരിശോധിക്കേണ്ടതാണ്:-

(i) ഭവന നിർമ്മാണത്തിന് ഭൂമി ഇല്ലാത്തവർ (പുറമ്പോക്ക് ഭൂമി, വനഭൂമി, കനാലുകളുടെയും പാടശേഖരങ്ങളുടെയും പുറംബണ്ടുകൾ എന്നിവടങ്ങളിൽ താമസിക്കുന്നവർ)

(ii) രാത്രികാലം, പൊതു സ്ഥലങ്ങളിലും തെരുവുകളിലും കടത്തിണ്ണകളിലും അന്തിയുറങ്ങുന്നവർ

(iii) അവിവാഹിതരായ അമ്മമാർ/മക്കളെ വളർത്താനുള്ള ചുമതല ഒറ്റയ്ക്ക് നിർവ്വഹിക്കുന്ന മാതാവോ പിതാവോ/ഭർത്താവുമായി വേർപിരിഞ്ഞ് ദുരിതമനുഭവിക്കുന്ന വനിതകൾ

(iv) സാമ്പത്തിക പരാധീനതകൾ അനുഭവിക്കുന്ന അകാലത്തിൽ വിധവകളാകേണ്ടി വന്നവർ, വിവാഹപ്രായം കഴിഞ്ഞിട്ടും അവിവാഹിതരായി കഴിയുന്ന വനിതകൾ

(v) തീരാവ്യാധികൾ പിടിപെട്ടവരും ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരും

(vi) കുടുംബത്തിൽ ഭക്ഷണത്തിനു വക കണ്ടെത്താൻ കഴിവുള്ള 60 വയസ്സിൽ താഴെ പ്രായമുള്ള ആരും തന്നെയില്ലാത്ത കുടുംബം

(vii) ഭിക്ഷാടനം തൊഴിലായി സ്വീകരിച്ചിട്ടുള്ളവർ

(viii) അതിക്രമങ്ങൾക്ക് ഇരയായിട്ടുള്ള വനിതകൾ

7.4 തയ്യാറാക്കപ്പെട്ട പട്ടികയിൽ മുകളിൽ വിവരിച്ചിട്ടുള്ള മാനദണ്ഡങ്ങളിൽ ഏതെങ്കിലും ഒന്ന് ബാധകമായ കുടുംബത്തെ അഗതി കുടുംബമായി കണക്കാക്കാവുന്നതാണ്.

7.5 മുകളിൽ വിവരിച്ച പ്രകാരം അഗതി കുടുംബങ്ങളുടെ പട്ടിക അയൽക്കൂട്ടം തയ്യാറാക്കി കഴിഞ്ഞാൽ അയൽക്കൂട്ട അംഗങ്ങൾ കഴിയുന്നിടത്തോളം വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾക്കൊപ്പം ടീമുകളായി ഓരോ അഗതി കുടുംബവും സന്ദർശിക്കണം. ഓരോ ടീമും സന്ദർശിക്കുന്ന അഗതി കുടുംബത്തിന്റെ ഒരു രൂപരേഖ തയ്യാറാക്കണം. ഇതിനാവശ്യമായ ഫോറങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ കോർഡിനേറ്റർ ലഭ്യമാക്കുന്നതാണ്. കണ്ടെത്തുന്ന അഗതി കുടുംബങ്ങളുടെ പട്ടിക ഗ്രാമസഭയിൽ/വാർഡ് സഭയിൽ അവതരിപ്പിച്ച് അംഗീകാരം തേടണം. ഇത് സംബന്ധിച്ച് ഉണ്ടാകുന്ന ഓരോ പരാതിയും സൂഷ്മമായി പരിശോധിക്കേണ്ടതും വിശദമായ റിപ്പോർട്ട് ഗ്രാമസഭയുടെ/ വാർഡ് സഭയുടെ അടുത്ത യോഗത്തിൽ സമർപ്പിക്കേണ്ടതുമാണ്.

## 8. അഗതി കുടുംബങ്ങൾക്കു വേണ്ടിയുള്ള പരിചരണ സേവനങ്ങളുടെ പാക്കേജ്

8.1 ഗ്രാമപഞ്ചായത്തുകളും മുനിസിപ്പാലിറ്റികളും കോർപ്പറേഷനുംകളും അവയുടെ ദരിദ്രർക്കു വേണ്ടിയുള്ള നിലവിലുള്ള പരിപാടികൾക്കു പുറമെ, അഗതി കുടുംബങ്ങൾക്കായി ആശ്രയ പദ്ധതിപ്രകാരം പരിചരണ സേവനങ്ങളുടെ ഒരു പാക്കേജ് (Package of Care Services) തയ്യാറാക്കേണ്ടതാണ്. അതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

*8.1.1 ഭക്ഷണം*

(i) 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭഷ്യധാന്യം സൗജന്യമായി ലഭ്യമാക്കണം.

(ii) പെൻഷനോ മറ്റ് യാതൊരു വരുമാന മാർഗ്ഗമോ ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന, അഗതി കുടുംബങ്ങൾക്ക് അന്ത്യോദയ അന്ന യോജന പദ്ധതി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യത്തിന്റെ വില ഗ്രാമപഞ്ചായത്തിന്റെ/നഗരസഭയുടെ കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും കുടുംബങ്ങളുടെ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻ ഷോപ്പിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.

(iii) എസ്.ജി.ആർ.വൈ.പോലെയുള്ള തൊഴിൽദാന പരിപാടികളിൽ അഗതികളെ പ്രത്യേക പരിഗണന നല്കി പങ്കെടുപ്പിക്കുന്നതിലൂടെ വേതനം ലഭിക്കുന്ന തൊഴിലും ഭക്ഷ്യധാന്യങ്ങളുടെ വിതരണവും ഉറപ്പു വരുത്തണം.

(iv) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ദീർഘ കാലമായി രോഗബാധിതർ, നിത്യരോഗികൾ, വളരെയേറെ പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണം പാചകം ചെയ്യാൻ ശേഷിയുള്ള ഒരാൾ പോലും ഇല്ലാത്തതും ആയ അഗതി കുടുംബങ്ങൾക്ക് അങ്കനവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം. ഈ ചുമതല കുടുംബശ്രീ അയൽക്കൂട്ടങ്ങളെയും ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികളെയും ഏല്പിക്കാവുന്നതാണ്. ഈ വിഭാഗത്തിലെ അംഗങ്ങൾക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം നടത്തുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ അഗതി പുനരധിവാസ ഫണ്ടിൽ നിന്ന് വഹിക്കാവുന്നതാണ്. അപ്രകാരം ഒരു മാസം ഭക്ഷണം പാചകം ചെയ്ത് നല്കുന്നതിനാവശ്യമായ തുക മുൻകൂറായി ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് നല്കാവുന്നതാണ്.

*8.1.2 ആരോഗ്യ രക്ഷ*

(i) ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടി സ്വീകരിക്കണം.

(ii) മുകളിൽ പ്രതിപാദിച്ച വിഭാഗത്തിലെ രോഗികളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതുമാണ്.

(iii) ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെക്കൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്.

(iv) പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അഗതികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

(v) രോഗ ബാധിതരായ അഗതികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം. അതിന് പ്രാഥമികാരോഗ്യ കേന്ദ്രം/ഇതര സർക്കാർ ആശുപത്രികൾ എന്നിവടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്. ആവശ്യമാണെങ്കിൽ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും ചെലവാക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പു വരുത്തുന്നതിന് ആരോഗ്യ മേഖലയിലെ വിദഗ്ദ്ധർ ഉൾപ്പെടുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏത് എന്ന്

നിശ്ചയിക്കേണ്ടതും അവ വാങ്ങി അഗതികളായ രോഗികൾക്ക് നല്കുകയും വേണം. രോഗികൾക്കാവശ്യമായ മരുന്നുകൾ യഥാസമയം ലഭിക്കുന്നുണ്ടെന്ന് അയൽക്കൂട്ടങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

(vi) പരോപകാരതല്പരരായ വ്യക്തികളെയും ധർമ്മസ്ഥാപനങ്ങളെയും അഗതികളുടെ ചികിത്സാവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

(vii) തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ സേവന തല്പരരായ ആതുര ശുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

*8.1.3 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നല്കൽ*

(i) ഇന്ദിരാ ആവാസ് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന മുതലായ കേന്ദ്രാവിഷ്കൃത പരിപാടികളിൽ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് അനുവദനീയമായ മൂന്ന് ശതമാനം തുക വിനിയോഗിക്കുന്ന പ്രോജക്ടുകൾ ആശ്രയ കുടുംബങ്ങളിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് പ്രത്യേക മുൻഗണന നല്കി നടപ്പാക്കേണ്ടതാണ്.

(ii) അഗതികൾക്ക്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നല്കുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

(iii) പൊതുവിഭാഗം പദ്ധതി വിഹിതം വിനിയോഗിച്ച് അഗതി കുടുംബങ്ങളിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നല്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

(iv) ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര/സംസ്ഥാന സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

*8.1.4 അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണന നല്കണം.*

*8.1.5 കിടപ്പാടം*

(i) ഭൂരഹിതരായ എല്ലാ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുന്നതിന് ഭൂമി വാങ്ങി നല്കിയതിനുശേഷം മാത്രമെ തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നല്കുവാൻ പാടുള്ളു. അഗതികൾക്ക് വീട് വയ്ക്കുവാൻ സ്ഥലം വാങ്ങുന്ന പ്രോജക്ടുകൾ ജില്ലാ

പഞ്ചായത്തുകൾക്കും ബ്ലോക്ക് പഞ്ചായത്തുകൾക്കും കൂടി ഏറ്റെടുക്കാമെങ്കിലും അവ ഗ്രാമപഞ്ചായത്തുകൾ മുഖേന മാത്രമെ നടപ്പിലാക്കാവൂ. ഈ കാര്യത്തിൽ ഗുണഭോക്താക്കളുടെ സമുദായം ഒരു മാനദണ്ഡമാകരുത്.

(ii) അഗതി കുടുംബങ്ങളുടെ പുനരധിവാസത്തിന് ഗ്രാമപ്രദേശങ്ങളിൽ 3 സെന്റിൽ കുറയാതെയും നഗരപ്രദേശങ്ങളിൽ 1 1/2 സെന്റിൽ കുറയാതെയും ഭൂമി കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ വിലയായി ഗ്രാമപ്രദേശങ്ങളിൽ പരമാവധി 19,500 രൂപയും മുനിസിപ്പാലിറ്റികളിൽ 20,000 രൂപയും കോർപ്പറേഷനുകളിൽ 25,000 രൂപയും വരെ നല്കാവുന്നതാണ്. ഭൂമിയുടെ യഥാർത്ഥ വിലയോ മുകളിൽ സൂചിപ്പിച്ച പരിധിക്ക് വിധേയമായ തുകയോ ഏതാണോ കുറവ് ആ തുക ഭൂവുടമയ്ക്ക് നേരിട്ട് നല്കാവുന്നതാണ്. ഈ കാര്യത്തിൽ പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് അനുവദനീയമായ ആനുകൂല്യം എല്ലാ അഗതി കുടുംബങ്ങൾക്കും സമുദായ പരിഗണന കൂടാതെ അനുവദിക്കാവുന്നതാണ്.

*8.1.6* *പാർപ്പിടം*

(i) ഭവന രഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നല്കണം. അതിനുശേഷം മാത്രമെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് കുടുംബങ്ങൾക്ക് വീട് നല്കുവാൻ പാടുള്ളൂ.

(ii) അഗതി കുടുംബങ്ങളുടെ ഭവന നിർമ്മാണം അയൽക്കൂട്ടങ്ങളെയോ സന്നദ്ധ സംഘടനകളെയോ ഏല്പിക്കണം.

*8.1.7* *കുടിവെള്ളം*

(i) നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.

(ii) പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ അഗതി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്.

(iii) അഗതി കുടുംബങ്ങൾക്കായി തുറസായ കിണർ കുഴിക്കാവുന്നതാണ്.

*8.1.8* *വിദ്യാഭ്യാസം*

(i) അഗതി കുടുംബങ്ങളിൽ സ്ക്കൂളിൽ ചേരാത്ത കുട്ടികളുണ്ടെങ്കിൽ അവരെ കണ്ടെത്തി എല്ലാവരെയും സ്ക്കൂളിൽ പ്രവേശിപ്പിക്കുന്നതിന് നടപടി സ്വീകരിക്കണം.

(ii) വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്ക്കൂളിൽ ചേർക്കാൻ നടപടി സ്വീകരിക്കുന്നതിലൂടെ അഗതി കുടുംബങ്ങളിലെ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ കുട്ടികളും വിദ്യാഭ്യാസം ചെയ്യുന്നുവെന്ന് ഉറപ്പു വരുത്തണം.

(iii) അഗതി കുടുംബങ്ങളിലെ സ്ക്കൂൾ കുട്ടികൾക്ക് ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം, കുട, ചെരുപ്പ്, സ്ക്കൂൾ ബാഗ് മുതലായവ ലഭ്യമാക്കുന്നതിനുള്ള സഹായങ്ങൾ വ്യക്തികളൊ

സംഘടനകളൊ ഏർപ്പെടുത്തുന്ന സ്പോൺസർഷിപ്പിലൂടെ കണ്ടെത്തുന്നതിന് ശ്രമിക്കണം.

(iv) അഗതി കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്താവുന്നതാണ്. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പ് (Support Group) ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ തലത്തിൽ രൂപീകരിക്കാവുന്നതാണ്. ഇതിനാവശ്യമായ സംഘാടന ചെലവ് കുടുംബശ്രീ അഗതി പുനരധിവാസ ഫണ്ടിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഓണറേറിയം അനുവദിക്കുവാൻ പാടില്ല.

*8.1.9 സാമൂഹ്യമായ ഒറ്റപ്പെടൽ*

(i) അഗതി കുടുംബങ്ങളിലെ അംഗങ്ങളെ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ നടപടി സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ (social exclusion) അവസാനിപ്പിക്കണം.

(ii) അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിട്ടറിംഗ് മുതലായ കാര്യങ്ങൾ അയൽക്കൂട്ടങ്ങളുടെ ചുമതലയിലായിരിക്കണം.

(iii) അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗരസമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ, ബോധവല്ക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവ്വെ എന്നിവ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികളുടെ പങ്കാളിത്തത്തോടെ തദ്ദേക സ്ഥാപനങ്ങൾ സംഘടിപ്പിക്കണം.

(iv) അഗതി കുടുംബങ്ങളിലെ അംഗങ്ങളുടെ സർഗ്ഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റ് വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുള്ള ആത്മബലം നല്കുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നടപടി സ്വീകരിക്കാവുന്നതാണ്.

(v) അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മനഃശാസ്ത്രജ്ഞരുടെയും വിദഗ്ദ്ധരുടെയും പ്രൊഫഷണൽ ഉപദേശാനുസരണം തദ്ദേശഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ് പൊതുവിഭാഗം പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

9. ആശ്രയ പ്രോജക്ടുകൾ പരിശോധിക്കന്നതിന് ജില്ലാ ആസൂത്രണ സമിതി തലത്തിൽ ഒരു പ്രത്യേക സംവിധാനം ഏർപ്പെടുത്തണം. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അംഗീകരിച്ച ആശ്രയ പ്രോജക്ടിന്റെ ഒരു പകർപ്പ് സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷന് അയച്ചു കൊടുത്ത്

പ്രോജക്ട് അടങ്കലിന്റെ 25 ശതമാനമോ 10 ലക്ഷം രൂപയോ ഏതാണോ കുറവ് ആ തുക സംസ്ഥാന പദ്ധതി വിഹിതത്തിൽ നിന്ന് ലഭ്യമാക്കുന്നതിന് നടപടി ആവശ്യപ്പെടേണ്ടതാണ്.

Annexure-2

വർക്കിംഗ് ഗ്രൂപ്പുകളുടെ കൺവീനർമാരായി നിർദ്ദേശിക്കുന്നവരുടെ പട്ടിക

| വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ |
|---|---|
| 1. ഗ്രാമപഞ്ചായത്ത് | |
| 1.1 നീർത്തട പിരപാലനം (കൃഷിയും അനുബന്ധമേഖലകളും ഉൾപ്പെടെ) | : കൃഷി ഓഫീസർ |
| 1.2 മൃഗസംരക്ഷണവും ബന്ധപ്പെട്ട മേഖലകളും | : വെറ്ററിനറി സർജൻ |
| 1.3 പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായങ്ങൾ, സ്വകാര്യ-സാമൂഹ്യ നിക്ഷേപങ്ങൾ തുടങ്ങിയവ) | : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1.4 ദാരിദ്ര്യ ലഘൂകരണം | : മെമ്പർ സെക്രട്ടറി, കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റി |
| 1.5 പട്ടികജാതി വികസനം | : വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1.6 വനിതകളുടെയും ശിശുക്കളുടെയും വികസനം | : ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1.7 ആരോഗ്യം, ജല വിതരണം, ശുചിത്വം | : മെഡിക്കൽ ഓഫീസർ(പ്രൈമറി ഹെൽത്ത് |

| | |
|---|---|
| | സെന്റർ)/ മെഡിക്കൽ ഓഫീസർ (ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി)/ മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പെൻസറി/ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1.8 വിദ്യാഭ്യാസം | : ഹെഡ്മാസ്റ്റർ (ലോവർ പ്രൈമറി സ്കൂൾ) |
| 1.9 അടിസ്ഥാന സൗകര്യങ്ങൾ | : സെക്രട്ടറി, ഗ്രാമപഞ്ചായത്ത്/ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ/ ലേഡി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| 1.10 സാമൂഹ്യ സുരക്ഷിതത്വം (വൃദ്ധജനങ്ങൾ, ശാരീരികവും മാനസികവുമായ വെല്ലുവിളികൾനേരിടുന്നവർ മുതലായവരുടെ ക്ഷേമം ഉൾപ്പെടെ) | : ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 1.11 പട്ടികവർഗ്ഗ വികസനം | : ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ സെക്രട്ടറി, ഗ്രാമപഞ്ചായത്ത് |
| 2. ബ്ലോക്ക് പഞ്ചായത്ത് | |
| 2.1 നീർത്തട പരിപാലനം (കൃഷിയും അനുബന്ധമേഖലകളും ഉൾപ്പെടെ) | : അസിസ്റ്റന്റ് ഡയറക്ടർ, കൃഷി |
| 2.2 മൃഗസംരക്ഷണവും ബന്ധപ്പെട്ട മേഖലകളും | : അസിസ്റ്റന്റ് ഡയറക്ടർ/ സീനിയർ വെറ്റിനറി സർജൻ/ഡയറി എക്സ്റ്റൻഷൻ ഓഫീസർ |
| 2.3 പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായങ്ങൾ, സ്വകാര്യ-സാമൂഹ്യ നിക്ഷേപങ്ങൾ തുടങ്ങിയവ) | : സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത്/ ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ |

| വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ |
|---|---|
| 2.4 ദാരിദ്ര്യ ലഘൂകരണം | : സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 2.5 പട്ടികജാതി വികസനം | : പട്ടികജാതി വികസന ഓഫീസർ |
| 2.6 വനിതകളുടെയും ശിശുക്കളുടെയും വികസനം | : സി.ഡി.പി.ഒ. |
| 2.7 ആരോഗ്യം, ജലവിതരണം, ശുചിത്വം | : മെഡിക്കൽ ഓഫീസർ (കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ)/ മെഡിക്കൽ ഓഫീസർ (ആയുർവേദ ഡിസ്പെൻസറി/ ആശുപത്രി)/ മെഡിക്കൽ ഓഫീസർ (ഹോമിയോ ഡിസ്പെൻസറി) സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 2.8 വിദ്യാഭ്യാസം | : സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 2.9 അടിസ്ഥാന സൗകര്യങ്ങൾ | : സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 2.10 സാമൂഹ്യസുരക്ഷിതത്വം (വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾനേരിടുന്നവർ മുതലായവരുടെ ക്ഷേമം ഉൾപ്പെടെ) | : സി.ഡി.പി.ഒ. |
| 2.11 പട്ടികവർഗ്ഗ വികസനം | : ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ/ |

| | |
|---|---|
| | സെക്രട്ടറി, ബ്ലോക്ക് പഞ്ചായത്ത് |
| 3. ജില്ലാ പഞ്ചായത്ത് | |
| 3.1 നീർത്തട പരിപാലനം (കൃഷിയും അനുബന്ധമേഖലകളും ഉൾപ്പെടെ) | : പ്രിൻസിപ്പൽ കൃഷി ഓഫീസർ |
| 3.2 മൃഗസംരക്ഷണവും ബന്ധപ്പെട്ട മേഖലകളും | : ജില്ലാ മൃഗസംരക്ഷണ ഓഫീസർ/ ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീര വികസനം |
| 3.3 പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായങ്ങൾ, സ്വകാര്യ-സാമൂഹ്യ നിക്ഷേപങ്ങൾ തുടങ്ങിയവ) | : അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)/ ജനറൽ മാനേജർ, ജില്ലാ വ്യവസായ കേന്ദ്രം |
| 3.4 ദാരിദ്ര്യ ലഘൂകരണം | : ജില്ലാ മിഷൻ കോർഡിനേറ്റർ, കുടുംബശ്രീ |
| 3.5 പട്ടികജാതി വികസനം | : ജില്ലാ പട്ടികജാതി വികസന ഓഫീസർ |
| 3.6 വനിതകളുടെയും ശിശുക്കളുടെയും വികസനം | : ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം |
| 3.7 ആരോഗ്യം, ജല വിതരണം, ശുചിത്വം | : ജില്ലാ മെഡിക്കൽ ഓഫീസർ (അലോപ്പതി)/ ജില്ലാ മെഡിക്കൽ ഓഫീസർ (ആയുർവേദം)/ ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ)/ അസിസ്റ്റന്റ് ഡെവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ) |
| 3.8 വിദ്യാഭ്യാസം | : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം |
| 3.9 അടിസ്ഥാന സൗകര്യങ്ങൾ | : സെക്രട്ടറി, ജില്ലാ പഞ്ചായത്ത് |

| വർക്കിംഗ് ഗ്രൂപ്പ് | കൺവീനർ |
|---|---|
| 3.10 സാമൂഹ്യസുരക്ഷിതത്വം (വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾനേരിടുന്നവർ മുതലായവരുടെ ക്ഷേമം ഉൾപ്പെടെ) | : ജില്ലാ പ്രോഗ്രാം ഓഫീസർ, സാമൂഹ്യക്ഷേമം |
| 3.11 പട്ടികവർഗ്ഗ വികസനം | : ട്രൈബൽ ഡെവലപ്പ്മെന്റ് ഓഫീസർ/ പ്രോജക്ട് ഓഫീസർ, ഐ.ടി.ഡി.പി |
| 4. മുനിസിപ്പാലിറ്റി/കോർപ്പറേഷൻ | |
| 4.1 നീർത്തട പരിപാലനം (കൃഷിയും അനുബന്ധ മേഖലകളും ഉൾപ്പെടെ) | : കൃഷി ഓഫീസർ/ അസിസ്റ്റന്റ് ഡയറക്ടർ/ ഡെപ്യൂട്ടി ഡയറക്ടർ, കൃഷി |
| 4.2 മൃഗസംരക്ഷണവും ബന്ധപ്പെട്ട മേഖലകളും | : വെറ്ററിനറി സർജൻ/ സീനിയർ വെറ്ററിനറി സർജൻ/ ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം |
| 4.3 പ്രാദേശിക സാമ്പത്തിക വികസനം (ചെറുകിട വ്യവസായങ്ങൾ, സ്വകാര്യ-സാമൂഹ്യ നിക്ഷേപങ്ങൾ തുടങ്ങിയവ) | : ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ/ സെക്രട്ടറി, മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ |
| 4.4 ദാരിദ്ര്യ ലഘൂകരണം | : പ്രോജക്ട് ഓഫീസർ, നഗരദാരിദ്ര്യ നിർമ്മാർജ്ജന സെൽ |

| | |
|---|---|
| 4.5 പട്ടികജാതി വികസനം | : പട്ടികജാതി വികസന ഓഫീസർ |
| 4.6 വനിതകളുടെയും ശിശുക്കളുടെയും വികസനം | : അസിസ്റ്റന്റ് സി.ഡി.പി.ഒ. |
| 4.7 ആരോഗ്യം, ജല വിതരണം, ശുചിത്വം | : മെഡിക്കൽ ഓഫീസർ (താലൂക്ക് ആശുപത്രി)/ മെഡിക്കൽ ഓഫീസർ (ആയൂർവേദഡിസ്പെൻസറി/ആശുപത്രി) മെഡിക്കൽ ഓഫീസർ(ഹോമിയോ ഡിസ്പെൻസറി)/ ഹെൽത്ത് ഓഫീസർ, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
| 4.8 വിദ്യാഭ്യാസം | : ഡെപ്യൂട്ടി ഡയറക്ടർ, വിദ്യാഭ്യാസം/ ഹെഡ്മാസ്റ്റർ, ഹൈസ്ക്കൂൾ/ പ്രിൻസിപ്പൽ, ഹയർസെക്കണ്ടറി സ്ക്കൂൾ |
| 4.9 അടിസ്ഥാന സൗകര്യങ്ങൾ | : സെക്രട്ടറി, മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
| 4.10 സാമൂഹ്യസുരക്ഷിതത്വം (വൃദ്ധജനങ്ങൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾനേരിടുന്നവർ മുതലായവരുടെ ക്ഷേമം ഉൾപ്പെടെ) | : അസിസ്റ്റന്റ് സി.ഡി.പി.ഒ. |
| 4.11 പട്ടികവർഗ്ഗ വികസനം | : ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ/ സെക്രട്ടറി, മുനിസിപ്പാലിറ്റി |

---

Annexure-3

## പട്ടികവർഗ്ഗ ഉപപദ്ധതിയിലെ പരിചരണ സേവനങ്ങളുടെ പാക്കേജ്

1. പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് കുറഞ്ഞത് 50 ശതമാനം തുക പാവപ്പെട്ടവരിൽ പാവപ്പെട്ടവരായ പട്ടികവർഗ്ഗക്കാരുടെ പരിചരണ സേവനങ്ങളുടെ പാക്കേജിന് വകയിരുത്തേണ്ടതാണെന്ന് 31.05.2003–ലെ ജി.ഒ.(എം.എസ്) 54/2003/പ്ലാനിംഗ് നമ്പർ സർക്കാർ ഉത്തരവിൽ നിർദ്ദേശിക്കുന്നു. ഇതിനർഹരായ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ ആശ്രയ പ്രോജക്ടിന് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ഊരുക്കൂട്ടങ്ങൾ കണ്ടെത്തണം.
2. അർഹരായ പട്ടികവർഗ്ഗ അഗതികൾക്ക് ചുവടെ വിവരിക്കുന് പരിചരണ സേവനങ്ങളുടെ പാക്കേജ് നല്കാവുന്നതാണ്.

*2.1 ഭക്ഷണം*

2.1.1. 65 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ അഗതികൾക്കും അന്നപൂർണ്ണ പദ്ധതി പ്രകാരം ഭക്ഷ്യധാന്യം സൗജന്യമായി നല്കണം

2.1.2 പെൻഷനോ മറ്റ് യാതൊരു വരുമാന മാർഗ്ഗമോ ഇല്ലാത്ത, കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക്, അന്ത്യോദയ അന്ന യോജന പരിപാടി പ്രകാരം ഭക്ഷ്യധാന്യം വിതരണം ചെയ്യണം. ഭക്ഷ്യധാന്യം നല്കുന്നതിനാവശ്യമായ തുക പട്ടികവർഗ്ഗ ഉപപദ്ധതിയിൽ വിഹിതത്തിൽ നിന്നും

പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ റേഷൻ കാർഡ് രജിസ്റ്റർ ചെയ്തിട്ടുള്ള പൊതുവിതരണ കേന്ദ്രത്തിൽ (റേഷൻ ഷോപ്പിൽ) നേരിട്ട് ഒടുക്കേണ്ടതാണ്.

2.1.3 എസ്.ജി.ആർ.വൈ. പോലെയുള്ള ഫുഡ് ഫോർ വർക്ക് പരിപാടികളിൽ പട്ടികവർഗ്ഗ കുടുംബങ്ങളിലെ അഗതികളെ പ്രത്യേക പരിഗണന നല്കി പങ്കെടുപ്പിച്ച് തൊഴിൽ നല്കുന്നതിലൂടെ വേതനം ലഭിക്കുന്ന തൊഴിലും ഭക്ഷ്യധാന്യങ്ങളുടെ വിതരണവും ഉറപ്പു വരുത്തണം.

2.1.4 പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കുന്ന ഫുഡ് സപ്പോർട്ട് പ്രോഗ്രാമിലൂടെയുള്ള ഭക്ഷ്യധാന്യ വിതരണം പട്ടികവർഗ്ഗ കുടുംബശ്രീ അയൽക്കൂട്ട ശൃംഖല മുഖേന ആയിരിക്കണം.

2.1.5 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ, ദീർഘകാലമായി രോഗബാധിതർ, നിത്യരോഗികൾ, വളരെയോറെ, പ്രായമുള്ളവർ എന്നിവർ മാത്രവും ഭക്ഷണവും പാചകം ചെയ്യാൻ ശേഷിയുള്ള ഒരാൾ പോലും ഇല്ലാത്തതും ആയ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് അങ്കണവാടികളിലൂടെ ഭക്ഷണം വിതരണം ചെയ്യണം. ഈ ചുമതല കുടുംബശ്രീയുടെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളെയും ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികളെയും ഏല്പിക്കാവുന്നതാണ്. ഈ വിഭാഗത്തിലെ അഗതികൾക്ക് ഭക്ഷണം പാചകം ചെയ്ത് വിതരണം ചെയ്യുന്നതിനുള്ള ചെലവ് തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്ന് വഹിക്കാവുന്നതാണ്. അപ്രകാരം ഒരു മാസം ഭക്ഷണം പാചകം ചെയ്ത് നല്കുന്നതിനാവശ്യമായ തുക ഏരിയാ ഡെവലപ്പ്മെന്റ് സൊസൈറ്റികൾക്ക് മുൻകൂറായി നല്കാവുന്നതാണ്.

*2.2 ആരോഗ്യ സുരക്ഷ*

2.2.1 ക്ഷയം, കുഷ്ഠം, ക്യാൻസർ, എയ്ഡ്സ്, ഹൃദ്രോഗം, വൃക്ക/മസ്തിഷ്ക സംബന്ധമായ രോഗങ്ങൾ തുടങ്ങിയവയ്ക്ക് ഇരയായിട്ടുള്ള അഗതികളുടെ ചികിത്സയ്ക്കായി കൈമാറ്റം ചെയ്തിട്ടുള്ള ആശുപത്രികളിൽ ലഭ്യമായ സേവനം പ്രയോജനപ്പെടുത്തണം. ഇതിനായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രത്യേക നടപടി സ്വീകരിക്കണം.

2.2.2 മുകളിൽ പ്രതിപാദിച്ച വിഭാഗത്തിലെ രോഗികളുടെ ചികിത്സയ്ക്ക് മെഡിക്കൽ കോളേജുകളിലും ജില്ലാ/ജനറൽ ആശുപത്രികളിലും ലഭ്യമായ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവനവും പ്രയോജനപ്പെടുത്തേണ്ടതാണ്. ഇതിനുവേണ്ടി പ്രത്യേക മെഡിക്കൽ ക്യാമ്പുകൾ സംഘടിപ്പിക്കാവുന്നതും ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതുമാണ്.

2.2.3 ആധുനിക സൗകര്യങ്ങളുള്ള സ്വകാര്യ ആശുപത്രികളെക്കൊണ്ട് രോഗബാധിതരായ അഗതികളുടെ ചികിത്സ സൗജന്യമായി സ്പോൺസർ ചെയ്യിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശ്രമിക്കേണ്ടതാണ്.

2.2.4 പ്രധാനമന്ത്രിയുടെ/മുഖ്യമന്ത്രിയുടെ/പിന്നോക്ക–പട്ടികസമുദായ ക്ഷേമ വകുപ്പു മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും പട്ടികവർഗ്ഗ അഗതികൾക്ക് ചികിത്സാ സഹായം ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.

2.2.5 പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ രോഗികൾക്ക് ആവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാക്കണം. അതിന് പ്രാഥമികാരോഗ്യ കേന്ദ്രം/ഇതര സർക്കാർ ആശുപത്രികൾ എന്നിവടങ്ങളിൽ ലഭ്യമായ ഫണ്ട് ഉപയോഗിക്കാവുന്നതാണ്.

ആവശ്യമെങ്കിൽ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതവും വിനിയോഗിക്കാവുന്നതാണ്. ഈ പ്രക്രിയയിൽ സുതാര്യത ഉറപ്പു വരുത്തുന്നതിന് ആരോഗ്യ മേഖലയിലെ വിദഗ്ദ്ധർ അടങ്ങുന്ന ഒരു ടെക്നിക്കൽ കമ്മിറ്റി ആവശ്യമായ മരുന്നുകൾ ഏത് എന്ന് നിശ്ചയിക്കേണ്ടതും അവ വാങ്ങി രോഗികൾക്ക് നേരിട്ട് നല്കേണ്ടതുമാണ്. രോഗികൾക്ക് യഥാസമയം കൃത്യമായി മരുന്നുകൾ ലഭിക്കുന്നുവെന്ന് പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങൾ ഉറപ്പു വരുത്തേണ്ടതാണ്.

2.2.6 പരോപകാരതല്പരരായ വ്യക്തികളെയും ധർമ്മസ്ഥാപനങ്ങളെയും പട്ടികവർഗ്ഗ അഗതികളുടെ ചികിത്സാവശ്യങ്ങൾ സ്പോൺസർ ചെയ്യുവാൻ പ്രേരിപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സ്പോൺസർമാരെ കണ്ടെത്തുന്നതിന് ആവശ്യമായ പ്രചാരണ പ്രവർത്തനങ്ങൾ, സെമിനാറുകൾ മുതലായവ സംഘടിപ്പിക്കാവുന്നതാണ്.

2.2.7 തദ്ദേശഭരണ സ്ഥാപനതലത്തിൽ സന്നദ്ധ സേവന തല്പരരായ ആതുര ശുശ്രൂഷാ പ്രവർത്തകരുടെ ഒരു സമിതി രൂപീകരിക്കുകയും പട്ടികവർഗ്ഗ അഗതികൾ നേരിടുന്ന ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് അവരുടെ സേവനം ലഭ്യമാക്കുകയും ചെയ്യാവുന്നതാണ്.

2.3 *ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് ആശ്വാസം നല്കൽ*

2.3.1 ഇന്ദിരാ ആവാസ് യോജന, സമ്പൂർണ്ണ ഗ്രാമീൺ റോസ്ഗാർ യോജന മുതലായ കേന്ദ്രാവിഷ്കൃത പരിപാടികളിലെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിച്ച് നടപ്പാക്കുന്ന പരിപാടികൾ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർ ഉള്ള പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്ക് മുൻഗണന നല്കി നടപ്പാക്കേണ്ടതാണ്.

2.3.2 പട്ടികവർഗ്ഗ അഗതികൾക്ക്, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈന്റഡ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെ തൊഴിൽ വൈദഗ്ദ്ധ്യ പരിശീലനം നല്കുവാനുള്ള പ്രോജക്ടുകൾ പ്രോത്സാഹിപ്പിക്കണം.

2.3.3 പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്നവർക്ക് തൊഴിൽ നല്കുന്നതിനു വേണ്ടിയുള്ള പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രോത്സാഹിപ്പിക്കേണ്ടതാണ്.

2.3.4 ശാരീരികവും മാനസികവുമായ വെല്ലുവിളികൾ നേരിടുന്ന പട്ടികവർഗ്ഗക്കാരുടെ തൊഴിലധിഷ്ഠിത പ്രോജക്ടുകൾക്ക് കേന്ദ്ര/സംസ്ഥാന സോഷ്യൽ വെൽഫയർ അഡ്വൈസറി ബോർഡിൽ നിന്ന് സാമ്പത്തിക സഹായം ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കേണ്ടതാണ്.

2.4 *പട്ടികവർഗ്ഗ അഗതികളിൽ അർഹരായവർക്ക് വാർദ്ധക്യകാല പെൻഷനും മറ്റു പെൻഷനുകളും അനുവദിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉയർന്ന മുൻഗണന നല്കണം.*

*2.5 കിടപ്പാടം*

2.5.1 ഭൂരഹിതരായ എല്ലാ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്കും വീട് വയ്ക്കുവാൻ ഭൂമി നല്കണം. അതിനുശേഷം മാത്രമെ തദ്ദേശഭരണ സ്ഥാപനങ്ങൾ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റു പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഈ ആവശ്യത്തിന് ഭൂമി നല്കുവാൻ പാടുള്ളൂ. ഇതിന് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം വിനിയോഗിക്കാവുന്നതാണ്.

2.5.2 പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തിയും പുനരധിവാസ പരിപാടി ഏറ്റെടുക്കാവുന്നതാണ്.

2.5.3 പട്ടികവർഗ്ഗ അഗതി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഗ്രാമപ്രദേശങ്ങളിൽ 3 സെന്റിൽ കുറയാതെയും നഗരപ്രദേശങ്ങളിൽ 1 1/2 സെന്റിൽ കുറയാതെയും ഭൂമി ഗുണഭോക്താക്കൾ തന്നെ കണ്ടെത്തേണ്ടതാണ്. ഭൂമിയുടെ യഥാർത്ഥ വിലയോ, ഗ്രാമപ്രദേശങ്ങളിൽ 19,500 രൂപ, മുനിസിപ്പാലിറ്റികളിൽ 20,000 രൂപ കോർപ്പറേഷനുകളിൽ 25,000 രൂപ എന്ന പരിധിക്ക് വിധേയമായ തുകയോ ഇതിൽ ഏതാണോ കുറവ് അത് ഭൂവുടമയ്ക്ക് നേരിട്ട് നല്കാവുന്നതാണ്.

*2.6 പാർപ്പിടം*

ഭവനരഹിതരും വീട് നിർമ്മിക്കുവാൻ ആവശ്യത്തിന് ഭൂമിയുള്ളവരുമായ എല്ലാ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾക്കും ഭവന നിർമ്മാണ സഹായം മുൻഗണനയുടെ അടിസ്ഥാനത്തിൽ നല്കിയ ശേഷം മാത്രമെ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മറ്റ് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് വീട് നല്കുന്ന കാര്യം പരിഗണിക്കേണ്ടതുള്ളൂ.

*2.7 കുടിവെള്ളം*

2.7.1 നിലവിലുള്ള കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ വീടുകൾക്ക് ഏറ്റവും സമീപത്തായി പബ്ലിക് സ്റ്റാന്റ് പോസ്റ്റ് സ്ഥാപിക്കേണ്ടതാണ്.

2.7.2 പട്ടികവർഗ്ഗ സങ്കേതങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന കുടിവെള്ള പ്രോജക്ടുകൾ പട്ടികവർഗ്ഗ ഉപപദ്ധതി പ്രകാരം ആരംഭിക്കേണ്ടതാണ്.

2.7.3 പുതുതായി ആരംഭിക്കുന്ന കുടിവെള്ള പ്രോജക്ടുകളിൽ പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ കൂടുതലുള്ള പ്രദേശങ്ങൾക്ക് മുൻഗണന നല്കേണ്ടതാണ്.

2.7.4 പട്ടികവർഗ്ഗ സങ്കേതങ്ങളിൽ തുറസായ കിണർ കുഴിക്കാവുന്നതാണ്.

*2.8 വിദ്യാഭ്യാസം*

2.8.1 സ്ക്കൂൾ വർഷം ആരംഭിക്കുന്നതിന് മുമ്പ് തന്നെ ഓരോ ഊരിലും സർവ്വെ നടത്തി സ്ക്കൂളിൽ ചേർന്നിട്ടില്ലാത്ത പട്ടികവർഗ്ഗ കുട്ടികളെ കണ്ടെത്തി അവരെ സ്ക്കൂളിൽ ചേർക്കുന്നതിന് നടപടി സ്വീകരിക്കണം.

2.8.2 വിദ്യാഭ്യാസം ഉപേക്ഷിച്ചവരെ വീണ്ടും സ്ക്കൂളിൽ ചേർക്കാൻ ശ്രമങ്ങൾ നടത്തുന്നതിലൂടെ 18 വയസ്സിൽ താഴെ പ്രായമുള്ള എല്ലാ പട്ടികവർഗ്ഗ കുട്ടികളും അവരുടെ കുടുംബസ്ഥിതി പരിഗണിക്കാതെ തന്നെ വിദ്യാഭ്യാസം തുടരുന്നുവെന്ന് ഉറപ്പു വരുത്തണം.

2.8.3 പ്രീമെട്രിക് ഹോസ്റ്റലിൽ ചേർന്ന് പഠിക്കുവാൻ സൗകര്യം ലഭിക്കാത്ത പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെതുൾപ്പെടെയുള്ള എല്ലാ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കും ആവശ്യമായ പഠനോപകരണങ്ങൾ, യൂണിഫോം മുതലായവ തദ്ദേശഭരണ സ്ഥാപനത്തിന്റെ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതം ഉപയോഗിച്ച് വിതരണം ചെയ്യേണ്ടതാണ്. ഈ പാക്കേജ് പ്രകാരം നല്കാവുന്ന ധനസഹായത്തിന്റെ നിരക്ക് ചുവടെ നല്കുന്നു.:-

| ഇനം | വാർഷിക അലവൻസിന്റെ പരിധി(രൂപ) |
|---|---|
| (a) സ്ക്കൂൾ യൂണിഫോം വാങ്ങുന്നതിന് | |
| (i) ലോവർ പ്രൈമിറി വിദ്യാർത്ഥികൾക്ക് | : 500 |
| (ii) അപ്പർ പ്രൈമിറ വിദ്യാർത്ഥികൾക്ക് | : 600 |
| (iii) ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് | : 800 |
| (b) നോട്ട് ബുക്ക്, സ്റ്റേഷനറി മുതലായവ വാങ്ങുന്നതിന് | |

| | | |
|---|---|---|
| | (i) ലോവർ പ്രൈമിറി വിദ്യാർത്ഥികൾക്ക് | : 200 |
| | (ii) അപ്പർ പ്രൈമിറ വിദ്യാർത്ഥികൾക്ക് | : 250 |
| | (iii) ഹൈസ്ക്കൂൾ വിദ്യാർത്ഥികൾക്ക് | : 400 |
| (c) | കുട, ചെരുപ്പ്/ഷൂസ്, സ്ക്കൂൾ ബാഗ്, പെൻസിൽ പേന എന്നിവ അടങ്ങിയ കിറ്റ് : എല്ലാ സ്റ്റാൻഡേർഡുകളിലെയും വിദ്യാർത്ഥികൾക്ക് | : 500 |

2.8.4 മുകളിൽ വിവരിച്ചിട്ടുള്ള വിദ്യാഭ്യാസ ധനസഹായം ഗ്രാമപഞ്ചായത്തുകളും നഗരസഭാ സ്ഥാപനങ്ങളും മാത്രമെ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് നല്കേണ്ടതുള്ളൂ.

2.8.5 പട്ടികവർഗ്ഗ കുടുംബങ്ങളിലെ എല്ലാ വിദ്യാർത്ഥികളുടെയും പഠന നിലവാരം ഉയർത്താൻ പ്രത്യേക കോച്ചിംഗ് ഏർപ്പെടുത്തണം. ഇതിനായി യോഗ്യതയുള്ള ബിരുദധാരികൾ, കോളേജ് വിദ്യാർത്ഥികൾ, അദ്ധ്യാപകർ, സാക്ഷരതാ പ്രേരക്മാർ മുതലായവരെ ഉൾപ്പെടുത്തി ഒരു സപ്പോർട്ട് ഗ്രൂപ്പിന്റെ സംഘടന ചെലവ് പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ നിന്നും വഹിക്കാവുന്നതാണ്. എന്നാൽ ഈ ആവശ്യത്തിന് ഓണറേറിയം കൊടുക്കുവാൻ പാടില്ല.

*2.9 സാമൂഹ്യമായ ഒറ്റപ്പെടൽ*

2.9.1 പട്ടികവർഗ്ഗ അഗതി കുടുംബങ്ങളിലെ അംഗങ്ങളെ പട്ടികവർഗ്ഗ അയൽക്കൂട്ടങ്ങളിൽ ഉൾപ്പെടുത്തുവാൻ കമ്മ്യൂണിറ്റി ഡെവലപ്പ്മെന്റ് സൊസൈറ്റികൾ നടപടി സ്വീകരിക്കണം. അപ്രകാരം അവരുടെ സാമൂഹ്യമായ ഒറ്റപ്പെടൽ അവസാനിപ്പിക്കണം.

2.9.2 പട്ടികവർഗ്ഗ അഗതി കുടുംബങ്ങളുടെ പുനരധിവാസ പ്രവർത്തനങ്ങളുടെ നിർവഹണം, മേൽനോട്ടം, മോണിട്ടറിംഗ് മുതലായവ ബന്ധപ്പെട്ട ഊരുക്കൂട്ടങ്ങളുടെ ചുമതലയാണ്.

2.9.3 പട്ടികവർഗ്ഗ അഗതി കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ പൗര സമൂഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനുള്ള ശ്രമങ്ങൾ, ബോധവൽക്കരണ പ്രവർത്തനങ്ങൾ, അഗതികളെ കണ്ടെത്തുന്നതിനുള്ള സർവ്വെ എന്നിവ ഊരുക്കൂട്ടങ്ങളുടെ പങ്കാളിത്തത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ ഏറ്റെടുക്കേണ്ടതാണ്.

2.9.4 പട്ടികവർഗ്ഗ അഗതികളുടെ സർഗ്ഗവാസന വികസിപ്പിക്കുന്നതിനും അവരുടെ ശേഷി വർദ്ധിപ്പിക്കുന്നതിനും സമൂഹത്തിലെ മറ്റു വിഭാഗങ്ങൾക്കൊപ്പം ഇടപഴകുന്നതിനുള്ള ആത്മബലം നല്കുന്നതിനും അനുയോജ്യമായ കൗൺസിലിംഗ് സംഘടിപ്പിക്കുവാൻ തദ്ദേശഭരണ സ്ഥാപനങ്ങൾ നടപടി സ്വീകരിക്കണം.

2.9.5 പട്ടികവർഗ്ഗ അഗതികളുടെ മാനസിക ശാരീരിക കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് ആവശ്യമായ പരിശീലനങ്ങൾ മനഃശാസ്ത്രജ്ഞരുടെയും വിദഗ്ദ്ധരുടെയും പ്രൊഫഷണൽ ഉപദേശാനുസരണം സംഘടിപ്പിക്കേണ്ടതാണ്. അതിന്റെ ചെലവ പട്ടികവർഗ്ഗ ഉപപദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്താവുന്നതാണ്.

****************